# NEW VISION FOR A CHANGING WORLD

Vol.1 Issue 12 August 2001



## NEW VISION FOR A CHANGING WORLD


***Editorial Board***

**Prof. Mathew Koshy**

Chief Editor, New Vision,
Punnackad, Kozhencherry-689 652
☎/Fax:0473-314068, e-mail: kosh@md3.vsnl.net.in.

**Rev.Prof. K.C. Mathew**

Manager & Publisher, New Vision,
Manganam,Kottayam-686 018
☎0481-351841, e-mail: mandiram@md4.vsnl.net.in.
Fax : 0481-574987

**Rev. A.C. Oommen,Kaviyoor**

☎ 0473-620187

**Rev. Dr. A.T.Abraham, Muvattupuzha**

☎ 0485-835120

**Rev. Dr. K.V. Mathew,Kottayam**

☎ 0481-573795

**Mr. M.Kurian,Manganam**

☎ 0481-578599

**Mr. Mathew P. Idicula, Chicago**

☎/Fax: 630-986-1195
e-mail: roychicago@hotmail.com

**Prof. Zachariah Mathew, Kottayam**

☎ 0481-566135

***Advisory Board***

Rt. Rev. T.B.Benjamin,Kottayam▪ Rt.Rev. K.Michael John, Melukavu▪ Rt.Rev. Dr.Isaac Mar Philexinos,New Delhi▪ Rt.Rev.Geevarughese Mar Osthathiose, Parumala▪ Rt.Rev. Dr. Thomas Mar Athanasius, Muvattupuzha▪ Rev. Dr. E.C. John,Bangalore▪ Fr.Dr.K.M. George, Kottayam▪ Rev. Kurian Thomas. Mallappally▪ Rev.Thomas K. Oommen, Mavelikara▪ Fr. A.P. George,Mulamthuruthy▪ Rev. Prof. Mathew Daniel, Kozhencherry▪ Rev. Shajan Idicula, Trivandrum▪ Prof. Philip N.Thomas, Tiruvalla▪ Prof. Mammen Varkey, Mavelikara▪ Mr. C. John Mathai, Kottayam▪ Mr. M.M. Yobel, Kottayam▪ Mr. Paul Manalil, Kottayam▪ Ms. Sara K.A.Mathew, Ernakulam▪ Mr.Sunil George Kurian, Trivandrum▪ Adv. K.I. Ninan, Aymanam▪ Ms. Accamma Paul, Mavelikara▪ Mr. J.T. Wattachanackal, Chicago▪ Fr. Dr.George Mathew Nalumnakkal, Nagpur▪ Prof. T.K. Thomas, Bangalore.

***Representative in Tamilnadu***

Mr. C.J. Rajan, 25 Razak Gardens,8-Cross Street,
Arumbakkam, Chennai-106

***Co-ordinators in USA***

Mr.John K. Mathew, Texas
Mr. Koshy George.,NewYork
Dr.George Joseph,Chicago
Dr.Thomas Koshy, Boston

***Contact address in USA & Canada***

New Vision, 16W, 684-89th Place,
Hinsadale, IL,60521 USA
☎/Fax: 630 986 1195
e-mail: roychicago@hotmail.com


## വായനക്കാർ ദയവായി ശ്രദ്ധിക്കുക

**'NEW VISION FOR A CHANGING WORLD'**

is a monthly ecumenical publication of a public charitable Trust called Nava Darshan Trust registered in 1999. This periodical, originally started in 1992 as a bimonthly entitled 'NEW VISION', has become a monthly from February 2001. It serves as a forum for exchange of views and interaction as well as a source of fresh thinking and inspiration for enlightened action. The magazine is supported solely by the voluntary contributions of its readers. Your contributions- intellectual and financial- are earnestly solicited.

മാസിക തപാലിൽ എല്ലാ മാസവും ഒന്നാം തീയതി നിങ്ങളുടെ പക്കൽ എത്തിച്ചേരാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. നിങ്ങളുടെ വിലാസത്തിൽ വരുന്ന മാറ്റങ്ങൾ എത്രയും വേഗം മാനേജരെ അറിയിക്കേണ്ടതാണ്. വരിസംഖ്യ നേരിട്ടോ മണിയോർഡർ/ഡി.ഡി മുഖേനയോ കൃത്യമായി എത്തിച്ചുതരാൻ ഉത്സാഹിക്കുമല്ലോ. ചെക്ക് അയയ്ക്കുന്നവർ സർവീസ് ചാർജ്ജ് ഇനത്തിൽ 15 രൂപ കൂടെ ചേർത്തുവേണം അയയ്ക്കാൻ.

### ഒരറിയിപ്പ്

നിലവിലുള്ള അംഗങ്ങൾക്ക് വരിസംഖ്യ പുതുക്കുന്നതിനും പുതുതായി ചേരുന്നവർക്ക് വരിസംഖ്യ ഒടുക്കുന്നതിനും താഴെപ്പറയുന്ന സ്ഥലങ്ങളിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്.

- ക്രൈസ്തവ സാഹിത്യസമിതി (CSS)
  കുരിശുകവല, തിരുവല്ല
- ഇവാഞ്ചലിക്കൽ ലിറ്ററച്ചർ സൊസൈറ്റി (ELS)
  കേശവദാസപുരം, തിരുവനന്തപുരം

### വരിസംഖ്യ

| | | |
|---|---|---|
| ഒരു വർഷത്തേക്ക് | : | 75/-രൂപ |
| രണ്ടു വർഷത്തേക്ക് | : | 140/-രൂപ |
| മൂന്നു വർഷത്തേക്ക് | : | 200/-രൂപ |

സഭാശുശ്രൂഷകർക്ക് ഒരു വർഷത്തേക്ക് 60/- രൂപ മാത്രം

*പണം അയയ്ക്കേണ്ട വിലാസം:-*

മാനേജർ, ന്യൂ വിഷൻ, മാങ്ങാനം, കോട്ടയം- 686 018.
☎0481-578841
e-mail: mandiram@md4.vsnl.net.in
Fax : 0481-574987

ooo

*പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങളും പ്രതികരണങ്ങളും അയയ്ക്കേണ്ട വിലാസം:-*

ചീഫ് എഡിറ്റർ, ന്യൂ വിഷൻ, പുന്നയ്ക്കാട്
കോഴഞ്ചേരി-689 652.
☎/Fax: 0473-314068. e-mail: kosh@md3.vsnl.net.in

### പരസ്യനിരക്കുകൾ

| | Full Page | Half Page | Quarter Page |
|---|---|---|---|
| Back Cover (outside) | Rs. 2500 | Rs. 1500 | Rs. 800 |
| Back Cover (Inside) | Rs. 2000 | Rs. 1250 | Rs. 700 |
| Inner Pages | Rs. 1500 | Rs. 800 | Rs. 500 |

മൂന്നു പ്രാവശ്യം തുടർച്ചയായി കൊടുക്കുന്ന പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് അനുവദിക്കും. പണമിടപാടുകൾ മുൻകൂട്ടി നടത്തേണ്ടതാണ്.


***Page Layout***

Learners' Kottayam, 0481-567438

NEW VISION
FOR A CHANGING WORLD          Vol. 1          Issue 12          August 2001

## CONTENTS


- **Theology**
  **Cleanse the Temple** 2
  *Rev. Dr. Valson Thampu*
- **Biography**
  സാധു മത്തായിച്ചൻ 3
  *കെ. സി.*
- **Old Age Corner**
  വാർദ്ധക്യത്തിന്റെ നൊമ്പരങ്ങൾ 5
  *ഫാ. ഡോ. ഒ. തോമസ്*
- **Philosophy**
  ആർഷഭാരതസംസ്കാരവും.... 6
  *അരവിന്ദാക്ഷമേനോൻ*
- **Portrayal**
  അങ്കമാലി 7
  *ഫാദർജി*
- **Psychology**
  പരീക്ഷ ഉത്സവമാക്കു 9
  *ജോർജ് ബഹനാൻ*
- **Globalisation**
  **Impact of Globalisation** 10
- **Ecology**
  നിനക്കു ദീർഘായുസ്സുണ്ടാകുവാൻ 11
  *പ്രൊഫ. മാത്യുകോശി പുന്നയ്ക്കാട്*
- **Health**
  കാൻസറിനെ അറിയുക 13
  *ഡോ. മെറീന രാജൻ ജോസഫ്*
  കാൻസറുമായി യേശുവിനോടു.... 14
  *ബിഷപ് മാത്യു വട്ടക്കുഴി*
- **Literary Review**
  പാർശ്വചിന്തകൾ 15
  *ഡോ. സി. ജെ. റോയ്*
- **Current Affairs**
  നേപ്പാളിന്റെ യാതന 16
  *റവ. എ. സി. ഉമ്മൻ*
  സകലതും പവിത്രമാക്കുന്ന... "
  *ഡോ. ഡി. ബെഞ്ചമിൻ*
- **Religion**
  **The New Gospel** 17
  *K. C.*
  **Religious Freedom in Asia** 18
  *Susan Jacob*
- **News from here and there** 19
- പ്രതികരണങ്ങൾ 20


## EDITORIAL

# വനിതകൾക്കു വൈദികപട്ടം കൊടുക്കണോ

ക്രിസ്തുമതചരിത്രത്തിന് രണ്ടു സഹസ്രാബ്ദം പഴക്കമുണ്ടെങ്കിലും, കത്തോലിക്കാസഭയും മറ്റു പ്രധാന എപ്പിസ്കോപ്പൽ സഭകളും വനിതകളുടെ പ്രാതിനിധ്യത്തിനു വേണ്ടിയോ വനിതകൾക്കു വൈദികപട്ടം നല്കുന്നതിനോ ചെറുവിരൽപോലും അനക്കാൻ മടിച്ചു നില്ക്കുന്ന ദയനീയ ചിത്രമാണ് അവ നല്കുന്നത്. വിപ്ലവാത്മകമായ സന്ദേശവുമായി ലോകത്തിൽ അവതരിച്ച യേശുതമ്പുരാൻ തന്നേച്ചുപോയ മൗലികസന്ദേശം നിർവഹണപ്രാപ്തിയിലെത്തിക്കുന്നതിൽ സ്ത്രീക്കും പുരുഷനും തുല്യ ഉത്തരവാദിത്തമുണ്ടെന്ന് വിശ്വാസികൾ ആദിമനൂറ്റാണ്ടിൽത്തന്നെ തിരിച്ചറിഞ്ഞു. പുരുഷനു മുന്തിയ പരിഗണന നല്കിയ സമൂഹത്തിൽ യേശുക്രിസ്തുവാണ് തുല്യപരിഗണന ആദ്യമേ അനുവദിച്ചുകൊടുത്തത്. ആദിമനൂറ്റാണ്ടുകളിലെ ക്രൈസ്തവജീവിതം സംബന്ധിച്ച ഗവേഷണങ്ങൾ ഈ വസ്തുതയെ സാധൂകരിക്കുന്നുമുണ്ട്. എന്നാൽ ഏതാനും ദശകങ്ങൾ കഴിഞ്ഞതോടെ ആൺകോയ്മവാദം ക്രിസ്തുവിനു മുമ്പുള്ള സമൂഹത്തിലെ നിലയിലേക്ക് വിശ്വാസികളെയും വലിച്ചിട്ടു. വനിതകളുടെ പട്ടത്വം സംബന്ധിച്ച പ്രശ്നത്തിനും ഈ ദുര്യോഗം തന്നെ പിടിപെട്ടു.

വത്തിക്കാൻ ആദ്യം മുതൽ തന്നെ വനിതകൾക്കു പട്ടം നല്കുന്ന പ്രശ്നത്തെ നഖശിഖാന്തം എതിർത്തു. വേദഗ്രന്ഥങ്ങളിലോ പാരമ്പര്യത്തിലോ ദൈവശാസ്ത്രത്തിലോ വനിതാപട്ടത്വത്തെ സാധൂകരിക്കുന്നതായി ഒരു നിയമമോ ശാസനയോ നിർദേശങ്ങളോ ഇല്ലെന്നു സഭ തറപ്പിച്ചുപറഞ്ഞു. കത്തോലിക്കാസഭ ഇന്നും സ്വന്തം വാദഗതികളിൽ ഉറച്ചുതന്നെ നിൽക്കുന്നു. എന്നാൽ മറ്റു ചില സഭകൾ ഈ പ്രശ്നത്തിൽ അയഞ്ഞ സമീപനമാണു സ്വീകരിച്ചിട്ടുള്ളത്. യേശുക്രിസ്തുവിൻെറ ഐഹിക ജീവിതകാലത്ത് അദ്ദേഹം സ്ത്രീകളോടു പ്രദർശിപ്പിച്ച സമഭാവന ഈ മനോഭാവത്തെ സാധൂകരിക്കുന്നതായി അവർ പറയുന്നു. അങ്ങനെ കുർബാനയുടെ കൈകാര്യകർതൃത്വത്തിൽ പുരുഷനോടൊപ്പം സ്ത്രീക്കും പങ്കാളിത്തം നല്കാനും സഭകൾക്കു ബാധ്യതയുണ്ടെന്നാണ് ഇക്കൂട്ടരുടെ അഭിമതം. ആ സ്ഥിതിക്ക് വനിതകൾക്കു വൈദികപട്ടം നല്കണമെന്നു അവർ ശക്തിയായി വാദിക്കുന്നു. ഓർതഡോക്സു സഭകൾ ഈ പ്രശ്നത്തിൽ വത്തിക്കാൻെറ നിലപാടിനെ ശക്തിയുക്തം പിന്താങ്ങുന്നു. എന്നാൽ മറ്റു ചില സഭകൾ വനിതകൾക്കു പട്ടത്വം നൽകിത്തുടങ്ങി.

പത്തുവർഷംമുമ്പ് പ്രസിദ്ധീകരിച്ച സ്ഥിതിവിവരക്കണക്കുകളനുസരിച്ച് ലോകവ്യാപകമായ ആംഗ്ലിക്കൻ കമ്യൂണിയനിൽ രണ്ടു വനിതാ എപ്പിസ്കോപ്പമാരും 1342 സ്ത്രീ വൈദികരും 1942 ഡീക്കണെസുമാരുമുണ്ടായിരുന്നു. ആംഗ്ലിക്കൻ കമ്യൂണിയനു 34 പ്രോവിൻസുകളുള്ളതിൽ 15 എണ്ണത്തിൽ ഡീക്കണെസുമാരും 14 എണ്ണത്തിൽ സ്ത്രീ വൈദികരുമുണ്ടെന്നും, ഇംഗ്ലണ്ട്, ഓസ്ട്രേലിയ, ദക്ഷിണാഫ്രിക്ക, മധ്യാഫ്രിക്ക, വെസ്റ്റിൻഡീസ്, സ്കോട്ലൻഡ് തുടങ്ങിയ പ്രോവിൻസുകളിൽ വനിതകൾക്കു വൈദികപട്ടം നല്കുന്ന കാര്യം സജീവ പരിഗണനയിലുണ്ടെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടി. ജർമനിയിലെ ലൂതറൻ സഭയിൽ ഹാംബർഗ് ഡയോസിസിൻെറ ബിഷപ്പായി മേരിയ ജെപ്സൻ എന്ന വനിതയെ വാഴിച്ചു. അമേരിക്കൻ എപ്പിസ്കോപ്പൽ സഭയുടെ ഒന്നാമത്തെ വനിതാ ബിഷപ്പായി ബാർബറ ക്ലമന്റൈൻ ഹാരിസ് 1988 ൽ വാഴിക്കപ്പെട്ടു. കേരളത്തിലാദ്യമായി വൈദികപട്ടം ലഭിച്ച വനിത ശ്രീമതി മരതകവല്ലി ഡേവിഡ് ആണ്. സി.എസ്.ഐ. സൗത്ത് കേരള ഡയോസിസാണ് ഈ അസുലഭനേട്ടം കൈവരിച്ചത്. ഒരു ദശവർഷം മുമ്പാണത്. ദക്ഷിണേന്ത്യാസഭയിലെ മറ്റു മഹായിടവകകൾ ഇനിയും അറച്ചു നിൽക്കുന്നതേയുള്ളു. കേരളത്തിൽ വേറെ ഒരു സഭയും വനിതകൾക്ക് പട്ടം നല്കുന്നതിനെപ്പറ്റി ധീരമായി ചിന്തിക്കാൻ മനസ്സൊരുക്കം കാണിച്ചിട്ടില്ല.

എന്നാൽ പരിശുദ്ധാത്മാവ് ലോകത്തിൽ സദാ പരിവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്നതിൻെറ തെളിവെന്നോണം കത്തോലിക്കാസഭയിൽ പുതിയ സംഭവവികാസങ്ങൾ നാമ്പെടുത്തു തുടങ്ങിയിരിക്കുന്നു. കത്തോലിക്കാസഭയിലെ വനിതകളുടെ പട്ടത്വപ്രശ്നം സമഗ്രമായി ചർച്ചചെയ്യുവാൻ അയർലണ്ടിൻെറ തലസ്ഥാനമായ ഡബ്ലിനിൽ വച്ച് ജൂൺ 29 മുതൽ ജൂലൈ 2 വരെ ഒരു സമ്മേളനം നടക്കുകയുണ്ടായി. സെൻറ് ആന്റോണിയോ മേരിയക്ലാരേ (1807-1870) ഇപ്രകാരം പറയുന്നു. "ദൈവം മേരിക്ക് വൈദികൻെറയും ബലിമൃഗത്തിൻെറയും മധ്യസ്ഥതയുടെയും പദവി നല്കിയിരിക്കുന്നതിനാൽ മേരിക്കു കാൽവറിയിൽ നിന്നു മോചനം നേടാനാവില്ല. ആ അമ്മ ക്രൂശിനു തൊട്ടടുത്ത് സ്വപുത്രൻെറ ഹൃദയത്തിൽ തന്നെ ഉപവിഷ്ടയായേ മതിയാവൂ. അവൾ കാൽവ

*(ശേഷം പേജ് 12)*



**People all over the world manage to combine extreme religiosity in the worship place with unbridled ungodliness in the secular world, as though they are split personalities. This is comical because the very purpose of worship is to make us integrated personalities: people who are the same on Sabbath days and weekdays.**

# CLEANSE THE TEMPLE

**Rev. Dr. Valson Thampu, Delhi**

Jesus did not build any temple. But he did cleanse a temple: the temple of Jerusalem. When he saw the temple premises turned into a market place of greed and extortion, he burned with indignation. In one of the accounts of this episode we are told that Jesus made a whip and drove out the traders and money-changers, declaring: "My house will be called a house of prayer for all nations; but you have made it a den of thieves: (St. Mark 11: 17). The message is clear. It is a greater thing to cleanse a temple than to build many temples.

Interestingly, people think of religion quantitatively; whereas quality, not quantity, is the essence of religion. So people pride themselves either on the number of their churches/temples, or on their size and splendour. Hardly anyone bothers about what happens in them. No one wonders by what courtesy of consideration these structures could be called 'places of worship'.

The temple of Jerusalem was to Judaism what Mecca is to Islam, Vatican is to Catholicism and the Golden Temple is to Sikhism. So Jesus knew only too well that he was putting his life on the line in creating a scene at the temple. Why did he do so, still?

A theme that runs through the teachings of Jesus Christ is that of true worship. Unlike the Jews of his times, Jesus was not in the least impressed with the magnificent edifice of the temple. Instead, he condemned the attempt to degrade the temple into an emblem of Jewish ethnocentrism. Without any qualms, Jesus prophesied the total destruction of the temple, which came true in A.D 70. Jesus was as interested in worship as he was indifferent to the glory of temples ! Some of the insights into worship in his teachings are:-

First of all, ***a place of worship must be 'a place of prayer for all nations'.*** True worship, in other words, is a celebration of concern for the human family as a whole. The discontinuity between the sanctuary and the secular society is spiritually spurious and untenable. To worship is to bring the needs and woes of the world into the divine presence. To do this in truth is also to accept the responsibility to do all we can to meet the needs and mitigate the sufferings of our fellow human beings, no matter who they are. To Jesus, loving the neighbour is basic to loving God. Anyone who believes he can love God, and yet hate his neighbour, deceives himself. Even as concern and compassion for all people evaporate from places of worship, they decline progressively into dens of thieves.

Secondly, ***worshipping God in the temple cannot be separated from the integrity and quality of life we maintain outside the temple.*** It is a hilarious fact that the air of ethereal godliness that people maintain inside churches and temples vanish soon after they leave them. People all over the world manage to combine extreme religiosity in the worship place with unbridled ungodliness in the secular world, as though they are split personalities. This is comical because the very purpose of worship is to make us integrated personalities: people who are the same on Sabbath days and weekdays. Inside the temple, the Jews preached a God of justice, compassion and love. Just outside the temple they practised injustice, as though God was short-sighted and could not see beyond the door of the temple! This is no way to worship God; this is the best way, though, to bear false witness to Him.

Thirdly, the ***worship life of a religious community will be corrupted if it admits any discrimination whatsoever. The Jews allowed their religion to be infected by the virus of race.*** The Jerusalem temple was segmented into various 'Courts": the Court of the priests, the Court of men, the court of women, and the Court of the Gentiles. It was the Court of the Gentiles that was turned into a burgeoning bazaar. Does God really watch what is happening in the Court of the Gentiles? Isn't He busy minding the whims and fancies of His favourites? The point is that such ridiculous notions flourish on account of the mindset of discrimination. The day it occurred to the Jews to build a temple employing the 'architecture of discrimination', so to speak, they took the first step towards turning it into a 'den of thieves'. Such an idea of the temple presupposes a thievish mind: a mind that robs the Gentiles of their status as the children of God. Given this, extortion and profiteering at the expense of others, right under the nose of God, is sure to follow.

Jesus knew the importance of cleansing temples! A temple is like the reservoir that supplies water to the whole city. If it is polluted it jeopardizes the health of the whole city. In that event, inspired loyalty to one's faith, a loyalty that reflects genuine godliness, demands that we cleanse the reservoir rather than deny or cover up its degeneration. What prompted Jesus to risk his life in cleansing the temple of Jerusalem was his love for God. Sadly in our times, religious devotion is mistaken as the duty to defend and glorify the decay in one's own religious fold as well as the keenness to reform all other religions. Jesus said, "Why do you look at the speck of sawdust in your brother's eye and pay no attention to the plank in your own eye?... You hypocrite , first take the plank out of your own eye, and then you will see clearly to remove the speck from your brother's eye." (St. Matthew 7: 3-5). The truth remains that as long as the plank remains in our eyes, we shall mistake our brothers for our enemies. And this, in turn, tells upon our temples and taints our worship life. ●

പല രംഗങ്ങളിലും അഗ്രഗാമിയായിരുന്നു മത്തായിച്ചൻ- പ്രത്യേകിച്ച്, സുവിശേഷപ്രവർത്തനങ്ങളിൽ. സാഹസികത കൈമുതലാക്കി പാരമ്പര്യത്തെ വെല്ലുവിളിച്ചുകൊണ്ട് യുവജനങ്ങളെ ആകർഷിക്കുന്നതിൽ അദ്ദേഹത്തിനൊരു പ്രത്യേക വിരുതുതന്നെ ഉണ്ടായിരുന്നു.



# സാധു മത്തായിച്ചൻ

ആലപ്പുഴ ക്രിസ്ത്യൻ ഇൻസ്റ്റിട്യൂട്ടിലെ പ്യൂൺ തോമസ് ഒരു പ്രത്യേക പ്രകൃതക്കാരനാണ് - ഒരു കുഴിമടിയൻ. ഇരിക്കുന്ന കസേരയുടെയും തൊട്ടുമുമ്പിലുള്ള മേശയുടെയും ചുറ്റും നിറയെ ചുക്കിലി. പക്ഷേ, അയാൾ അതൊന്നും കണ്ട ഭാവമില്ല. എന്താണിതിനൊരു പരിഹാരമാർഗം? - സാധു മത്തായിച്ചൻ ആലോചിക്കാൻതുടങ്ങി. അവസാനമദ്ദേഹം ഒരു നീണ്ടകോൽ എടുത്ത് അതിലൊരു ചൂൽ വച്ചുകെട്ടി മുറിയിൽ കടന്നു. തോമസ് ഗമയിൽ കസേരയിലിരിക്കയാണ്. "ഒന്നു മാറിത്തരുമോ, ചുക്കിലിയടിച്ച് മുറി വൃത്തിയാക്കട്ടെ" -മത്തായിച്ചൻ വിനയസ്വരത്തിൽ പറഞ്ഞു. തോമസ് ചാടിയെണീറ്റു. അയാളുടെ മുഖത്ത് എന്തെന്നില്ലാത്ത ഒരു ജാള്യത! ഈ സംഭവം തോമസിൽ വരുത്തിയ മാറ്റം ശ്രദ്ധേയമായിരുന്നു. അതാണ് സാധു മത്തായിച്ചൻ. ആരുടെയും വ്യക്തിത്വത്തെ വ്രണപ്പെടുത്താതെ അന്തർലീനമായ കർമചൈതന്യത്തെ തട്ടിയുണർത്താൻ ശ്രമിച്ചിരുന്ന മഹാനുഭാവൻ. മാങ്ങാനം ക്രൈസ്തവാശ്രമത്തിൻെറ സ്ഥാപകനേതാവായി അറിയപ്പെടുന്ന ശ്രീ. കെ.ഐ. മത്തായി (സാധു മത്തായിച്ചൻ) ഒളശ്ശ കൊച്ചുവീട്ടിൽ കുടുംബാംഗമാണ്. കൊച്ചുകുഞ്ഞ് എന്ന പേരിൽ വീട്ടിലും നാട്ടിലും അറിയപ്പെട്ടിരുന്ന ആ മനുഷ്യസ്നേഹി തെക്കേയിൻഡ്യയിൽ, പ്രത്യേകിച്ച് മതവൃത്തങ്ങളിലും ദാർശനികരുടെയിടയിലും സുപരിചിതനാണ്. 1886 ജനുവരി 22 അദ്ദേഹത്തിൻെറ ജന്മദിനം.

പ്രശസ്ത സാഹിത്യകാരനായിരുന്ന മാൽകം മഗറിഡ്ജ് മത്തായിച്ചനെ വർണിക്കുന്നത് ഇപ്രകാരമാണ്: "അദ്ദേഹം അസ്ഥിമാത്രനിർമിതനാണെന്നു തോന്നി. മാംസമില്ല, ത്വക്കിൻെറ ഒരാവരണം മാത്രം. ചുരുക്കം സന്ദർഭങ്ങളിലേ അദ്ദേഹം ആഹാരം കഴിക്കുന്നതു കാണാൻ കഴിയൂ. അല്പം മാത്രം. പക്ഷി കൊത്തിത്തിന്നുന്നതുപോലെ. ചിലപ്പോൾ അദ്ദേഹം നമ്മുടെയടുത്തേക്കു വരുന്നതു കാണാം. തെല്ലിട കഴിയുമ്പോൾ കാണുകയില്ല. എനിക്ക് അദ്ദേഹത്തെ വലിയ ഇഷ്ടമായിരുന്നു. തല മുണ്ഡനം ചെയ്തിരുന്നു. വളരെ മെലിഞ്ഞ മുഖം. പക്ഷേ അസാധരണമാംവിധം സുന്ദരവും അജയ്യവും. അപ്രതിരോധ്യവുമായ ക്രിസ്തീയസ്നേഹത്താൽ ആ മുഖം പ്രകാശിച്ചുകൊണ്ടിരിക്കും ..."

മനുഷ്യരോടുള്ള മങ്ങാത്ത താത്പര്യം മത്തായിച്ചൻെറ കൂടെപ്പിറപ്പായിരുന്നു. അദ്ദേഹത്തിൻെറ ജീവിതവിശുദ്ധി അനർഘമായ പനിനീർപ്പൂവ് പോലെ അനവദ്യസുന്ദരം. പുലർകാലത്തിൻെറ പ്രശാന്തതയിൽ ജഗന്നിയന്താവുമായുള്ള സംസർഗമായിരുന്നു അദ്ദേഹത്തിൻെറ ശക്തിസ്രോതസ്സ്. വിവിധ പ്രശ്നങ്ങളുമായി മല്ലടിക്കുവാനും മറ്റുള്ളവരുടെ ഭാരങ്ങൾപേറി അവർക്കു സഹായഹസ്തം നീട്ടുവാനും അദ്ദേഹത്തിനവിടെ പ്രചോദനം ലഭിച്ചു. സന്തോഷിക്കുന്നവരോടൊപ്പം അദ്ദേഹം സന്തോഷിക്കുകയും. സന്തപിക്കുന്നവരോടൊപ്പം സന്തപിക്കുകയും ചെയ്തു. അന്യരുടെ കണ്ണീരൊപ്പുന്നതിലായിരുന്നു കൂടുതൽ താത്പര്യം.

പല രംഗങ്ങളിലും അഗ്രഗാമിയായിരുന്നു മത്തായിച്ചൻ- പ്രത്യേകിച്ച്, സുവിശേഷപ്രവർത്തനങ്ങളിൽ. അഭ്യസ്തവിദ്യരായ ക്രിസ്തേതര സുഹൃത്തുക്കളെ സ്പർശിക്കാൻ അദ്ദേഹം നൂതനമാർഗങ്ങൾ തേടി. സംഭാഷണം, ചർച്ച, സർവോപരി സ്വഭാവവൈശിഷ്ട്യം ഇവയിലൂടെ അവരുമായി സമ്പർക്കത്തിലേർപ്പെടാൻ അദ്ദേഹം ഉത്സാഹിച്ചു. സംവാദത്തിൻെറ തത്വങ്ങൾ അദ്ദേഹം പ്രായോഗികമാക്കി. ആലപ്പുഴയിൽ അദ്ദേഹം സ്ഥാപിച്ച ക്രിസ്ത്യൻ ഇൻസ്റ്റിട്യൂട്ടും വായനശാലയും, ആ വലിയ മനസ്സിൻെറ ദീർഘവീക്ഷണത്തിനു തെളിവാണ്. സമസൃഷ്ടങ്ങൾക്കു നന്മ ചെയ്യുക, ക്രിസ്തുനാഥൻെറ തിരുഹിതം ഇഹത്തിൽ നിവർത്തിക്കുക, ഇതായിരുന്നു അദ്ദേഹത്തിൻെറ മുഖ്യചിന്ത. സാഹസികത കൈമുതലാക്കി പാരമ്പര്യത്തെ വെല്ലുവിളിച്ചു

## ALTRUISM

A little girl was walking along the city street with her grandfather. They came up to a garden fence that was covered with beautiful red roses. Pulling in a deep breath, the little girl said, "Grandpa, can you smell those roses? Aren't they nice?"

Then the two of them heard the voice of an elderly lady who was sitting on the veranda. "Take all you want," the voice said.

So both the grandpa and his granddaughter took a rose apiece and thanked the elderly lady and praised her nice flowers.

Then she explained, "I grow those roses purposely to make other people happy. I can't see them myself. I'm blind."

*-Quote*

കൊണ്ട് യുവജനങ്ങളെ ആകർഷിക്കുന്നതിൽ അദ്ദേഹത്തിനൊരു പ്രത്യേക വിരുതുതന്നെ ഉണ്ടായിരുന്നു.

സുവിശേഷദൗത്യം നിർവഹിക്കുന്നതിൽ സാമൂഹ്യസേവനം ഒരു മൗലികഘടകമായി മത്തായിച്ചൻ കണ്ടിരുന്നില്ലെങ്കിലും മനുഷ്യരുടെ ആവശ്യം കണക്കിലെടുത്താണ് കരപ്പുറം മിഷനിൽ കയർ ഫാക്ടറിയും മിഷൻ സ്കൂളും ഇസബല്ല ബേക്കർ ഹോസ്പിറ്റലും ആരംഭിച്ചത്. ആലപ്പുഴയിൽ പ്രവർത്തനത്തിനെത്തിയ സമയം മുതൽക്കേ അനാഥബാലന്മാരുടെ നിരാലംബത്വവും കുറ്റവാസനയും മത്തായിച്ചൻെറ മനസ്സിനെ വല്ലാതെ മഥിച്ചതിനെത്തുടർന്നാണ് കുട്ടികളുടെയിടയിലെ പ്രവർത്തനമാരംഭിച്ചത്. പിൽക്കാലത്ത്, നീതിനിഷ്ഠമായ സമൂഹം ലക്ഷ്യമാക്കി ആചാര്യ റവ. കെ.കെ ചാണ്ടിയോടു ചേർന്ന് കേരള ബാലഗ്രാം ആരംഭിക്കുകയുണ്ടായി.

*ഭാരതീയസംസ്കാരം പുലർത്തിക്കൊണ്ട് തനി ഭാരതീയചരായയിൽ ക്രിസ്തുവിനെ ലോകത്തിനു കാണിച്ചുകൊടുക്കുവാനും ദൈവരാജ്യത്തിൻെറ മൂല്യങ്ങൾ സാമൂഹിക, സാമ്പത്തിക ബന്ധങ്ങളിൽ പ്രതിഫലിപ്പിക്കുവാനുമുള്ള ആഗ്രഹമാണ് മാങ്ങാനം ആശ്രമത്തിൻെറ സ്ഥാപനത്തിനു വഴിയൊരുക്കിയത്.* റവ. ജെ.പി. മൂത്തേടത്ത് (എം.പി.ജോബ് അച്ചൻ), ആചാര്യ കെ.കെ. ചാണ്ടി എന്നിവരും ഈ സംരംഭത്തിൽ മത്തായിച്ചനോടു സഹകരിച്ചു.

വിദ്യാഭ്യാസത്തിൻെറ സ്വാധീനശക്തി ശരിക്കും മനസ്സിലാക്കിയ വ്യക്തിയാണ് മത്തായിച്ചൻ. നമ്മുടെ സ്കൂളുകളിലെയും കോളജുകളിലെയും അന്തരീഷം അദ്ദേഹം താത്പര്യപൂർവം വീക്ഷിച്ചിരുന്നു. കുരുന്നു മനസ്സുകളിൽ സദ്ചിന്തകൾ നട്ടുവളർത്തിയാൽ അവ എക്കാലവും ഫലം തരുന്ന മൂലധനമായിരിക്കുമെന്ന് അദ്ദേഹത്തിനു നിശ്ചയമുണ്ടായിരുന്നു. ബാല്യം മുതൽക്കേ ധാർമികവും ആധ്യാത്മികവുമായ മാർഗദർശനം കൊടുക്കണമെന്ന കാര്യത്തിൽ അദ്ദേഹത്തിനു സംശയമുണ്ടായിരുന്നില്ല.

മത്തായിച്ചൻെറ വ്യക്തിപ്രഭാവം ധനികരെയും ദരിദ്രരെയും, പണ്ഡിതരെയും പാമരരെയും, ബ്രാഹ്മണരെയും ചണ്ഡാളരെയും, ബൂർഷ്വകളെയും നാസ്തികരെയും ഒരുപോലെ ആകർഷിക്കുകയുണ്ടായി. യേശുക്രിസ്തുവിനുവേണ്ടി സ്നേഹിക്കപ്പെടേണ്ട വ്യക്തികളെന്ന നിലയിലാണ് അവരെയെല്ലാം മത്തായിച്ചൻ ദർശിച്ചത്. മനുഷ്യരെ കണ്ടെത്തുവാനായിരുന്നു അദ്ദേഹത്തിൻെറ ഉദ്യമം. കണ്ടെത്തിയശേഷം അവരോടു സംഭാഷിക്കുക, അവരെ മനസ്സിലാക്കുക, ദൈവോദ്ദേശ്യത്തെക്കുറിച്ച് അവരുമായി സംവാദിക്കുക എന്നീ കാര്യങ്ങളിലാണ് അദ്ദേഹം ശ്രദ്ധ പതിപ്പിച്ചത്. വിശ്വാസകാര്യങ്ങളിലും മറ്റും സംശയിച്ച് പകച്ചുനിന്ന അനേകരെ മത്തായിച്ചൻ വിശ്വാസതീരത്തേക്കു നയിച്ചിട്ടുണ്ട്. ജീവിതത്തിൽ ബൗധിക സംശയങ്ങളുണ്ടാകുമ്പോൾ ആശങ്കയൊന്നും കൂടാതെ ധൈര്യസമേതം മത്തായിച്ചനോടു തുറന്നുപറയാൻ സ്വാതന്ത്ര്യം ലഭിച്ചത് ഒരു വലിയ അനുഗ്രഹമായി ഇന്നു പലരും കരുതിപ്പോരുന്നു. ഒരിക്കൽ ഒരു യുവാവ് പറഞ്ഞു: "മത്തായിച്ചാ, ക്രിസ്തു ഒരു നല്ല മനുഷ്യൻ. പക്ഷേ, അദ്ദേഹത്തിൻെറ ദൈവത്വത്തെ സ്വീകരിക്കാൻ എനിക്കു പ്രയാസമാണ്." മത്തായിച്ചൻെറ മറുപടി: "അങ്ങനെയെങ്കിൽ അതു മതി." ആത്മാർത്ഥമായി അന്വേഷണം നടത്തുന്നവരെപ്പറ്റി അദ്ദേഹത്തിനു ആശങ്കയില്ലായിരുന്നു. മറ്റുള്ളവർക്കുവേണ്ടി ജീവിക്കുകയും ആവശ്യാനുസരണം അവരെ നിരുപാധികം സഹായിക്കുകയും ചെയ്ത വ്യക്തിയാണ് മത്തായിച്ചൻ. തങ്ങളോടാണ് മത്തായിച്ചനു കൂടുതൽ താത്പര്യമെന്ന് ഓരോരുത്തർക്കും തോന്നുമായിരുന്നു. അത്രമാത്രം ആഴത്തിൽ ഓരോ വ്യക്തിയുടെയും ജീവിതവുമായി അദ്ദേഹം ബന്ധപ്പെട്ടിരുന്നു.

വന്നതും വന്നുകൊണ്ടിരിക്കുന്നതും വരാനിരിക്കുന്നതുമായ ദൈവരാജ്യത്തിൻെറ സുവിശേഷം അദ്ദേഹത്തിൻെറ ദൈവശാസ്ത്രത്തിൻെറ കേന്ദ്രമായിരുന്നു. മിസ്റ്റിസിസത്തിൽ അദ്ദേഹം താത്പര്യം പ്രകടിപ്പിച്ചു. മൗനധ്യാനവും ദൈവസാന്നിധ്യത്തെപ്പറ്റിയുള്ള സന്തതബോധവും അദ്ദേഹത്തിൻെറ വ്യക്തിത്വത്തെ ദീപ്തമാക്കി. ആത്മീയജീവിതത്തിലും പരീക്ഷണങ്ങളിലും വ്യക്തികൾ തനിച്ചല്ല, കൂട്ടായ്മയിലാണ് പുരോഗമിക്കേണ്ടതെന്ന് അദ്ദേഹം വിശ്വസിച്ചു. ഒറ്റതിരിഞ്ഞ മനുഷ്യൻ, മനുഷ്യനല്ല.

വളരെയേറെ നർമബോധമുള്ള വ്യക്തിയായിരുന്നു മത്തായിച്ചൻ. ഫലിതമിഷ്ടപ്പെടുകയും അതിൽ രസിക്കുകയും നർമോക്തികളാൽ മറ്റുള്ളവരെ ചിരിപ്പിക്കുകയും ചെയ്യുന്നത് അദ്ദേഹത്തിൻെറ പ്രകൃതമായിരുന്നു. കായികവും മാനസികവുമായ വേദനകളനുഭവിക്കുമ്പോഴും ജീവചൈതന്യം നിലനിർത്താൻ അദ്ദേഹത്തെ സഹായിച്ചത് ഈ നർമബോധമാണെന്ന് തോന്നിപ്പോകും. *ഒരിക്കൽ ഒരധ്യാപകൻ പറഞ്ഞു: "ഞാൻ സ്കൂളിലെ ജോലി രാജി വച്ച് ആത്മാക്കളെ ആദായപ്പെടുത്താൻ പോവുകയാണ്." മത്തായിച്ചൻ തിരിച്ചടിച്ചു: "അപ്പോൾ സുഹൃത്തേ, സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് ആത്മാവില്ലേ?"* ഇംഗ്ലീഷ്സാഹിത്യത്തിൽ മത്തായിച്ചന് പ്രത്യേക താത്പര്യമുണ്ടായിരുന്നു. ഷേക്സ്പിയർ കൃതികൾ അദ്ദേഹം നന്നായി ആസ്വദിച്ചിട്ടുണ്ട്. ബ്രൗണിങ്ങും ടെന്നിസണുമായിരുന്നു ഇഷ്ടകവികൾ. 1971 ഓഗസ്റ്റ് 30 ന് സാധുജി ഇഹലോകത്തോടു വിടപറഞ്ഞു.

മത്തായിച്ചൻെറ സംഭാവനകൾ തൂക്കിനോക്കി വലിപ്പം നിർണയിക്കാൻ ത്രാസുകൾ മതിയാവില്ല. വിനയാന്വിതനായ ആ കൃഷീവലൻെറ സംസ്കാരസമ്പന്നതയും ധീരസാഹസികതയും സത്യസന്ധതയും വിശ്വസ്തതയും എക്കാലവും നമുക്ക് പ്രചോദനഹേതു തന്നെ. അദ്ദേഹത്തിൻെറ വ്യക്തിത്വവും പ്രവർത്തനങ്ങളും വിലയിരുത്തുന്നതോടൊപ്പം, അദ്ദേഹത്തിൻെറ എക്യുമെനിക്കൽ ദർശനവും ആദർശങ്ങളും യുവജനങ്ങളെ ഗ്രഹിപ്പിക്കുവാൻ കേരളത്തിലെ സഭകൾക്കൊരു ഉത്തരവാദിത്തമുണ്ട്. സ്ഥാപനങ്ങളേക്കാൾ വലുതാണ് സാധുജിയുടെ വ്യക്തിത്വം. ക്രൈസ്തവാശ്രമം ഇല്ലായിരുന്നെങ്കിൽപ്പോലും അദ്ദേഹത്തിൻെറ വ്യക്തിത്വം പ്രശോഭിക്കുമായിരുന്നു. ജീവിതാരാമത്തിലെ ആ പനിനീർമലർ, ഭാരതമാകുന്ന ഉദ്യാനത്തിൽ എക്കാലവും പരിമളം പരത്തി വിരാജിക്കുകതന്നെ ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല. *കെ.സി.* ●

*കഴിഞ്ഞ ലക്കം തുടർച്ച..*

# വാർദ്ധക്യത്തിന്റെ നൊമ്പരങ്ങൾ



ഫാ. ഡോ. ഒ. തോമസ്

മറിയാമ്മച്ചിക്ക് വയസ്സ് എൺപത്. പഴയ തലമുറക്കാരിയായതിനാൽ മക്കൾ പത്ത്- അഞ്ച് പെണ്ണും അഞ്ച് ആണും. എല്ലാവരും വിവാഹിതർ. ആൺമക്കളെല്ലാം വിദേശത്താണ്. കുടുംബം വീതം കിട്ടിയ ഇളയ മകന്റെ ഭാര്യയും കുട്ടികളുംപോലും വിദേശത്താണ്. അതിനാൽ കുടുംബത്ത് താമസിക്കാൻ നിർവാഹമില്ല. മറ്റു നാല് ആൺമക്കളുടെ കുടുംബങ്ങൾ നാട്ടിലുണ്ട്. അവർ വെവ്വേറെ വീടുകളിൽ താമസമാണ്. ആൺമക്കളെല്ലാവരും ഒത്തുകൂടിയപ്പോൾ ഒരു തീരുമാനമെടുത്തു: അമ്മച്ചി മൂന്നുമാസം വീതം ഓരോ വീട്ടിൽ താമസിക്കട്ടെ. അമ്മച്ചിയുടെ 'ഉപദ്രവം' ഒരു കൂട്ടർ മാത്രം സഹിക്കാതെ, എല്ലാവരുംകൂടി പങ്കുവയ്ക്കാനാണ് ഇങ്ങനെയൊരു തീരുമാനം ചെയ്തത്. അല്പം കേൾവിക്കുറവല്ലാതെ കാര്യമായ അസുഖങ്ങളൊന്നും അമ്മച്ചിക്കില്ല. കൃത്യം മൂന്നുമാസമാകുമ്പോൾ ഒരു ഓട്ടോറിക്ഷയിൽ ക്രമമനുസരിച്ചുള്ള അടുത്ത വീട്ടിൽ കൊണ്ടാക്കും. അങ്ങനെയിരിക്കെ, മൂത്തമകന്റെ കോളജിൽ പഠിക്കുന്ന മകളുമായി അമ്മച്ചി ഉഗ്രൻവഴക്ക്. അവളുടെ രീതിയൊന്നും അമ്മച്ചിക്ക് പിടിക്കില്ല. അവളുടെ വസ്ത്രധാരണം, തലമുടിയുടെ ഫാഷൻ, ചെരുപ്പിന്റെ പൊക്കം, എന്നുവേണ്ട, യാതൊന്നും അമ്മച്ചിയുടെ നിലവാരത്തിലെത്തുന്നില്ല. ഇഷ്ടമില്ലാത്ത കാര്യം മറച്ചുവയ്ക്കാനും അമ്മച്ചി തയാറല്ല. വളർത്തുന്നതിന്റെ ദോഷമാണെന്നു പറഞ്ഞ് മരുമകൾക്കും ഇടയ്ക്കിടെ ഓരോ ഡോസ് കൊടുക്കും. മനസ്സുകൊണ്ട് അവർക്കും വെറുപ്പാണ്. എന്നിരുന്നാലും, മൂന്നു മാസം എന്ന പൊതുകരാർ ലംഘിക്കാൻ അവർ തയാറല്ല. എന്നാൽ കൊച്ചുമകൾ ഒട്ടും വഴങ്ങുന്നില്ല. ഒന്നുകിൽ ഞാൻ, അല്ലെങ്കിൽ അമ്മച്ചി. രണ്ടുപേരുംകൂടി ഇവിടെ വാഴുകയില്ല എന്നതാണ് ടീനേജുകാരിയുടെ നിലപാട്. അവരുടെ ഊഴമായപ്പോൾ അമ്മച്ചിയെ ഓട്ടോറിക്ഷയിൽ അവിടെ കൊണ്ടുചെന്നെങ്കിലും ഇറങ്ങാൻ കൊച്ചുമകൾ സമ്മതിച്ചില്ല. വന്ന വഴിക്കു തന്നെ പറഞ്ഞുവിട്ടു. അടുത്ത ടേണിനു മാത്രമേ ഇനി അവിടെ പ്രവേശനമുള്ളുവെന്ന് നാലാമന്റെ ഭാര്യയും ശഠിച്ചു. ഓട്ടോറിക്ഷക്കാരൻ എന്തു ചെയ്യണമെന്നറിയാതെ കുഴങ്ങി. അപ്പോഴേക്കും മൂത്ത മരുമകളുടെ ടെലിഫോൺ നാലാമത്തെ മരുമകൾക്കു ലഭിച്ചു, അമ്മച്ചിയെ തിരിച്ചുവിട്ടേര്. കൊച്ചുമകളുടെ കാലുപിടിച്ചാണ് ഇത്രയും സാധിച്ചത്. ഇതൊരു ഒറ്റപ്പെട്ട സംഭവമാകാം. എന്നിരുന്നാലും, പ്രായമായവർ തങ്ങളുടെ ഇഷ്ടത്തിനല്ലാതെ മക്കളുടെ വീടുകളിൽ മാറിമാറി താമസിക്കുന്ന രീതി പലയിടങ്ങളിലുമുണ്ട്. അങ്ങോട്ടുമിങ്ങോട്ടുമിട്ടു തട്ടുന്നതിന്റെ ഉത്തരവാദിത്തം ആർക്കാണ്?

### *നല്ല ശീലങ്ങൾ ചെറുപ്പത്തിൽ*

തങ്ങളിൽനിന്നു വ്യത്യസ്തമായവരെ അംഗീകരിക്കാനും സ്നേഹിക്കാനുമുള്ള നല്ല മനസ്സ് യൗവനത്തിൽത്തന്നെ വളർത്തിയെടുക്കണം. ഇതൊന്നും വാർദ്ധക്യത്തിൽ ലഭിക്കുകയില്ല. അമ്മച്ചിയുടെ ഭർത്താവ് പത്തു വർഷങ്ങൾക്കു മുൻപ് മരിച്ചുപോയി. എല്ലാം അടക്കിഭരിച്ചിരുന്ന അപ്പച്ചനിൽ നിന്ന് പത്തു മക്കളെ ലഭിച്ചതല്ലാതെ കാര്യമായ സ്നേഹം ലഭിച്ചിട്ടില്ല. ഒരു കാര്യവും അമ്മച്ചിയുമായി കൂടിയാലോചിക്കാറില്ലായിരുന്നു. സ്വന്തമായി പത്തുപൈസ അമ്മച്ചിയുടെ കൈവശമുണ്ടാവില്ല. ഭർത്താവിനു കീഴ്പെട്ട് ഒരു അടിമജീവിതം അമ്മച്ചി സഹിച്ചു തള്ളിനീക്കി. കാലം മാറിയപ്പോൾ ഈ രീതിക്കു മാറ്റം വന്നു. ആൺമക്കളെല്ലാം ഭാര്യമാരുടെ ആലോചനയ്ക്കു വഴങ്ങുന്നുവെന്നു മാത്രമല്ല, ചിലർ അവർ പറയുന്നതേ ചെയ്യുകയുള്ളുവെന്ന് അമ്മച്ചിക്കു പരാതി. തനിക്കു ലഭ്യമാകാഞ്ഞ പലതും മരുമക്കൾക്കു ലഭിച്ചുകാണുമ്പോൾ അമ്മച്ചിയുടെ മനസ്സിൽ ദേഷ്യവും അസൂയയും. ഉഗ്രപ്രതാപിയായ അപ്പച്ചന്റെ മുൻപിൽ ഒത്തിരി തോറ്റുകൊടുത്തിട്ടുണ്ട്. ഇനിയാരുടെയും മുൻപിൽ തോൽക്കുകയില്ലന്നാണ് അമ്മച്ചിയുടെ നിലപാട്. അതിനാൽ മനസ്സിൽ തോന്നുന്നതെന്തും അപ്പോൾത്തന്നെ വിളിച്ചു


> **കാലഘട്ടത്തിന്റെ മാറ്റങ്ങൾ ഉൾക്കൊള്ളാൻ പ്രായമായവർക്കും ബലഹീനതകളോടുകൂടി അവരെ അംഗീകരിക്കാൻ യൗവനക്കാർക്കും സാധിച്ചാൽ വാർദ്ധക്യം നമ്മെ അധികം നൊമ്പരപ്പെടുത്തുകയില്ല.**

പറഞ്ഞ് മറ്റുള്ളവരുടെ ദേഷ്യവും സമ്പാദിക്കും. ഭർത്താവുകൂടി പോയപ്പോൾ അമ്മച്ചിയുടെ സുരക്ഷിതത്വബോധം കുറഞ്ഞു. എല്ലാവരുംകൂടി അമ്മച്ചിയെ ഒറ്റപ്പെടുത്തുന്നതായി തോന്നി. ഇതിനു ബദലായി അമ്മച്ചി കണ്ടെത്തിയത് മറ്റുള്ളവരെ തമ്മിലടിപ്പിക്കുന്ന വഴിയാണ്. ഏതു വീട്ടിൽ താമസിക്കുന്നുവോ, അതൊഴിച്ചുള്ള വീടുകളിലെ കാര്യങ്ങൾ പറഞ്ഞ് സ്ത്രീകളെത്തമ്മിൽ തെറ്റിക്കാനും, ഭർത്താക്കന്മാർ വരുമ്പോൾ ഭാര്യമാരുടെ കുറ്റങ്ങൾ എണ്ണിപ്പറഞ്ഞ് അവരെത്തമ്മിലടിപ്പിക്കാനും ശ്രമിക്കാറുണ്ട്. പിള്ളേരുടെ വല്യമ്മച്ചിയിൽ വരുന്ന മാറ്റങ്ങളെ ഒട്ടുംതന്നെ അംഗീകരിക്കാൻ അമ്മച്ചിക്കാവില്ല. അതിന്റെ പരിണിതഫലമായ വഴക്കുകൾ വേറെ. ഇങ്ങനെ അമ്മച്ചി നാലുപേർക്കും ശല്യമായി.

ഈ സ്ഥിതി വരുത്തിവച്ചതിൽ അമ്മച്ചിക്കു കാര്യമായ പങ്കുണ്ട്. കാലഘട്ടത്തിന്റെ മാറ്റങ്ങളുൾക്കൊള്ളാൻ അമ്മച്ചിക്ക് കഴിയണമായിരുന്നു. ഭാര്യാഭർതൃബന്ധത്തിൽ കാതലായ മാറ്റങ്ങളുണ്ടായി, പഴയ യജമാനൻ-അടിമ സങ്കല്പം എന്നേ മാറിപ്പോയി. ഇന്നു ഭാര്യാഭർത്താക്കന്മാർ തുല്യരാണ്. ഒരുമിച്ച്, ദൈവസന്നിധിയിൽ വളരാനാണ് വിവാഹമെന്ന കൂദാശ വഴി അവരെ ബന്ധിപ്പിച്ചിരിക്കുന്നത്. തങ്ങൾക്കനുഭവിക്കാനൊക്കാത്ത ഭാഗ്യം പിന്നീടുള്ളവർ അനുഭവിക്കുമ്പോൾ അസൂയയും വിദ്വേഷവും തോന്നരുത്. പ്രായമാകുംതോറും ആത്മീയവളർച്ചയും മാനസികപക്വതയുമുണ്ടാകണം. ഇളംതലമുറയെ സ്നേഹിക്കുവാൻ മുതിർന്നവർക്കു കഴിയണം. പ്രായമുള്ളവരുടെ സാന്നിദ്ധ്യം വീടുകളിൽ സന്തോഷപ്രദമായാൽ അവർ എവിടെയും പോകണമെന്ന് ആരും പറയുകയില്ല. നമ്മുടെ പെരുമാറ്റങ്ങൾ മറ്റുള്ളവർക്ക് ആകർഷകമാകുന്നുണ്ടോയെന്നുകൂടി പ്രായമുള്ളവർ സ്വയം പരിശോധിക്കുന്നതുകൊള്ളാം. നല്ല ഉദ്ദേശ്യത്തോടെ പറയുന്ന കാര്യങ്ങൾ ആ അർത്ഥത്തിലെടുക്കാൻ മറ്റുള്ളവർക്കാവുന്നില്ലെങ്കിൽ അധികം ഗുണദോഷത്തിനു പോകാതിരിക്കുന്നതാണ് നല്ലത്. പ്രായമുള്ളവർ ഈ കാര്യം ശ്രദ്ധിക്കുമ്പോൾ ഇളംതലമുറയും ഓർക്കേണ്ട ചില സത്യങ്ങളുണ്ട്.

ദീർഘകാല ജീവിതാനുഭവത്തിൽ നിന്നു ലഭിച്ച ചില രീതികളും മറ്റും അത്രപെട്ടെന്ന് മാറ്റുവാൻ അവർക്കാവില്ല. അല്പം സഹിഷ്ണുതയോടെ അവയുൾക്കൊള്ളാൻ ഇളംതലമുറയ്ക്കു സാധിക്കണം. 'നിനക്കു ദീർഘായുസ്സുണ്ടാകാൻ നിന്റെ മാതാപിതാക്കളെ ബഹുമാനിക്ക' എന്ന കല്പന മാറ്റിക്കളയാവുന്നതല്ല. എഫേസ്യലേഖനത്തിൽ ഭാര്യാഭർതൃബന്ധത്തെക്കുറിച്ച് ഉദാത്തമായി പറഞ്ഞശേഷം മാതാപിതാക്കളെ ആദരിക്കുകയെന്ന പ്രഥമ കല്പനയെക്കുറിച്ച് പൗലോസ് ശ്ലീഹ ഊന്നിപ്പറയുന്നുണ്ട്. ആയുസ്സുണ്ടെങ്കിൽ ഇന്നത്തെ യൗവനക്കാർ നാളെ ഇതേ ഘട്ടത്തിലൂടെ കടന്നുപോകേണ്ടവരാണെന്നോർക്കുന്നതു നന്ന്. കാലഘട്ടത്തിന്റെ മാറ്റങ്ങൾ ഉൾക്കൊള്ളാൻ പ്രായമായവർക്കും ബലഹീനതകളോടുകൂടി അവരെ അംഗീകരിക്കാൻ യൗവനക്കാർക്കും സാധിച്ചാൽ വാർദ്ധക്യം നമ്മെ അധികം നൊമ്പരപ്പെടുത്തുകയില്ല. (തുടരും.)

# ആർഷഭാരത സംസ്കാരവും ക്രിസ്തുവും



അമേരിക്കയിലെ ലോസ്ഏഞ്ചല്സിൽ 1900-ൽ ചെയ്ത ഒരു പ്രസംഗത്തിൽ സ്വാമി വിവേകാനന്ദൻ പറഞ്ഞു: "നസ്റായക്കാരൻ ഒരു തനി പൗരസ്ത്യനായിരുന്നുവെന്ന വസ്തുത നിങ്ങൾ പലപ്പോഴും മറന്നുകളയുന്നു. നീലക്കണ്ണും മഞ്ഞമുടിയുമായി അവിടുത്തേ ചിത്രീകരിക്കുവാനുള്ള നിങ്ങളുടെ പ്രയത്നങ്ങളൊക്കെ കഴിഞ്ഞിട്ടും നസ്റായക്കാരൻ ഒരു പൗരസ്ത്യൻ തന്നെയായി വർത്തിക്കുന്നു. ബൈബിളെഴുതാനുപയോഗിച്ചിട്ടുള്ള ഉപമാദിയലങ്കാരങ്ങൾ, കാഴ്ചകൾ, ഇടങ്ങൾ, ഭാവങ്ങൾ, കൂട്ടങ്ങൾ, കവിത, പ്രതീകങ്ങൾ എല്ലാം കിഴക്കൻ ദേശത്തെപ്പറ്റി നിങ്ങളോടു പ്രഖ്യാപിക്കുന്നു. വിളങ്ങുന്ന ആകാശം, ചൂട്, സൂര്യൻ, മണൽക്കാറ്റ്, ദാഹിച്ചു വലഞ്ഞ മനുഷ്യരും മൃഗങ്ങളും, തലയിൽ കുടവും താങ്ങി വെള്ളം കോരാൻ കിണറിനടുത്തേക്കു വരുന്ന നരനാരികൾ, ആടുമാടുകൾ, കൃഷീവലന്മാർ, ചുറ്റുപാടും നടക്കുന്ന കൃഷിപ്പണി, വെള്ളം തേകാനുപയോഗിക്കുന്ന യന്ത്രവും ചക്രവും, തേകാനുപയോഗിക്കുന്ന കുളം, ധാന്യം പൊടിക്കാനുള്ള തിരികല്ല്, ഇവയൊക്കെ ഇന്നും ഏഷ്യയിൽ കാണാം." ആർഷഭാരതസംസ്കാരം ഏഴാം കടലിനക്കരെയെത്തിച്ച യതിവര്യൻെറ വാക്കുകളാണിവയെന്നോർക്കണം. ഭാരതസംസ്കാരവുമായി യേശുനാഥനുള്ള ബന്ധത്തെപ്പറ്റി ഇതിൽ കൂടുതൽ ആധികാരികമായ സ്ഥിരീകരണമാവശ്യമില്ല.

വളരെ ഉപരിപ്ളവമായി തോന്നിയേക്കാവുന്ന ഈ സാധർമ്യങ്ങൾ കേവലം യാദൃശ്ചികമോ അല്ലെങ്കിൽ കരുതിക്കൂട്ടി ചമച്ചതോ അല്ല. ആത്മീയതയുടെ ആഴങ്ങളിലും സമാനതയുടെ ഈ മുത്തുകൾ സുലഭമാണ്. വിശുദ്ധ ബൈബിളിലെ ഉല്പത്തി മുതൽ വെളിപ്പാടുവരെയുള്ള ഗ്രന്ഥങ്ങളിലെ തിരുവചനങ്ങൾ ഭാരതീയ വേദോപനിഷത്തുകളിൽ ഒളിഞ്ഞും തെളിഞ്ഞും ഒരന്തർധാരയായി ഉടനീളം കാണാം. കുഭാ നദീതടങ്ങളിൽ ആരംഭിച്ച് രണ്ടു സഹസ്റാബ്ദങ്ങളിലൂടെ വളർന്ന ആർഷഭാരതസംസ്കാരത്തിൻെറ ആധാരശിലകളായ വേദത്രയങ്ങളിലും അനുബന്ധങ്ങളായി രചിക്കപ്പെട്ട ഉപനിഷത്തുകളിലും നിറഞ്ഞു നില്ക്കുന്ന ഈശ്വരസങ്കല്പവും സീനായ് മലയുടെ താഴ്‌വാരങ്ങളിൽ നിന്ന് യോർദാൻ നദീപുളിനങ്ങളിലേക്കു വ്യാപിച്ചു വളർന്ന ജൂത-ക്രൈസ്തവ ധർമ്മ സങ്കല്പങ്ങളും തമ്മിലുള്ള സാധർമ്യവും സമാനതയും അത്ഭുതകരമാണ്. എന്നാൽ പിന്നീട് ശതാബ്ദങ്ങളിലൂടെ ധർമകർമങ്ങൾ സംഘടിതമതങ്ങളിലേക്കു രൂപഭേദം സംഭവിച്ചതനുസരിച്ച് മൗലിക ധർമതത്വങ്ങൾ ക്രമേണ വിസ്മരിക്കപ്പെടുകയും നിക്ഷിപ്തതാത്പര്യങ്ങളാലുടലെടുത്ത ആചാരാനുഷ്ഠാനങ്ങൾ മാത്രമായി ചുരുങ്ങുകയും ചെയ്തു. വേദോപനിഷത് ധർമ വിദ്യാഭ്യാസം വളരെ ചെറിയ ഒരു ന്യൂനപക്ഷത്തിൻെറ മാത്രം അവകാശമായിത്തീർന്നു. ആ സമൂഹത്തിൽ തന്നെ വീണ്ടും വളരെ ചെറിയ ഒരംശം ജനങ്ങളുടെ കർമമായി, ഉപജീവനമാർഗമായി അധഃപ്പതിച്ചു. ഭാരതത്തിൽ വളർന്ന പാശ്ചാത്യ വിദ്യാഭ്യാസസംവിധാനവും പശ്ചിമാർദ്ധഗോളത്തിലെ ശാസ്ത്ര-സാങ്കേതിക-വ്യാവസായിക വിപ്ലവങ്ങളും ഈ അപചയത്തെ കാര്യമായി സഹായിക്കയും ചെയ്തു.

മാനവധർമ കർമങ്ങളെ സംബന്ധിച്ച ഈ ശോച്യാവസ്ഥയ്ക്ക് വളരെയധികം ആക്കം വർദ്ധിക്കുവാനിടയാക്കിയ മറ്റൊരു പ്രതിഭാസം മതങ്ങളുടെ രാഷ്ട്രീയവൽക്കരണമായിരുന്നു. സാമൂഹ്യ ദുഃസ്ഥിതികളും സാമ്പത്തികാസമത്വവും മൂലധനമാക്കിയിരുന്ന രാഷ്ട്രീയപ്രസ്ഥാനങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും മതത്തേയും ദൈവസങ്കല്പത്തേയും, നിലനില്പിനും വളർച്ചയ്ക്കുമുള്ള കൈമുതലാക്കി മാറ്റി. ഈ കുത്തൊഴുക്കുകളുടെ അലകളിലും ചുഴികളിലും മുങ്ങിത്താഴുകയാണ് മനുഷ്യൻ ഇന്ന്.

ആഗോളവ്യാപകമായുണ്ടായ ഈ ആത്മീയാധഃപതനം വളരെ ആപത്കരമായ ഒരു സാഹചര്യത്തിലേക്കു മനുഷ്യനെ നയിച്ചു. ദൈവത്തിൽ നിന്ന് അവൻ ബഹുദൂരം അകന്നു. മൗലികമായ ദൈവസങ്കല്പത്തെപ്പറ്റിയുള്ള അജ്ഞതയും ഈശ്വരജ്ഞാനം പ്രാപിക്കുവാനുള്ള സംവിധാനത്തിൻെറ അഭാവവും അവനെ പൂർണമായി പാപത്തിൻെറ വഴികളിലേക്കു തള്ളിവിട്ടു. പാപസാഹചര്യങ്ങളിൽ മൂക്കോളം മുങ്ങിയ മനുഷ്യ സമൂഹം ഇന്നു പാപശാപങ്ങളുടെയും പാപശിക്ഷകളുടെയും അന്തമില്ലാത്ത ആഴങ്ങളിലാണ്. മാരകമായ ഈ നീർക്കയങ്ങളിൽ ഒരു പിടിവള്ളിക്കായുള്ള മനുഷ്യൻെറ ദീനവിലാപങ്ങളാൽ ഇന്ന് ഭൗമാന്തരീക്ഷം മുഖരിതമായിരിക്കുന്നു. ലോകമെമ്പാടുമുള്ള ജനപഥങ്ങളിൽ അതിദയനീയമായ ഈ സാഹചര്യം ഇന്നു ദൃശ്യമാണ്. അങ്ങനെ ഈ സ്ഥിതിവിശേഷം മനുഷ്യൻെറ ആത്മീയ, സാമൂഹ്യ മണ്ഡലങ്ങളെ മാത്രമല്ല നിത്യജീവിതത്തെ തന്നെയും ഗ്രസിച്ചുകഴിഞ്ഞിരിക്കുന്നു.

ലോക മാനവസമൂഹത്തിൻെറ സ്ഥിതി ഇങ്ങനെയൊക്കെയാണെങ്കിലും ഭാരതത്തിൽ ഈ അപചയം താരതമ്യേന കുറവേ ഉണ്ടായിട്ടുള്ളുവെന്നത് ആശ്വാസകരമാണ്. നമ്മുടെ ആത്മീയ, സാംസ്കാരിക പൈതൃകത്തിൻെറ പ്രത്യേകതയാണത്. പത്തൊമ്പതാം നൂറ്റാണ്ടിൻെറ മദ്ധ്യയാമങ്ങൾവരെ യൂറോപ്പിലാകമാനം ഭരണാധികാരവും മതനേതൃത്വവും കൈകോർത്തുപിടിച്ചുനിന്ന് മനുഷ്യവർഗത്തെ ചൂഷണം ചെയ്തിരുന്നപ്പോൾ മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്ന് മർദ്ദിതതൊഴിലാളിവർഗത്തിനു പറയേണ്ടിവന്നപ്പോഴും ഇന്ത്യയിൽ സ്ഥിതി അത്രയ്ക്കു വഷളായിരുന്നില്ല. രാജഗുരുക്കന്മാരായിരുന്ന പുരോഹിതർ സ്വന്തം സുഖജീവിതത്തിനനുരൂപമായി ഭരണാധിപന്മാരെ സ്വാധീനിച്ചിരുന്നു. എങ്കിലും, ജനക്ഷേമകരമായ രാജധർമത്തിൽ നിന്നു അണുവിട വ്യതിചലിക്കുവാനവരെ അനുവദിച്ചിരുന്നി

(ശേഷം പേജ് 8)




എല്ലാ കീഴ്ക്കോടതികളും, ഒടുവിൽ സുപ്രീം കോടതിയും ഹൈക്കോടതിയും ആത്മാർത്ഥമായി വിധിച്ചു നോക്കിയിട്ടും സഭാപ്രശ്നം തീരുന്ന മട്ടില്ല. പാത്രിയർക്കീസും കാതോലിക്കായും ഇടപെട്ടു നോക്കി. സുന്നഹദോസുകളും, അടിപിടിയും അക്രമവും പലതും നടന്നു. സന്ധി സംഭാഷണം, ഉപവാസ പ്രാർത്ഥനാമഹോത്സവം, ഊരുവിലക്ക്, ഇടയലേഖനം എന്നിവകൊണ്ടും പ്രശ്നം തീരുന്നില്ല. വെറുതെ കിട്ടുന്ന രണ്ടുവോട്ടു കളഞ്ഞ് സഭാപ്രശ്നം തീർക്കുവാൻ കച്ചവടരാഷ്ട്രീയക്കാരും ഗവൺമെൻറും തയാറാകില്ലെന്ന് ഏതു കൊച്ചുകുട്ടിയോടു ചോദിച്ചാൽപ്പോലും പറഞ്ഞുതരും. പ്രാർത്ഥനയ്ക്ക് നേതൃത്വം കൊടുക്കുന്നവർ തമ്മിലുള്ള അടിയായതുകൊണ്ട് പ്രാർത്ഥിച്ചാൽ സഭാപ്രശ്നം തീരുമെന്നു ധ്യാനിക്കുന്ന ആത്മാവ് മഞ്ഞുകൊണ്ടിട്ടു കാര്യമില്ല. പിന്നെ ഈ കടിപിടി തീർക്കാനെന്തു വഴിയെന്ന് മതഭ്രാന്തുരോഗം തലയ്ക്കടിക്കാത്ത കുറച്ചുപേരെങ്കിലും കുത്തിയിരുന്നാലോചിക്കണ്ടേ? നമ്മുടെ ദൈവങ്ങൾക്കും പുണ്യാളന്മാർക്കും സമാധാനമായി പള്ളിയിൽ കിടന്നുറങ്ങണമല്ലോ. ഇതിനുള്ള ഒരേയൊരു വഴി നമ്മുടെ പാരമ്പര്യത്തിലാണ് കാണുന്നത്.

● പാരമ്പര്യമോ. അതല്ലേ അടിപിടിയും കേസും?

○ അതിനു മുമ്പുള്ള 'ദി എൻഷ്യൻറ് കേരള ട്രഡിഷൻ'.

● അതെന്താണ്?

○ അതാണ് അങ്കമാലി.

● എന്തങ്കമാലി?

○ എറണാകുളം ജില്ലയിൽ ആലുവയ്ക്കടുത്തുള്ള പട്ടണമാണ് അങ്കമാലി. 'ആലി' എന്നൊരു മല്ലൻ അങ്കമാടി ജയിച്ചതുകൊണ്ടാണ് ഈ സ്ഥലത്തിന് ഇങ്ങനെ പേരുണ്ടായത്. പതിനാറാം നൂറ്റാണ്ടിൽ റോമൻ കത്തോലിക്കരും മലബാർ സിറിയൻ ക്രിസ്ത്യാനികളും തമ്മിലുള്ള മത്സരത്തിൽ മുഖ്യപങ്കു വഹിച്ച ആർച്ച് ബിഷപ്പ് മാർ അബ്രഹാമിനെ അടക്കം ചെയ്തിരിക്കുന്നതും ഇവിടെയാണ്. *അഞ്ഞൂറു വർഷം മുമ്പേ, അടിപിടി കൂടുന്ന സ്വഭാവഗുണം കണക്കിലെടുത്ത നഗരപിതാവായ ആലിയുടെ മാർഗം നമ്മൾ പിൻതുടർന്നാൽ സഭാപ്രശ്നം മണിക്കൂറുവച്ചു പരിഹരിക്കാവുന്നതാണ്. ഇക്കാര്യത്തിൽ അങ്കമാലിക്കാർ തന്നെയാണ് മുൻകൈ എടുക്കേണ്ടത്.*

● അപ്പോൾ വിശ്വാസികൾ തമ്മിൽ അങ്കം വെട്ടണമെന്നാണോ പറഞ്ഞുവരുന്നത്?

○ അതേ. ജനങ്ങൾ തമ്മിലുണ്ടാകുന്ന തർക്കങ്ങൾക്ക് അവസാന പരിഹാരമായിരുന്നു. *പ്രാചീന കേരളത്തിലെ യുദ്ധമുറയായ അങ്കംവെട്ടലിന് സർക്കാർ ടാക്സ് ഏർപ്പെടുത്തിയിരുന്നു. സഭാപ്രശ്നത്തിന് ഈ പാരമ്പര്യരീതിയൊന്നു പരീക്ഷിച്ചുനോക്കിക്കൂടെ! സംഗതി ക്രിസ്തീയമല്ലെന്ന് തോന്നുന്നുണ്ടെങ്കിൽ 'വിശുദ്ധ അങ്ക'മെന്നാക്കിയാൽ മതിയല്ലോ.* അടിപിടി എല്ലാ മതവിഭാഗങ്ങളിലുമുള്ളതുകൊണ്ട് പ്രശ്നപരിഹാരത്തിന് ഈ സുരക്ഷിത മാർഗം എല്ലാവർക്കും ഒന്നു പയറ്റി നോക്കാവുന്നതാണ്.

● എങ്ങനെയാണ് അങ്കം വെട്ടുന്നത്?

○ അങ്കം വെട്ടി തർക്കപരിഹാരം കാണാൻ തീരുമാനിച്ചാൽ, വിദഗ്ദ്ധരായ ചേവകരെ അന്വേഷിച്ചു കണ്ടുപിടിക്കലാണ് ആദ്യപടി. സഭയിൽ എന്തിനും പോന്ന ഇടയൻമാരും അൽമേനികളുമുള്ളതുകൊണ്ട് ആളെത്തേടി പോകേണ്ട കാര്യമില്ല. പല മതവിഭാഗങ്ങൾക്കും ആയുധപരിശീലനക്കളരികൾ ഇപ്പോൾ നിലവിലുണ്ട്. സെമിനാരികളിൽ 'അങ്കംവെട്ട്' ഒരു കോഴ്സായി ചേർത്ത് അതിനു പറ്റിയ അദ്ധ്യാപകരെ നിയമിച്ച് പരിശീലനം കൊടുത്താൽ ഭാവിയിൽ റവ. ചേവകരുടെ കാര്യത്തിൽ സ്വയംപര്യാപ്തത നേടാം. അങ്കത്തിനേറ്റു കഴിഞ്ഞാൽ അതിനുള്ള സമയവും സ്ഥലവും നാടുവാഴിയുടെ അനുമതിയോടെ നിശ്ചയിക്കപ്പെടുകയാണു പതിവ്. കേരളശൈലിയിൽ അങ്കം വെട്ടിയാണ് ഇനി ഞങ്ങൾ സഭാപ്രശ്നങ്ങൾ തീർക്കുവാൻ പോകുന്നതെന്ന് രേഖാമൂലം കളക്ടർക്ക് എഴുതിക്കൊടുത്ത് കരമടച്ചാൽ ഏതു ചെന്ത്രാപ്പിള്ളിയിൽ വച്ചും അങ്കം നടത്താൻ ലൈസൻസാകും.

● പിന്നെന്താണ് പരിപാടി?

○ അങ്കത്തട്ടിൻെറ നിർമ്മാണമാണ് പിന്നീടു നടക്കുക. നാടുവാഴിയോ (കളക്ടർ/ആർ.ഡി.ഒ), അയാൾ നിയോഗിക്കുന്ന ഏതെങ്കിലും ആളോ ആ പണിയിൽ പ്രാവീണ്യം നേടിയിട്ടുള്ള തച്ചനെക്കൊണ്ട് അങ്കത്തട്ട് പണിയിക്കുന്നു. ഇന്നത്തെ സ്റ്റേജിൻെറ മാതൃകയിലുള്ളതാണ് അങ്കത്തട്ട്. എല്ലാ പള്ളികൾക്കും പാരിഷ്ഹാളും അരമനകളിൽ കോൺഫ്രൻസ് ഹാളുമുള്ളതുകൊണ്ട് ഈ ചെലവ് ഒഴിവാക്കാം.

● പിന്നെ?

○ അങ്കത്തട്ടിൽ ഗണപതിപൂജ കഴിക്കുന്ന 'തട്ടുവഴങ്ങൽ' പരിപാടിക്കു പകരം ശുദ്ധീകരണപ്രാർത്ഥന നടത്തിയാൽ മതി. അങ്കത്തിനേറ്റ ചേവകൻ ഏഴു ദിവസം വ്രതമനുഷ്ഠിക്കണമെന്നുണ്ട്. അങ്കം അമ്പതുനോമ്പിലാക്കുകയാണെങ്കിൽ പ്രത്യേകിച്ച് വ്രതവും വേണ്ട, നോമ്പു നോക്കുന്നതുകൊണ്ട് മിനിമം പ്രയോജനവുമാകും.

● ഇനിയാണ് അങ്കം, അല്ലെ?

○ നാടുവാഴി, ദേശവാഴി, നാട്ടുകാർ എന്നിവരുടെ മുമ്പാകെ തർക്കത്തിലേർപ്പെട്ട കക്ഷികൾ അതു പരിഹരിക്കുവാനവലംബിച്ച എല്ലാ മാർഗങ്ങളെപ്പറ്റിയും വിവരിക്കണം. പിന്നെ ആവശ്യമാണെങ്കിൽ ആദ്യം കോഴിയങ്കം നടത്താം. ഭാവിയിലെ ജയാപജയങ്ങളെപ്പറ്റി അറിയാനാണ് കോഴിയങ്കം. അതുകഴിഞ്ഞാൽ പിന്നെ 'ആളങ്ക'മായി. അങ്കത്തിൽ ചതി പാടില്ല. അങ്കത്തിലേർപ്പെടുന്ന ചേകോന്നു തുണയായി മറ്റൊരാളെ കൂട്ടാൻ അവകാശമുണ്ട്. അങ്കം വെട്ടുന്നത് തിരുമേനിമാർ തമ്മിലാണെങ്കിൽ റമ്പാൻ, കോറെപ്പിസ്കോപ്പ എന്നിവരും, അച്ചന്മാർ ത്മ്മിലാണെങ്കിൽ അപ്പൂദിയക്നോയും, ശെമ്മാശന്മാർക്ക് ശുശ്രൂഷകരും, കൈക്കാരന്മാർക്ക് മുതൽപിടിയും സഹായകരാകാവുന്നതാണ്. അങ്കം നടക്കുമ്പോൾ എതിരാളിയുടെ അടവുകൾ സൂക്ഷിക്കുക, ആയുധം മുറിഞ്ഞാൽ പകരം കൊടുക്കുക, അങ്കം വെട്ടുന്ന ചേവകന് വിശ്രമം വേണമെന്നു തോന്നുമ്പോൾ അയാൾക്കു പകരം അങ്കംവെട്ടുക എന്നീ ജോലികളാണ് സഹായിയായ ചേവകന് നിറവേറ്റാനുള്ളത്. വാളും പരിചയുമാണ് അങ്കത്തിനുപയോഗിക്കാറുള്ള ആയുധ

ങ്ങൾ. അങ്കം വിശുദ്ധസ്ഥാനികൾ തമ്മിലാകുമ്പോൾ മാരകായുധങ്ങൾക്കുപകരം സ്ലീബയും മറുബഹറസയുമൊക്കെ ഉപയോഗിക്കാവുന്നതാണ്. പണ്ട് നമ്മൾ കുരിശുയുദ്ധം നടത്തിയപ്പോൾ കൊലവിളി നടത്തിയത് സ്ലീബ ഉയർത്തിപ്പിടിച്ചല്ലേ? പാരമ്പര്യം പറഞ്ഞ് ഇതൊക്കെ ശക്തമായി നീതികരിക്കുമ്പോൾ വിശ്വാസികൾ 'ആമീൻ' പറഞ്ഞോളും.

● സഭാപ്രശ്നം തീർക്കുവാൻ അങ്കംവെട്ടുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണ്?

○ വക്കീൽഫീസ്, കേസ് നടത്തിപ്പ്, സ്റ്റേ വാങ്ങൽ, അടിപിടി, കയ്യേറ്റം, ദുർമരണം, കൂട്ടിക്കൊടുപ്പ് എന്നിവ ഒഴിവാക്കാം. എപ്പോഴും എവിടെവച്ചും മിനിമം ചിലവിലും കുറഞ്ഞ റിസ്കിലും നടത്താവുന്ന ബലപരീക്ഷണമാണിത്. പ്രതിനിധികൾ അങ്കം വെട്ടിക്കൊള്ളുമെന്നതിനാൽ ഇൻഡ്യയ്ക്കകത്തും പുറത്തുമുള്ള വി.ഐ.പി. കൾക്ക് ബലപരീക്ഷണത്തിൽ പങ്കെടുക്കാവുന്നതാണ്. *അങ്കം ഒരു കായികാഭ്യാസ കല കൂടിയാണ്. അതിൽ വയലൻസ് വളരെ കുറവാണ്. നസറായന്റെ ചാട്ടവാറിന്റത്ര 'പെയിൻഫുള്ളു'മല്ല. കല്പന കൊടുത്താൽ വലിയ പള്ളിക്കാർ ഈ കളി സ്പോൺസർ ചെയ്തോളും. അവർക്കൊരു പബ്ലിസിറ്റിയും വരവു ചെലവെഴുതാൻ ഒരു ഇനവുമാകും. വിശ്വാസികൾക്ക് അങ്കവും കാണാം, മുളകും പറിക്കാം.* ഇടവകയിലെ തർക്കത്തിന് അങ്കമാണ് നല്ലത്. തോൽക്കുന്ന കക്ഷി പിൻമാറുകയും മറുകക്ഷി ഭരണം കയ്യാളുകയും ചെയ്യുകയെന്ന അങ്കനിയമം അണുവിട മാറ്റാൻ പറ്റില്ല. തർക്കം വന്നാൽ വേണമെങ്കിൽ പിന്നേം അങ്കമാകാം, 'ഞഞ്ഞപിഞ്ഞ' പറയുന്ന പരിപാടി നടപ്പില്ല.

● പള്ളികളിലെ ബാലറ്റു തെരഞ്ഞെടുപ്പിനേക്കാൾ ഒരു വി. അങ്കം നടത്തുന്നതല്ലേ വികാരിയുടെ ആരോഗ്യത്തിനു നല്ലത്?

○ പുറമെ ആത്മീയ മേനിപ്രസംഗം നടത്തിയിട്ട് തിരശീലയ്ക്കു പിന്നിൽനിന്ന് കരുനീക്കം നടത്തുന്ന ഇടയന്മാർ പബ്ലിക്കായി കുപ്പായം മടക്കിക്കുത്തി അങ്കം വെട്ടുന്നത് കാപട്യത്തേക്കാൾ അന്തസ്സും ചങ്കൂറ്റവുമുള്ള പണിയാണ്. ഏത് ആത്മീയത്തൊഴിലാളി നെഞ്ചത്തടിച്ചു പാടിയാലും ഓടിയെത്തി വഴിപാടിടുന്ന പ്രതികരണശേഷിയില്ലാത്ത 'വിശ്വാസികളുടെ സമൂഹം' അങ്കവും വി. വഴിപാടായി ഏറ്റു കഴിച്ചോളും. പൂത്ത പണമുള്ള മുതലാളിമാർ 'ജാക്ക് പോട്ട്' വച്ച് കളി ഉഷാറാക്കിക്കോളും. സഭാവഴക്കു മാത്രമല്ല, ദേശീയ- അന്തർദേശീയ തലങ്ങളിലെ വഴക്കും വിവാദവും പരിഹരിക്കാൻ ആറ്റംബോംബും പാറ്റൻടാങ്കും വേണ്ട. യുണൈറ്റഡ് നേഷൻസ് അമ്പയറായി അങ്കംവെട്ട് നടത്തിയാൽ ധന-മാന-ജീവൻ നഷ്ടമെല്ലാം ഒഴിവാക്കാം. ●

---

**ആർഷഭാരത സംസ്കാരവും.....** *(6-ാം പേജ് തുടർച്ച)*

ല്ല. അതുകൊണ്ടു തന്നെയാണ് തൊഴിലാളി വർഗാധിപത്യ പ്രസ്ഥാനങ്ങളും അവയുടെ പ്രത്യയശാസ്ത്രങ്ങളും ഇൻഡ്യയിൽ വേരുപിടിക്കാതെ പോയത്. എങ്കിലും മൗലിക മതബോധനങ്ങളിൽ നിന്നു ബഹുദൂരം വ്യതിചലിച്ച് ക്ഷേത്രാചാരങ്ങൾക്കും വൈവിധ്യമാർന്ന പൂജാമുറകൾക്കും പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു മതവിശ്വാസസംവിധാനം പുരോഹിതവർഗം ഇവിടെ പ്രചരിപ്പിച്ചു. ഇന്ന് മതബോധനമെന്നാൽ അവ മാത്രമാണെന്ന സ്ഥിതിയിലെത്തിയിരിക്കുന്നു. വേദോപനിഷത്വിദ്യാഭ്യാസം പൂർണമായി അവഗണിക്കപ്പെട്ടിരിക്കുന്നു. വെറും ആചാരബദ്ധമായ മതവിശ്വാസത്തെ ചൂഷണം ചെയ്ത്, ഭരണപക്ഷവും പ്രതിപക്ഷവുമടങ്ങുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നിലനില്പു തേടുന്നു. ഈശ്വരവിശ്വാസത്തിലൂടെ ആത്മശാന്തിയെന്ന മൗലികസങ്കല്പം മൃതപ്രായമായി മരവിച്ചു നില്ക്കുകയാണ്.

എന്താണു പ്രതിവിധി? കുറുക്കുവഴിയൊന്നുമില്ല. യാഥാർത്ഥ്യത്തിലേക്കു മടങ്ങുക, സത്യത്തെ തിരിച്ചറിയുക. ആർഷഭാരത സംസ്കാരത്തിന്റെ തനിമയിലേക്ക്, ശ്രുതിസ്മൃതികളുടെ, ഇപ്പോൾ നിഗൂഢങ്ങളെങ്കിലും ഉദാത്തമായ ആശയാദർശങ്ങളുടെ ഔന്നത്യത്തിലേക്കു നമുക്കു മടങ്ങിച്ചെല്ലാം. വേദോപനിഷത്തുകളുടെ അർത്ഥാനന്തതയിലേക്ക് സത്യാന്വേഷണപരതയോടെ കടന്നു ചെല്ലുമ്പോൾ ഇന്നത്തെ മതബോധന സംവിധാനം മനഃപൂർവമോ കാലത്തിന്റെ യാദൃശ്ചികതയിലോ അവഗണിച്ച പല പാഠഭാഗങ്ങളും നമുക്കു കണ്ടെത്താൻ കഴിയുന്നു. അവയ്ക്ക്, പിന്നീട് മ്ലേച്ഛധർമമെന്നും പാശ്ചാത്യമെന്നും വിശേഷിപ്പിക്കപ്പെട്ട ജൂത - ക്രൈസ്തവ ധർമങ്ങളോടുള്ള അനവഗണനീയമായ സമാനത നമ്മെ അത്ഭുതപ്പെടുത്തുകയും ചെയ്യുന്നു.

ഹൈന്ദവധർമ സംസ്കാരങ്ങൾ ചക്രവാളസീമകൾക്കപ്പുറമെത്തിച്ച വിവേകാനന്ദസ്വാമികളെപ്പോലെ മഹർഷിതുല്യനായ ഒരു മഹാത്മാവിന് യേശുവിനെ ഒരു പൗരസ്ത്യനായി കാണാനിടനൽകിയത് ഈ സാധർമ്യവും സമാനതയും തന്നെയാണ്. യേശുവിന് പൗരസ്ത്യാശയങ്ങളുടെ വക്താവെന്നതിലുപരി ഈശ്വരപീഠം തന്നെ നൽകുന്നുണ്ട്, സ്വാമി വിവേകാനന്ദൻ. അദ്ദേഹം പറഞ്ഞു: " ഞാനൊരു പൗരസ്ത്യൻ, ക്രിസ്തുദേവനെ ആരാധിക്കുകയാണെങ്കിൽ അതിനൊരു വഴിയേ എനിക്കുള്ളു - ഈശ്വരനായിട്ട് അർച്ചിക്കുക, വേറൊന്നുമായിട്ടല്ല." *വിവേകാനന്ദസ്വാമികളുടെ തന്നെ ഭാഷയിൽ പറഞ്ഞാൽ കുണ്ടുകിണറ്റിൽ കിടക്കുന്ന തവളയെപ്പോലെ, താനിരിക്കുന്നു കിണറാണു വലുത്, അതിനെക്കാൾ വലിയതൊന്നുമില്ല എന്ന മിഥ്യാബോധത്തിൽ പരസ്പരം ചീത്തവിളിക്കുന്നതിൽ നിന്ന് നമുക്കു വിരമിക്കാം.* ●

*ക്രിസ്തുമത വിശ്വാസിയും മുരിങ്ങൂർ ധ്യാനകേന്ദ്രത്തിലെ പ്രഭാഷകനുമായ ശ്രീ. അരവിന്ദാക്ഷമേനോൻ രചിച്ച 'ദിവ്യസംഗമ'ത്തിൽ നിന്ന്. ഈ ഗ്രന്ഥത്തിന്റെ അറുപതിനായിരം പ്രതികൾ ഇതിനോടകം വിറ്റുകഴിഞ്ഞിട്ടുണ്ട്.*

*പത്രാധിപർ*

## Praying In Tongues

An elderly gentleman passed his granddaughter's room one night and overheard her repeating the alphabet in an oddly reverent way. "What on earth are you up to?", he asked.

"I am saying my prayers," explained the little girl. "But I can't think of exactly the right words tonight, so I'am just saying all the letters. God will put them together for me, because He knows what I am thinking.

*-Quote*

പരീക്ഷ ഒരു അന്ത്യവിധിയായി വിദ്യാർത്ഥിക്കു തോന്നരുത്, പഠിത്തത്തിൻെറ ഭാഗം മാത്രമാണ് പരീക്ഷ എന്ന അവബോധം കുട്ടിക്കുണ്ടാകണം. പ്രാർത്ഥനയോടെ പഠിക്കുന്നവർക്ക് പരീക്ഷ ഒരു പേടിസ്വപ്നമാകില്ല.



# പരീക്ഷ ഉത്സവമാക്കൂ

ജോർജ് ബഹനാൻ ടി. (കൺസൾട്ടൻറ് കൗൺസലർ & തെറാപ്പിസ്റ്റ്, തിരുവനന്തപുരം)

പത്താം ക്ലാസ്സിലെ പരീക്ഷയെഴുതാൻ പോയ ഒരു വിദ്യാർത്ഥി കൂട്ടുകാരനോട് പറഞ്ഞു: എസ്.എസ്.എൽ.സി പരീക്ഷയിൽ നല്ല മാർക്ക് വാങ്ങിയാൽ എൻെറ അച്ഛൻ എനിക്കൊരു സൈക്കിളാണ് സമ്മാനം തരിക. കൂട്ടുകാരൻ പറഞ്ഞു : അതിലെന്തിരിക്കുന്നു. ഞാൻ പത്താം ക്ലാസ്സിൽ തോറ്റാൽ എനിക്കു കിട്ടുന്ന സമ്മാനം ഒരു ഓട്ടോറിക്ഷയാണ്. *പരീക്ഷയോടുള്ള മുതിർന്നവരുടെ സമീപനം വളരെ രസകരമാണ്. അച്ഛനും അമ്മയും, അദ്ധ്യാപകരും ചേർന്ന് പരീക്ഷ യെ ഒരു ബാലികേറാമലയാക്കി അതിൻെറ താഴ്‌വരയിൽ കുട്ടികളെ മാനസികരോഗികളാക്കുന്നു.* പരീക്ഷയെ ഒരു പേടിസ്വപ്നമാക്കുന്നതിൽ അദ്ധ്യാപകർക്കും, മാതാപിതാക്കൾക്കും ഒരു വലിയ പങ്കുണ്ട്. വൈദ്യ ശാസ്ത്രത്തിൻെറ പിതാവായ ഗ്രീസിലെ ഹിപ്പോക്രാറ്റസ് ആണ് ഭയങ്ങളെപ്പറ്റി ആദ്യമായി പഠിക്കുന്നത്. പക്ഷേ, അദ്ദേഹത്തിന് ഈ പരീക്ഷാഭയത്തെപ്പറ്റി അത്ര പിടിയില്ലായിരുന്നു. ആ കാലഘട്ടത്തിൽ പരീക്ഷകൾ വിരളമായിരുന്നല്ലോ.

പരീക്ഷ, മാർക്ക്, റാങ്ക് - ഇതിനപ്പുറം വിദ്യാഭ്യാസത്തെ കാണാൻ ഭൂരിപക്ഷം പേർക്കും സാധിക്കുന്നില്ല. പരീക്ഷയെപ്പറ്റി മുതിർന്നവരുടെ അനാവശ്യമായ ആകാംക്ഷയാണ് ആദ്യം മാറേണ്ടത്. പരീക്ഷയിൽ തോറ്റാൽ, മാർക്ക് കുറഞ്ഞാൽ, ജീവിതം തകർന്നുവെന്ന ചിന്താഗതിയ്ക്കപ്പുറം ജീവിതത്തിൻെറ ധന്യതയും അർത്ഥവും കാണുന്നതാണ് വിദ്യാഭ്യാസത്തിൻെറ യഥാർത്ഥ ലക്ഷ്യം. പരീക്ഷയ്ക്കും മാർക്കിനും വേണ്ടി മാത്രമല്ല പഠിക്കുന്നതെന്ന ഉദാത്തമായ മാനസികാവസ്ഥയിലേക്ക് വന്നെങ്കിലേ വിദ്യാഭ്യാസം അർത്ഥപൂർണമാകൂ. അല്ലാത്തതെല്ലാം ദൂരവ്യാപകമായ മാനസിക പ്രശ്നങ്ങളുണ്ടാക്കും. പരീക്ഷയിൽ കിട്ടിയ മാർക്കിൻെറ അടിസ്ഥാനത്തിൽ അവരവരെയും, മറ്റുള്ളവരെയും കാണാൻ ശ്രമിക്കുമ്പോൾ ജീവിതം വെറും അക്കങ്ങളിലൊതുങ്ങുന്നു. 90% മാർക്ക് വാങ്ങണമെന്ന് കർശനമായി ടാർജറ്റ് വച്ച ഒരു കുട്ടിയുടെ തലയിൽ ആ വിചാരമേയുള്ളൂ. ഊണിലും ഉറക്കത്തിലും അവനതു കാണുന്നു. അത്രയും മാർക്ക് എങ്ങനെ വാങ്ങിക്കും? കിട്ടിയില്ലെങ്കിൽ എന്തു ചെയ്യും? ഇത് മാനസിക പിരിമുറുക്കവും ആകാംക്ഷയും ധാരാളം മാനസിക പ്രശ്നങ്ങളുമുണ്ടാക്കും. അതുകൊണ്ട് മാർക്ക് കുറയുമ്പോഴും പരീക്ഷയിൽ തോൽക്കുമ്പോഴുമുണ്ടാകുന്ന നഷ്ടബോധം, ദേഷ്യം, കുറ്റബോധം എന്നിവ എല്ലാ കുട്ടികളെയും വല്ലാതെ ബാധിക്കും. നഷ്ടബോധം തൽക്കാലത്തേക്കെങ്കിലും ഓർമ കുറയ്ക്കും. ദേഷ്യം ഏകാഗ്രതയില്ലാതാക്കും, തലവേദനയുണ്ടാക്കും. "ഒന്നും ഓർക്കാൻ പറ്റുന്നില്ല," "പഠിച്ചിട്ട് തലയിൽ കേറുന്നില്ല" - കുട്ടികളുടെയൊരു സ്ഥിരം പല്ലവിയാണിത്.

ന്യൂ വിഷൻ ഫോർ എ ചേഞ്ചിങ് വേൾഡ്

❖ ❖ ❖

സീന എന്ന പെൺകുട്ടിയുടെ പ്രശ്നം പരീക്ഷാഭയമാണ്. പ്രത്യേകിച്ച്, കണക്കു പരീക്ഷ നടക്കുന്ന ഹാളിൽ കയറാൻ പോലും പേടിയാണ്. പത്താം ക്ലാസ്സിൽ കയറിയപ്പോഴാണ് പ്രശ്നം ഗുരുതരമായത്. ഈ കുട്ടി എട്ടിലും ഒൻപതിലും കണക്കിന് ജയിച്ചിട്ടേയില്ലെന്ന് കൗൺസലിംഗിലൂടെ മനസ്സിലാകാനിടയായി. അതുമല്ല, പരീക്ഷ കഴിഞ്ഞ് ബാപ്പ ഗൾഫിൽ നിന്നു ഫോണിൽ വിളിച്ചു പറയും: "If you fail again, I will kill you". സീനയുടെ പരീക്ഷാഭയത്തിൻെറ കാരണം ഇപ്പോൾ വ്യക്തമായല്ലോ.

❖ ❖ ❖

ഒൻപതാം ക്ലാസ്സിൽ പഠിക്കുന്ന നിത്യ എന്ന മിടുക്കി പരീക്ഷാഹാളിൽ കയറുമ്പോൾ തലചുറ്റി വീഴും. അച്ഛൻെറയും അമ്മയുടെയും പ്രതീക്ഷകൾക്കൊപ്പം മാർക്കു മേടിക്കാൻ സാധിക്കുമോയെന്ന ഉൽക്കടമായ സംശയം ഈ കുട്ടിയെ മാനസികമായി അലട്ടുന്നു. പരീക്ഷയും ഫലങ്ങളും ആത്മഹത്യ വരെ നമ്മുടെ കുട്ടികളെ എത്തിച്ചിരിക്കുന്നു. ഓരോ വർഷവും എസ്.എസ്.എൽ.സി ഫലമറിയുമ്പോൾ ആത്മഹത്യാനിരക്ക് കൂടിവരികയാണ്. അഞ്ഞൂറു മാർക്ക് പ്രതീക്ഷിച്ചു. അത്രയും മാർക്ക് ഇല്ലെന്ന് ആരോ പറഞ്ഞതു കേട്ട് അടുക്കളയിലേക്കോടി മണ്ണെണ്ണയൊഴിച്ച് തീകത്തിച്ച് ആത്മഹത്യ ചെയ്തു. ഫലം വന്നപ്പോൾ, പ്രതീക്ഷിച്ച മാർക്കുണ്ട്. മുതിർന്നവരുടെ മാർക്ക്മത്സരത്തിൽ ഹോമിക്കപ്പെടുന്നത് കുട്ടികളാണ്.

❖ ❖ ❖

"അടുത്ത വർഷം നിൻെറ പടം പത്രത്തിൽ വരണം", ഒരമ്മയുടെ ആഗ്രഹമാണ്. മാധ്യമങ്ങൾ റാങ്കുകാർക്കു കൊടുക്കുന്ന അമിതപ്രാധാന്യം നമ്മുടെ വിദ്യാഭ്യാസത്തിനു ചേർന്നതല്ല. മന്ത്രിമാർ നേരിട്ട് റാങ്കുകാരെ സന്ദർശിക്കുന്നു. പത്രക്കാരും, ടി. വിക്കാരും അവരെ ഇൻ്റർവ്യൂ ചെയ്യുന്നു. റാങ്കുകാരേക്കാൾ എത്രയോ മിടുക്കന്മാരും മിടുക്കികളും റാങ്കില്ലാത്തവരിലുണ്ട്.

*ശാസ്ത്രീയമായി പഠിക്കാൻ കുട്ടികളെ പരിശീലിപ്പിക്കുന്നതാണ് ഇന്നിൻെറ ആവശ്യം. കുട്ടികൾ അവരവരുടെ കഴിവുകൾക്കനുസൃതമായി പഠിക്കട്ടെ. അടുത്ത വീട്ടിലെ കുട്ടി പഠിക്കുന്നതുപോലെ പഠിക്കാൻ അവരോടു പറയരുത്.* Do your best, ശക്തമായ ഈ ആഹ്വാനം അവർക്കു കൊടുക്കുക. Each according to his ability എന്നതു തന്നെയാണ് ഇതിൻെറ പൊരുൾ. ഈ മനഃശാസ്ത്രസത്യത്തിലേക്ക് കുട്ടികളെ കൊണ്ടുവരണം. ഓരോരുത്തരും അതുല്യരാണെന്നുള്ള ആ വലിയ ഉൾക്കാഴ്ച കിട്ടിയാൽ അവർ ധന്യരാകും.

❖ ❖ ❖

പത്താം ക്ലാസ്സിലെ നല്ലൊരു കുട്ടിയാണ് മിനി. പക്ഷേ, ഇംഗ്ലീഷിൻെറ ഉത്തരക്കടലാസ് കിട്ടയപ്പോൾത്തന്നെ പല മാർക്കുകളും ക്ലാസ്സിൽ വച്ചു അവൾ തിരുത്തി. അല്ലെങ്കിലവൾക്കു വീട്ടിൽ കയറാൻ പറ്റില്ല. പ്രോഗ്രസ്സ് റിപ്പോർട്ട് തിരുത്തുക, കള്ളയൊപ്പിടുക, മാർക്ക് തിരുത്തുക, കോപ്പിയടിക്കുക മുതലായവ കുട്ടികളെക്കൊണ്ട് ചെയ്യിപ്പിക്കുന്നത് മുതിർന്നവരുടെ അമിതമായ ആകാംക്ഷയാണ്. അതുപോലെ, പല മാതാപിതാക്കളുടേയും സ്റ്റാറ്റസ് സിമ്പലാണ് കുട്ടികളുടെ മാർക്ക്. "മോനേ, എൻെറ അഭിമാ



# IMPACT OF GLOBALISATION

The positive connotations of globalization are difficult to see when the majority of countries are excluded from global decision-making, says a statement issued by a consultation on "Globalization in Central and Eastern Europe-responses to the ecological, economic and social consequences". The consultation, sponsored by the World Council of Churches, the Conference of European Churches, the World Alliance of Reformed Churches and its European Area Committee gathered almost a hundred participants and observers in Budapest, Hungary, from 24-28 June.

Transformation after the fall of communist rule, European integration, and globalization are the three features that presently characterize the Central and Eastern European regions. Sharing his views at the consultation, Slovakian professor Igor Kiss suggested that globalization can either be a sword of Damocles over humankind or the sword with which humankind will cut through the Gordian knot of world economic problems. The world is at a crossroads. That is why the consultation sent a message on globalization to the churches inside and outside the region, as well as to governments and the wider public of the region itself. "Communism depended on unrestricted state planning. Consequently, the unrestrained market mechanism was welcomed by many politicians and social leaders as the path to a better future. They neglected to understand that a market without a social, cultural and institutional framework is bound to fail and destroy the social fabric of society," the message emphasizes. Governments, it says, should prevent global finace from playing the decisive role in national economies since economic globalization in its present form threatens traditional values in the region. The message asks churches in the West to persuade decision-makers to stop the exploitation and exclusion of the majority of countries from decision-making processes.

In 1989, about 14 million people in the former communist bloc lived on less than four dollars a day; by the mid -1990s that number had risen to about 147 million. One thing is certain however: witnessing the poverty of the majority of Eastern European villages, it is no exaggeration to say that the slide of tens of millions of Europeans into poverty may end up costing the European Market more in the long run than any war. Reacting to this assessment, the consultation warned that churches should educate their members to understand how the economy works, to enable them to promote a just economy.

Consultation participants noted that women especially are often excluded from the benefits of society. The world-wide tendency of state "shrinkage" is to the disadvantage of women; health and education cuts, for instance, put additional burdens on their shoulders. Thus what once was mainly characteristic of southern countries has now become a global problem. The participants agreed that governments should promote genuine cooperation between nations and opportunities for communication and common action - that is, another face of globalization.

*(WCC press release : 25 June 2001)*

---

നത്തിന്റെ പ്രശ്നമാണിത്. മാർക്ക് അഞ്ഞൂറിൽ കുറഞ്ഞാൽ എനിക്ക് പുറത്തിറങ്ങാൻ പറ്റില്ല.'' ഇതുകേട്ട മകന് അഞ്ഞൂറ് പേടിസ്വപ്നമായിത്തീരുന്നു. മാതാപിതാക്കളുടെ ഈ ദുരഭിമാനത്തിനും, പൊങ്ങച്ചത്തിനും അറുതി വരുത്തിയില്ലെങ്കിൽ കുട്ടികളൊരിക്കലും ഗതി പിടിക്കില്ല.

കുട്ടികൾക്കു കിട്ടുന്ന ഏതു മാർക്കിനും അവരെ അഭിനന്ദിക്കാനുള്ള വിശാലഹൃദയം മുതിർന്നവർക്കു വേണം. ഡിസ്റ്റിംഗ്ഷൻ കിട്ടിയാലേ അഭിനന്ദനത്തിന് അർഹതയുള്ളുയെന്ന ധാരണയാണ് മാതാപിതാക്കൾക്ക്. 90% വാങ്ങിയ രവി, മാർക്ക് അച്ഛനോട് പറഞ്ഞപ്പോൾ അച്ഛൻ ചോദിച്ചു:, "ക്ലാസ്സിലെ കൂടുതൽ മാർക്ക് എത്രയാണ്"?. തൊണ്ണൂറ്റിനാല്. 'അടുത്ത പ്രാവശ്യം ആ മാർക്ക് വാങ്ങിച്ചോണം'. തൊണ്ണൂറ് വാങ്ങിച്ചിട്ടും അഭിനന്ദനം കിട്ടാത്ത രവി അടുത്ത പ്രാവശ്യം 64% വാങ്ങിച്ച് വൈരാഗ്യം തീർത്തു. പഠിപ്പിക്കുന്ന അദ്ധ്യാപകന്റെ വ്യക്തിത്വമില്ലായ്മ, പഠിപ്പിക്കുന്നതിന്റെ അപാകത ഇവ രണ്ടും കുട്ടികൾക്ക് പരീക്ഷാഭയം ഉണ്ടാക്കാൻ ഹേതുവാണ്. ഒരദ്ധ്യായത്തിലെ ഏതെങ്കിലും ഒരു കണക്ക് ബോർഡിൽ ചെയ്തിട്ട് ബാക്കിയുള്ളതെല്ലാം ഹോംവർക്കായി കൊടുത്ത് തടി തപ്പുന്ന ഒരദ്ധ്യാപകന്റെ കാര്യം വിദ്യാർത്ഥികൾ തമാശയായി പറയുന്നതു കേട്ടു. ഇവിടെ കണക്കും, അതു പഠിപ്പിക്കുന്ന അദ്ധ്യാപകനും, കണക്കു പരീക്ഷയും കുട്ടിക്ക് കീറാമുട്ടിയാകുന്നു.

മാതാപിതാക്കളും, അദ്ധ്യാപകരും ഒരുമിച്ചിരുന്ന് പഠിക്കുകയും, ചർച്ച ചെയ്യുകയും ചെയ്യേണ്ട വിഷയമാണ് പരീക്ഷാഭയം. പരീക്ഷ ഒരു അന്ത്യവിധിയായി വിദ്യാർത്ഥിക്കു തോന്നരുത്, പരീക്ഷ കുട്ടിയ്ക്ക് ഒരുത്സവമാകണം. പഠിത്തത്തിന്റെ ഭാഗം മാത്രമാണ് പരീക്ഷ എന്ന അവബോധം കുട്ടിക്കുണ്ടാകണം. യുദ്ധം ദൈവത്തിനുള്ളതാണെന്ന് നമുക്കറിയാം. പരീക്ഷയും ദൈവത്തിനുള്ളതാണെന്ന ആത്മീയവശം കുട്ടികളുടെ ഉപബോധമനസ്സിൽ വേരൂന്നിയാൽ പ്രശ്നങ്ങളെല്ലാം അവസാനിക്കും. പ്രാർത്ഥനയോടെ പഠിക്കുന്നവർക്ക് പരീക്ഷ ഒരു പേടിസ്വപ്നമാകില്ല.

കേരളത്തിലെ ആദ്യത്തെ
സൂപ്പർ സ്പെഷ്യാലിറ്റി
പ്രകൃതിചികിത്സാകേന്ദ്രം
പമ്പാനദീതീരത്ത്

ആശ്വാസ

എ.എം.എം. പ്രകൃതിചികിത്സാകേന്ദ്രം
മാരാമൺ - 689 548
പത്തനംതിട്ട ജില്ല
ഫോൺ: 0473-660531

# നിനക്കു ദീർഘായുസ്സുണ്ടാകുവാൻ...

പ്രൊഫ. മാത്യു കോശി പുന്നയ്ക്കാട്

**'രുചി'** എൻെറയൊരു അപരനാമമാണ്. കൃപ, തൃപ്തി, സൗമ്യ, ദയ, സ്നേഹ തുടങ്ങിയ ഓമനപ്പേരുകൾ പോലെയൊന്നല്ല എന്റേത്. മാതാപിതാക്കൾ കുഞ്ഞുങ്ങൾക്ക് ചെറുപ്പത്തിൽ ഇടുന്ന പേരിനു ഭാവിയിൽ അവരുടെ ജീവിതവുമായി ബന്ധമുണ്ടാകണമെന്നില്ലല്ലോ. എന്നാൽ എന്റെ പേരും സ്വഭാവവും അനുഭവിച്ചറിഞ്ഞതിൻെറ വെളിച്ചത്തിൽ ജനങ്ങൾ നൽകിയ പേരാണ്, 'രുചി'. എന്റെ സ്വഭാവം ഞാനങ്ങനെ എപ്പോഴും പ്രകടിപ്പിക്കാറില്ല. മറ്റുള്ളവരുടെ കൂട്ടത്തിൽ, മറ്റുള്ളവരിൽകൂടിയേ ഞാനതു പ്രകടിപ്പിക്കാറുള്ളൂ. ഒറ്റയ്ക്കു എനിക്കു യാതൊരു ഗുണവുമില്ല. ചിലർ ചില പ്രസ്ഥാനങ്ങളിൽ വരുമ്പോൾ അതൊരനുഗ്രഹമായിത്തീരുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാവും. അതേ സമയം, മറ്റുചിലർ വന്നു കയറുമ്പോൾ പ്രശ്നങ്ങൾ ആരംഭിക്കയായി. ഞാനാദ്യത്തെ ഗണത്തിൽപ്പെടുന്ന വ്യക്തിയാണെന്നു പറയുന്നത് പൊങ്ങച്ചം പറച്ചിലല്ല. ഞാനാരുടെ കൂടെ കൂടിയാലും അവരുടെ ഗുണങ്ങൾ വർദ്ധിക്കും.

*സാധാരണക്കാർ എന്നെ 'അജിനോമോട്ടോ' എന്നു വിളിക്കും. ശാസ്ത്രവിദ്യാർത്ഥികൾ മോണോ സോഡിയം ഗ്ലൂട്ടമേറ്റ്, അല്ലെങ്കിൽ എം.എസ്.ജി. എന്ന ചുരുക്കപ്പേരിലും വിളിക്കും. രുചികരമായ മീൻകറി, ഇറച്ചിക്കറി തുടങ്ങിയവ പണ്ടു ചില അമ്മച്ചിമാരുടെ പാചക വൈദഗ്ധ്യമായി വിശേഷിപ്പിച്ചിരുന്നു. ഇന്ന് ഇതാർക്കും സാധിക്കുമെന്ന സ്ഥിതിയിലെത്തിയിരിക്കയാണ്. എൻെറ സഹായം മാത്രം മതി.* മീൻകറിയോ ഇറച്ചിക്കറിയോ വയ്ക്കുമ്പോൾ എന്നെ അതിലേക്കിട്ടാൽ ഞാനതിൻെറ രുചി വർദ്ധിപ്പിക്കും. ഏതു പാചകത്തിലും എൻെറ സാന്നിദ്ധ്യം രുചി വർദ്ധിപ്പിക്കുവാൻ സഹായിക്കും. ബിരിയാണി, 'ഫ്രൈഡ് റൈസ്' തുടങ്ങിയവയിൽ എൻെറ സാന്നിദ്ധ്യം കൂടിയേ തീരൂ എന്നു വന്നിരിക്കയാണ്. രുചികരമായ ഭക്ഷ്യവസ്തുക്കൾ ലഭിക്കുവാൻ ഏവർക്കും താത്പര്യം ഉണ്ടെന്നതാണ് അതിനു കാരണം.

അതുകൊണ്ടാണ് രുചികരമായ ഭക്ഷ്യവസ്തുക്കൾ കിട്ടുന്ന ഹോട്ടലുകളിലും ബേക്കറികളിലും വൻ തിരക്കനുഭവപ്പെടുന്നത്. രുചി എവിടെയുണ്ടോ അവിടെ ഞാനുമുണ്ടാകുമെന്നു നേരത്തെ പറഞ്ഞതോർക്കുമല്ലോ. എൻെറ സേവനം അവരെല്ലാം ഉപയോഗപ്പെടുത്തുന്നുവെന്നതാണ് സത്യം. നിസ്വാർത്ഥമായ സേവനം ചെയ്യുന്ന എന്നെ ആരും അഭിനന്ദിക്കുന്നില്ലെന്നതാണ് ഖേദകരം. മാത്രവുമല്ല, എന്നെയിപ്പോൾ ഒരു "വില്ലൻെറ" റോളിലാണ് പലരും കാണുന്നത്. അതെന്താണെന്നറിയാൻ നിങ്ങൾക്കും താത്പര്യം കാണും.

1968-ൽ നടന്ന ഒരു സംഭവം വിവരിക്കാം. അമേരിക്കയിൽ റോബർട്ട് എന്നൊരു ഡോക്ടറുടെ കൈകാലുകൾക്ക് മരവിപ്പനുഭവപ്പെട്ടു. വിദഗ്ധ ഡോക്ടർമാർ പരിശോധിച്ചിട്ടും രോഗം എന്താണെന്നു കണ്ടുപിടിക്കാനായില്ല. ഈയവസരത്തിൽ മറ്റൊരു രോഗിയും ഇതേ രോഗലക്ഷണങ്ങളാൽ അവിടെയെത്തി. രണ്ടു പേരുടെയും പൂർവചരിത്രമന്വേഷിക്കുവാൻ ഡോക്ടർമാർ തയാറായി. ഇരുവരും രുചിയുള്ള ഭക്ഷണത്തിനു വേണ്ടി ഓടി നടക്കുന്നവരായിരുന്നു. രുചിയുള്ള ഭക്ഷണം ലഭിക്കുന്ന ചൈനീസ് റെസ്റ്റോറൻറുകളിൽ നിന്നാണ് ഇവർ ഭക്ഷണം കഴിക്കാറുള്ളത്. ഡോക്ടർമാർ തങ്ങളുടെ ഗവേഷണം ചൈനീസ് റെസ്റ്റോറൻറിലേക്ക് വ്യാപിപ്പിച്ചു. അവിടെ രുചി വർദ്ധിപ്പിക്കുവാൻ ഏതു ഭക്ഷണത്തിൻെറയും കൂടെ 'അജിനോ മോട്ടോ' ചേർക്കാറുണ്ട്. അങ്ങനെയാണ് ഡോ. റോബർട്ടിൻെറ രോഗത്തിൻെറ കാരണക്കാരനായി ഞാൻ തീർന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മറ്റുള്ളവർക്ക് രുചി മാത്രം നൽകിക്കൊണ്ടിരുന്ന ഞാനൊരു 'വില്ലനായി' മാറി. 'ചൈനീസ് റെസ്റ്റോറൻറ് സിൻഡ്രോം' എന്ന പേരിൽ ഈ രോഗം അറിയപ്പെടാനുമിടയായി.

ഇവിടെ എനിക്കൊരു വിശദീകരണം നൽകുവാനുണ്ട്. 'അമിതമായാൽ അമൃതും വിഷം' എന്നു നിങ്ങൾ കേട്ടിട്ടില്ലേ. വളരെ കുറഞ്ഞ അളവിൽ ഞാൻ പ്രശ്നക്കാരനൊന്നുമല്ല. ഇതെൻെറ കാര്യത്തിൽ മാത്രമല്ല, എല്ലാ കാര്യത്തിലും ശരിയല്ലേ? വെള്ളം നല്ലതാണ്. എങ്കിലും, 'വെള്ളം കുടിച്ചു' ചാകുന്നത് കണ്ടിട്ടില്ലേ. ഉപ്പ് നല്ലതാണ്. പക്ഷേ 40 സ്പൂൺ ഉപ്പു കഴിച്ചാലോ? മരണം സുനിശ്ചിതം. ഓരോ വസ്തുവും മനുഷ്യശരീരത്തിൽ കയറിയാൽ പ്രശ്നങ്ങളൊന്നുമുണ്ടാക്കാത്ത ഒരളവുണ്ട്. അതിൽ കൂടിയാൽ അതു മാരകമായി മാറാം. ഇതിനുപയോഗിക്കുന്ന ശാസ്ത്രീയപദമാണ്, 'ടോളറൻസ് ലവൽ'. എനിക്കും ശാസ്ത്രജ്ഞന്മാർ ഒരു 'ടോളറൻസ് ലവൽ' തന്നിട്ടുണ്ട്. ഒരു കിലോഗ്രാം ഭാരത്തിനു 120 മില്ലിഗ്രാം അജിനോ മോട്ടോ പ്രശ്നമല്ല. 50 കിലോഗ്രാം ഭാരമുള്ള ഒരു വ്യക്തിയിൽ 6 ഗ്രാം വരെ അജിനോ മോട്ടോ ഒരു ദിവസം ചെന്നാൽ പ്രശ്നമാവില്ല പോലും.

കടയിൽ നിന്നു വാങ്ങാറുള്ള ഭക്ഷ്യവസ്തുക്കളിൽ ഒരു കുറിപ്പ് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാവും. "12 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ഇതു കൊടുക്കരുത്". ആ ഭക്ഷ്യവസ്തുവിൽ ഞാനുണ്ടെന്നർത്ഥം. കൊച്ചുകുട്ടികളുടെ 'ടോളറൻസ് ലവലിലും' കൂടുതലായി ഞാനതിൽ അടങ്ങിയിരിക്കുന്നതിനാൽ കുട്ടികൾക്കതു ദോഷം ചെയ്യും.

എനിക്കെതിരെ ധാരാളം പ്രചാരണങ്ങൾ നടന്നുവരുന്നുണ്ട്. അത് നിങ്ങളും അറിഞ്ഞിരിക്കണം. കൊച്ചുകുട്ടികളുടെ തലച്ചോറിലെ കോശങ്ങളെ ഞാൻ നശിപ്പിക്കുമെന്നാണ് ഒരുകൂട്ടം ശാസ്ത്രജ്ഞന്മാർ പറയുന്നത്. ചെറുപ്പത്തിലേ ഈ കോശങ്ങളുടെ നാശം ശ്രദ്ധിക്കാതെ പോകുകയും പിന്നീടത് ഗുരുതരമായ ഭവിഷ്യത്തുകൾക്കിടയാക്കുകയും ചെയ്യാം. അതുകൊണ്ട്, മലേഷ്യയിൽ ഞാനടങ്ങിയ ഭക്ഷ്യവസ്തുക്കളിൽ ഒരു കുറിപ്പുണ്ടാവും, "കുട്ടികൾ ഉപയോഗിക്കരുത്." ഇംഗ്ലണ്ടിലും ഇതുപോലൊരു മുന്നറിയിപ്പു കൊടുക്കുന്നുണ്ട്. 1971-ൽ ജപ്പാനിൽ 2.6 ശതമാനം അജിനോ മോട്ടോ ചേർത്ത ഭക്ഷ്യവസ്തുക്കൾ കോഴിക്കുഞ്ഞുങ്ങൾക്ക് നൽകി. ഭൂരിഭാഗവും മൂന്നു ദിവസത്തിനകം ചത്തു. പ്രധാനമായും തലച്ചോറിനെയും ഞരമ്പിനെയുമാണ് ഇതു ദോഷമായി ബാധിക്കുക. 1983-ൽ, ജപ്പാനിൽ നിന്നു പുറത്തുവന്ന ഒരു ഗവേഷണക്കുറിപ്പിൽ എന്നെ കാൻസറിനു കാരണക്കാരനായി വിശേഷിപ്പിച്ചിട്ടുണ്ട്.

'രുചി' എന്ന അപരനാമമുള്ള എൻെറ സ്വഭാവത്തിൻെറ എല്ലാ വശങ്ങളും നിങ്ങൾക്ക് മനസ്സിലായല്ലോ. ആദ്യം ധരിച്ചതുപോലെയല്ല കാര്യങ്ങളുടെ കിടപ്പെന്നും ഇപ്പോൾ മനസ്സിലായില്ലേ. ഓരോരുത്തരെയും അടുത്തറിയുമ്പോഴേ യഥാർത്ഥ സ്വഭാവം മനസ്സിലാക്കാനാവൂ. നാക്കിൻെറ രുചി കാര്യമായി എടുക്കുന്ന ആളാണെങ്കിൽ നിങ്ങൾ രോഗിയാകാൻ സാദ്ധ്യതയുണ്ട്. *പ്രകൃതിയിൽ നിന്നു ലഭിക്കുന്ന ഭക്ഷ്യസാധനങ്ങൾ രാസവസ്തുക്കൾ ചേർക്കാതെ കഴിക്കുന്നതല്ലേ നല്ലത്. നിനക്കു ദീർഘായുസ്സുണ്ടാകുവാൻ പ്രകൃതി തരുന്ന വിഭവങ്ങൾ കൃത്രിമത്വമില്ലാതെ അനുഭവിക്കുക.* അതാണെനിക്കു നൽകുവാനുള്ള ഉപദേശം.

## വനിതകൾക്കു വൈദികപട്ടം കൊടുക്കണോ *(1-ാം പേജ് തുടർച്ച)*

റിയിൽ നിവർന്നു നിന്നു. വൈദികചുമതല ഭരമേറ്റു. അവൾ ക്രൂശിനു സമീപം നിന്നുകൊണ്ട് ബലിമൃഗത്തിന്റെ ചുമതല നിർവഹിച്ചു. യേശുവിനെ ഹൃദയത്തിൽ വഹിച്ചുകൊണ്ട് മധ്യസ്ഥയുടെ കർത്തവ്യം ഏറ്റെടുത്തു.........ഇവയിൽ ആദ്യത്തെ ചുമതല അവൾ അവശ്യം നിർവഹിച്ചേ പറ്റൂ". ഫ്ലോറൻസിലെ സെൻറ് ആന്റോണിനസ് (1389 - 1459) പറയുന്നു. "യേശു ക്രിസ്തുവിന്റെ അവതാരത്തെ സഹായിച്ച ആദ്യവൈദികയായിരുന്നതു പോലെ അവനെ ത്യാഗത്തിനു വിട്ടുകൊടുക്കുന്ന ആദ്യ വൈദികയുമായിരിക്കുമവൾ".

കത്തോലിക്കാസഭയിലുടനീളം നടന്ന പഠനത്തിന്റെ ഫലമായി എത്തിച്ചേർന്ന ചില സാമാന്യ തത്വങ്ങൾ ഇങ്ങനെ: (1) സഭയിൽ വൈദികൻ ഇന്ന് അപ്പവും വീഞ്ഞും ക്രിസ്തുവിന്റെ ശരീരരക്തങ്ങളാക്കി രൂപാന്തരപ്പെടുത്തുകയാണെങ്കിൽ, അതു ശ്രേഷ്ഠമായ രീതിയിൽ നിർവഹിച്ച ആദ്യ വൈദികവനിതയാണ് മേരി. സ്വന്തം ഗർഭാശയത്തിൽ വചനം ജഡമായി ഭവിക്കുവാൻ അവൾ സമ്മതം നല്കുകയായിരുന്നുവല്ലോ. (2) അവൻ സത്യമായി എന്റെ ശരീരത്തിൽ നിന്നുള്ള ശരീരവും എന്റെ രക്തത്തിൽ നിന്നുള്ള രക്തവുമാണെന്ന് ക്രിസ്തുവിനെ ചൂണ്ടിക്കൊണ്ടു പറയുവാൻ മറ്റാരേക്കാളും കൂടുതൽ അർഹതയുള്ളതു മേരിക്കാണ്. (3) ക്രൂശിന്റെ മാർഗത്തിൽ ചരിക്കുകയെന്ന ഹൃദയഭേദകമായ കൃത്യം നിർവഹിക്കുകയും കാൽവറിയിലെ ക്രൂശിൻചുവട്ടിൽ രക്തത്തിൽ കുതിർന്ന പാദം തഴുകുകയും ചെയ്തതിലൂടെ മേരി വൈദികരുടെ രാജ്ഞിയും അതിശ്രേഷ്ഠയായ വനിതാവൈദികനുമായി ഭവിച്ചിരിക്കുന്നു. (4) ഇതെല്ലാം നിർവഹിക്കുന്നതിന് ഒരു സ്ത്രീയെന്ന സ്ഥിതി അവൾക്കു തടസ്സമായിത്തീർന്നില്ലെങ്കിൽ, കർത്താവിനെ പിന്തുടരാൻ വ്യഗ്രതയോടെ അഭിവാഞ്ഛിക്കുന്ന ആധുനിക വനിതയെ മേരിയെപ്പോലെ വൈദികവൃത്തി അനുഷ്ഠിക്കുന്നതിൽ നിന്നു തടസ്സപ്പെടുത്തിക്കൂടാ.

ഗലാത്യർ 3: 27 ൽ വിശുദ്ധ പൗലോസ് പറയുന്നു: "നിങ്ങളെല്ലാവരും ക്രിസ്തുവിൽ സ്നാനമേറ്റ് ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ സ്ത്രീയെന്നോ പുരുഷനെന്നോ ഭേദമില്ല. നിങ്ങളെല്ലാവരും ക്രിസ്തുയേശുവിൽ ഒന്നാണ്"- ലിംഗാടിസ്ഥാനത്തിലുള്ള എല്ലാവിധ വിമോചനങ്ങളെയും തച്ചുടയ്ക്കാനുള്ള ആഹ്വാനം ഇവിടെ അന്തർഭവിച്ചിരിക്കുന്നു. മാമോദീസ സ്വീകരിച്ചിട്ടുള്ള എല്ലാ സ്ത്രീപുരുഷന്മാരെയും വൈദികവൃത്തിയിലേക്കു ആഹ്വാനം ചെയ്യുന്നതാണ് പത്രോസിന്റെ പ്രസ്താവന: (1 പത്രോസ് 2 : 9) : "നിങ്ങളോ ഇരുട്ടിൽ നിന്നു തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ അത്ഭുതപ്രവൃത്തികൾ പ്രഖ്യാപിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ട വർഗവും രാജകീയ പുരോഹിതഗണവും വിശുദ്ധജനതയും, ദൈവത്തിന്റെ സ്വന്ത ജനവുമാകുന്നു.

സഭാപിതാക്കന്മാരുടെ സുവ്യക്തമായ പ്രസ്താവനകൾ യാതൊരു ശങ്കയ്ക്കും അവകാശമില്ലാത്ത രീതിയിൽ സുദൃഢമായി നമ്മുടെ മുമ്പിൽ മലർക്കെ തുറന്നിരിക്കുമ്പോൾ, സഭകൾ ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കുന്ന രീതിയിൽ മുടന്തൻ ന്യായങ്ങൾ എടുത്തു വിതറി ഇനിയും കടമ്പകൾ തീർക്കുന്നത് ക്രിസ്തുവിന്റെ ഹിതത്തിനോ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനോ സുകൃതം ചേർക്കുന്നതല്ല. ഇതുവരെ നടത്തിയ വിവേചനത്തിന്റെ അന്യായമായ ചെറുത്തുനില്പ് കഴിവതും വേഗം അവസാനിപ്പിച്ച്, വനിതകൾക്കും അവരർഹിക്കുന്ന തുല്യ പങ്കാളിത്തം കൊടുക്കണം. അവരുടെ നേർക്കുള്ള അസഹിഷ്ണുതയ്ക്കും വിവേചനത്തിനും ക്ഷമ ചോദിച്ച്, ഈ അക്രൈസ്തവമനോഭാവത്തിന് അറുതിവരുത്തണം. ഇതിനുള്ള വഴികാട്ടിയായി കത്തോലിക്കാ സഭയിലെ വനിതകളുടെ ഉണർന്നെഴുന്നേല്ക്കൽ നാം കാണണം. കേരളത്തിൽ ദക്ഷിണേന്ത്യാസഭയിലെ വനിതകളുടെ പ്രത്യേക ഉത്തരവാദിത്തം ചൂണ്ടിക്കാണിക്കാതെ വിട്ടുകൂടാ. സൗത്ത് കേരള മഹായിടവകയിൽ ആദ്യമായി വൈദികപട്ടം ലഭിച്ച വനിത ശുശ്രൂഷയാരംഭിച്ചിട്ടു പത്തു വർഷം കഴിഞ്ഞിട്ടും ആ സംഭവത്തിന്റെ അനുകരണനമോ ആവർത്തനമോ ഇതര മഹായിടവകകളിൽ ദൃശ്യമാകാത്തത് ദുരൂഹമായിരിക്കുന്നു. കേരളത്തിലെ ഓർത്തഡോക്സു, മാർത്തോമ്മാ സഭകളിലെയും മറ്റു സഭകളിലെയും അഭ്യസ്തവിദ്യരായ വനിതകൾ നൂറ്റാണ്ടുകളിലെ നിദ്രാലസതയും അലംഭാവവും വെടിഞ്ഞ് ഉണരട്ടെ. കത്തോലിക്കാ സഭയിലെ സഹോദരിമാരുടെ നടപടികൾ അവർക്കു പ്രചോദനം നല്കുമെങ്കിൽ നന്ന്.

സ്ത്രീകൾ പുരുഷന്മാരേക്കാൾ താണവരാണെന്നും അവർക്കു പുരുഷന്മാരോടു തുല്യത അവകാശപ്പെടാനാവില്ലെന്നും, മാസമുറ കാരണം അവർ അശുദ്ധരാണെന്നും മറ്റും ആൺകോയ്മ നൂറ്റാണ്ടുകളായി അടിച്ചേല്പിച്ചു പോന്ന വികല ചിന്തകൾ ഇതിനകം തകർന്നടിഞ്ഞു കഴിഞ്ഞു. ബോധമുള്ള മനുഷ്യരാരും ഇന്ന് ഇത്തരം ബാലിശമായ ആരോപണങ്ങളുയർത്താൻ ധൈര്യപ്പെടുകയില്ല. വൈദികവൃത്തി സേവനത്തിനുള്ള ഉപാധിയാണെന്ന കാര്യം ഓർമിച്ചാൽ എതിർപ്പുകൾ അധികപങ്കും കെട്ടടങ്ങും. അധികാരത്തിനുള്ള പോരാട്ടമല്ല വനിതകളുടെ പട്ടത്വമെന്ന പ്രശ്നം ഉയർത്തുന്നത്. പട്ടത്വത്തിൽ നിന്നു വനിതകളെ തടസ്സപ്പെടുത്തുന്നതായി വേദഗ്രന്ഥങ്ങളിലോ പാരമ്പര്യത്തിലോ സാധുവായ വാദഗതികളൊന്നുമില്ലെന്ന് നിഷ്പക്ഷമതികളായ ചിന്തകന്മാരും ദൈവശാസ്ത്രജ്ഞന്മാരും ഇന്നു സമ്മതിക്കുന്നുണ്ട്. കത്തോലിക്കാസഭാംഗമായ അത്മായ ദൈവശാസ്ത്രജ്ഞയും മെഡിക്കൽ ഡോക്ടറും വിശ്രുതയായ ജർണലിസ്റ്റുമായ ആസ്ട്രിഡ് ലോബോ ഗജിവാലയുടെ ഒരു ഉദ്ധരണിയോടുകൂടി ഈ ലേഖനം ഉപസംഹരിക്കട്ടെ. "പട്ടത്വത്തിനു വേണ്ടിയുള്ള സ്ത്രീകളുടെ വാദം അധികാരത്തിനുവേണ്ടിയുള്ള പോരാട്ടമാണെന്നു താറടിച്ചു തള്ളരുത്. "ക്രിസ്തുവിൽ" അവരുടെ സമ്പൂർണ മനുഷ്യത്വം അംഗീകരിക്കപ്പെടണമെന്ന ആഴമേറിയ പ്രശ്നത്തിന്റെ ബഹിർസ്ഫുരണമായി അതിനെ കാണണം."

എം. കുര്യൻ

●

## Wit and Wisdom

- *A dress shop* received this note: "Dear Sir, you have not yet delivered that maternity dress I ordered. Please cancel the order. My delivery was faster than yours".
- *An Executive* was interviewing a lady applicant and remarked: "I see on this form that your birthday is July 22. What year?". "Every year", she replied.
- *Patient:* "Doctor, what I actually need is something to stir me up. Put me in a mood to jump and fight."

  *Doctor:* "No problem. You will do that when you see the bill".
- *Doctor*: The cheque you gave me came back!

  *Patient:* So did my arthritis.
- *Customer:* I'd like to buy the book 'How to become a millionaire overnight'. The clerk went to the back of the shop, returned with two books and started to wrap them.

  *Customer :* 'I only asked for one book.'

  *Clerk:* 'I know, the other one is the Penal Code: We always sell them together'.

*(Collected by K.C.)*



# കാൻസറിനെ അറിയുക

ഡോ. മെറീന രാജൻ ജോസഫ്, കോലഞ്ചേരി

ഞണ്ടിനെപ്പോലെ ഇറുക്കിപ്പിടിക്കുന്നത് എന്ന അർത്ഥമാണ് കാൻസർ (അർബുദം) എന്ന വാക്കിന്. ശരീരത്തിന്റെ ഏത് അവയവത്തിനും ബാധിക്കാവുന്ന രോഗമാണ് കാൻസർ. എന്നാൽ അതിന്റെ വേരുകൾ ചുറ്റുമുള്ള ശരീരഭാഗങ്ങളിലേക്കു ആഴത്തിലോടിയിരിക്കും. അങ്ങനെ ശരീരം മൊത്തത്തിൽ കാൻസറിന്റെ ഫലമായി അവശതയനുഭവിക്കാൻ ഇടയാകുന്നു.

*എങ്ങനെയാണ് കാൻസർ ഉണ്ടാകുന്നത്?*

ശരീരത്തിന്റെ ആരോഗ്യകരമായ നിലനില്പിന് അത്യന്താപേക്ഷിതമായ ഒരു പ്രക്രിയയാണ് കോശങ്ങളുടെ വിഭജനം. ഈ പ്രക്രിയ വളരെ ചിട്ടയോടുകൂടി ക്രമീകരിക്കപ്പെട്ടിരിക്കുന്നു. പുതുകോശങ്ങൾ വളരുമ്പോൾ പഴകിയ കോശങ്ങൾ നിർമ്മാർജനം ചെയ്യേണ്ടതു ആവശ്യമാകയാൽ പ്രകൃതി അത് കൃത്യമായി ക്രമീകരിച്ചിരിക്കുന്നു. ഇവ രണ്ടും സന്തുലിതമായി നടത്തിക്കൊണ്ടുപോകാൻ വേണ്ട അന്തരീക്ഷം ശരീരത്തിലെ വിവിധ രാസപ്രവർത്തനങ്ങൾ വഴിയായി നിലനിർത്തുന്നു. സമയാസമയങ്ങളിൽ ഇവയ്ക്ക് ആവശ്യമായ ഏറ്റക്കുറച്ചിലുകൾ വരുന്നത് എങ്ങനെയാണെന്ന് ഇന്നും നമുക്ക് അജ്ഞാതമാണ്. അതാണ് ജീവന്റെ രഹസ്യം.

കോശവിഭജനത്തിന്റെയും നിർമ്മാർജനത്തിന്റെയും ഈ ചലനം തെറ്റുമ്പോൾ കാൻസർ ഉണ്ടാവുകയായി. നശിക്കേണ്ടത് നശിക്കാതിരിക്കുമ്പോൾ കോശവിഭജനത്തിന്റെ വേഗത കൂടുകയും മുഴകളായി പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. ഇതിനു കാരണമാകുന്ന രാസപ്രക്രിയകൾ അന്തരീക്ഷത്തിൽ നിന്നും ആഹാരത്തിൽ നിന്നും മറ്റും ശരീരത്തിലെത്തുന്ന വസ്തുക്കൾ മുഖേനയാകാം. ഉദാ: പുകയിലയിൽ നിന്ന് നിക്കോട്ടിൻ, വാഹന പുകയിൽ നിന്ന് കാർബൺ മോണോക്സൈഡ്.

*ജനിതക / പാരമ്പര്യ കാരണങ്ങൾ*

പ്രത്യേകതരം കാൻസറുകൾ വരാനുള്ള സാദ്ധ്യത ചിലയാളുകളിൽ കൂടുതലായി കാണുന്നു. ഉദാഹരണത്തിന്, രക്താർബുദം, സ്തനാർബുദം, വൻകുടലിലെ അർബുദം തുടങ്ങിയവയ്ക്ക് സാദ്ധ്യത കൂടുതലുള്ള ആളുകളുടെ ജീനുകളിൽ അതു വ്യക്തമായി കണ്ടെത്താൻ കഴിയുന്നു. മറ്റു കാൻസറുകളുടെ കാര്യത്തിൽ ഇത്രയും വ്യക്തമായിട്ടല്ലെങ്കിലും ഭാഗികമായ സാദ്ധ്യതകൾ ജീനുകളിൽ പ്രകടമാണ്. പൊതുവേ പറഞ്ഞാൽ കുടുംബാംഗങ്ങളിൽ ആർക്കെങ്കിലും പുകയിലജന്യമല്ലാത്ത കാൻസർ വന്നിട്ടുണ്ടെങ്കിൽ, സാദ്ധ്യത കൂടുതലുള്ള വിഭാഗത്തിൽപ്പെടുത്താം.

*ജീവിതസാഹചര്യ കാരണങ്ങൾ*

ജീവിതസാഹചര്യവും രീതികളുമനുസരിച്ച് പലതരം വസ്തുക്കൾ ശരീരത്തിൽ പ്രവേശിക്കാൻ സാദ്ധ്യതയുണ്ടാകുന്നു. ഉദാഹരണം : പുകവലി, റേഡിയേഷൻ, വൈറസുകൾ മുതലായവയുടെ പ്രവർത്തനം കാൻസറിനു കാരണമാകുന്നു. പലതരം കാൻസർ ബാധിച്ച രോഗികളെയും അത്രയും തന്നെ മറ്റുള്ളവരെയും താരതമ്യപാനം നടത്തിയാണ് പുകവലി, മദ്യം, റേഡിയേഷൻ, പ്രത്യേകതരം വൈറസ് ബാധ, നാരു കുറഞ്ഞ ഭക്ഷണരീതി, ശാരീരികാദ്ധ്വാനക്കുറവ് മുതലായവ കാൻസർജന്യങ്ങളാണെന്ന് മനസ്സിലായത്. ഇവയിൽ, പുകയിലയുടെ ഉപയോഗം ഒട്ടുമിക്ക കാൻസറുകൾക്കും പ്രത്യക്ഷമായോ പരോക്ഷമായോ കാരണമാകുന്നു.

*ജനിതകസാഹചര്യ പ്രതിപ്രവർത്തനം*

ജനിതകസാദ്ധ്യതകൾ ഭാഗികമായി പ്രകടമായ ആളുകളിൽ സാഹചര്യസാദ്ധ്യതകൾ ചേർന്നുവരുമ്പോൾ കാൻസർ സാദ്ധ്യത പതിന്മടങ്ങ് വർദ്ധിക്കുന്നു. അതുപോലെ ജനിതകസാദ്ധ്യത പ്രകടമല്ലാത്തവരിൽ സാഹചര്യസാദ്ധ്യതകളുണ്ടെങ്കിൽപോലും ഈ പ്രതിപ്രവർത്തനം ഇല്ലാത്തതിനാൽ കാൻസർ ഉണ്ടാകണമെന്നില്ല. ചിലപ്പോഴൊക്കെ റേഡിയേഷൻ പോലുള്ള സംഗതികൾ ജനിതക മാറ്റങ്ങൾ ഉണ്ടാകുന്നതിനും കാരണമാകാം.

*രോഗപ്രതിരോധശേഷിയും കാൻസറിന്റെ ആവിർഭാവവും*

*ആരോഗ്യം അഥവ സമൃദ്ധമായ ജീവൻ ശരീരത്തിൽ നിലനിർത്തുന്ന പ്രതിഭാസമാണ് രോഗപ്രതിരോധ ശേഷി. മനസ്സും നാഡീ വ്യൂഹവും രക്തചംക്രമണ വ്യവസ്ഥയുമെല്ലാം ചേർന്നാണ് ഈ പ്രതിരോധശേഷി നൽകുന്നത്. അതിനാൽ ഭയം, വെറുപ്പ് തുടങ്ങിയ അടിച്ചമർത്തപ്പെട്ട വികാരങ്ങൾ രോഗപ്രതിരോധശേഷി കുറയ്ക്കുകയും പ്രത്യാശ, സ്നേഹം തുടങ്ങിയ വികാരങ്ങൾ ഇതു വർദ്ധിപ്പിക്കുകയും ചെയ്യുന്നതായി കാണുന്നു.*

കാൻസറുകൾ പൊതുവെ പറഞ്ഞാൽ വാർദ്ധക്യത്തിന്റെ അഥവ ശരീരജീർണതയുടെ ലക്ഷണങ്ങളാണ്. അതായത്, പ്രകൃതിനിയമമനുസരിച്ച് രോഗപ്രതിരോധശേഷി കുറയുമ്പോളുണ്ടാകുന്ന രോഗമാണ് കാൻസർ. ചെറുപ്രായത്തിൽ വരുന്ന കാൻസറുകൾ എല്ലാംതന്നെ ജനിതക സാദ്ധ്യത കൂടുതലുള്ളവയാണ്.

*കാൻസർ തടയാൻ എന്തു ചെയ്യണം?*

കാൻസർ വരാനുള്ള ജനിതകസാദ്ധ്യകൾ തടയുകയെന്നത് ഒരുത്തരുടേയും നിയന്ത്രണത്തിൽ പെട്ടതല്ല. എന്നാൽ കാൻസർ ജന്യമായ ജീവിതസാഹചര്യങ്ങൾ നമുക്കോരോരുത്തർക്കും ഒരു പരിധിവരെയെങ്കിലും നിയന്ത്രിക്കാൻ കഴിയും. ഇവ കഴിയുന്നത്ര ഒഴിവാക്കിയാൽ മിക്ക കാൻസറും തടയാം. പ്രത്യേകിച്ച്, ജനിതക സാദ്ധ്യതകളുള്ളവർ ജീവിതരീതികൾ ക്രമീകരിക്കുകവഴി മദ്ധ്യവയസ്സിനു മുൻപ് കാൻസർ ബാധിക്കുന്നത് തീർച്ചയായും തടയാൻ സാധിക്കും. വാർദ്ധക്യത്തിൽ വരുന്ന കാൻസറുകൾ തടയാൻ പലപ്പോഴും സാദ്ധ്യമല്ലാത്തതിനാൽ അവയെ സമചിത്തതയോടെ നേരിടുകയാണുത്തമം.

*കാൻസർ രോഗനിർണയം*

കാൻസർ എത്ര നേരത്തെ കണ്ടെത്തുന്നുവോ അത്രകണ്ട് സൗഖ്യത്തിനുള്ള സാദ്ധ്യത വർദ്ധിച്ചിരിക്കും. എങ്ങനെയാണ് നേരത്തെ കണ്ടെത്തുക?

● കാൻസർ വരാൻ സാദ്ധ്യതയുണ്ടോയെന്ന് സ്വയം വിലയിരുത്താൻ പഠിക്കുക. ● സ്വയംപരിശോധന സാദ്ധ്യമായ ഇടങ്ങളിൽ അതു ശീലിക്കുക. ഉദാ: സ്ത്രീകൾ സ്വയമായി സ്തനങ്ങൾ പരിശോധിക്കുക. സ്ത്രീകളും പുരുഷൻമാരും കഴലകൾ തടവി പരിശോധിക്കുക. പുകയിലയുപയോഗിക്കുന്നവർ പ്രത്യേകിച്ചും വായ് തുറന്ന് കണ്ണാടിയിൽ നോക്കി കാണുക. ● പതിവിനു വിപരീതമായി സ്വയം പരിശോധനയിൽ കാണുന്ന മാറ്റങ്ങൾ ഡോക്ടർമാരെ കാണിച്ച് വിദഗ്ദ്ധാഭിപ്രായം തേടുക. ● പതിവിൽ കൂടുതൽ തളർച്ചയും ശരീര പ്രവർത്തനങ്ങളിൽ വ്യത്യാസമോ ഉണ്ടായാൽ വൈദ്യപരിശോധന നടത്തുക. ● മദ്ധ്യവയസ്സിനുശേഷം രണ്ടു മൂന്നു വർഷത്തിലൊരിക്കലെങ്കിലും വൈദ്യപരിശോധന നടത്തുക.

*എങ്ങനെയാണ് വിദഗ്ദ്ധ രോഗനിർണയം നടത്തുക?*

സംശയമുള്ള തടിപ്പുകളും മുഴകളും ബയോപ്സി അഥവ സൂചിയുപയോഗിച്ച് നുള്ളിയെടുത്ത് പരിശോധനകൾക്ക് വിധേയമാക്കുന്നു. ലബോറട്ടറിയിൽ പലവിധ പതോളജി പരിശോധനകൾ വഴി കോശങ്ങളുടെ സൂക്ഷ്മപഠനം നടത്തി കാൻസറാണോയെന്നും ആണെങ്കിൽ അതിന്റെ

# കാൻസറുമായി യേശുവിനോടുകൂടെ

ബിഷപ്പ് മാത്യു വട്ടക്കുഴി

പതിനാലു വർഷം കാഞ്ഞിരപ്പള്ളി രൂപതയുടെ ബിഷപ്പായി സേവനം ചെയ്ത ഞാൻ ഇപ്പോൾ വിശ്രമത്തിലാണ്. വിശ്രമമെന്നു പറയുമ്പോൾ വെറുതെയുള്ള കിടപ്പും ഇരിപ്പുമല്ല. ദൈവവുമായുള്ള സമ്പർക്കത്തിലും സംവാദത്തിലും മുഴുകി, പ്രാർത്ഥനാപൂർണമായ ഒരന്തരീക്ഷത്തിൽ ചികിത്സയും മറ്റുമായി കഴിയുന്നു.

ആറു വർഷംമുമ്പ് ഒരു ഓപ്പറേഷനു വിധേയനായപ്പോഴാണ് എന്റെ രോഗം കാൻസറാണെന്നറിയുന്നത്. ഓപ്പറേഷനിലൂടെ അതു പൂർണമായും മാറിയെന്ന വാർത്തയോടൊപ്പമാണ് അക്കാര്യം മനസ്സിലായത്. അതിനാൽ വലിയ ആകുലചിന്തയോ ഉത്കണ്ഠയോ ഉണ്ടായില്ല. പക്ഷേ, പിന്നീടു രോഗത്തിന്റെ തുടർസൂചനകൾ ഉണ്ടാവുകയും എം.ആർ.ഐ. സ്കാനിങ്ങിനും മറ്റും വിധേയനാവുകയും ചെയ്തപ്പോൾ മാനുഷികമായ ഉത്കണ്ഠയും അമ്പരപ്പും എന്നെ ഗ്രസിക്കുകതന്നെ ചെയ്തു. *എന്തുവന്നാലും അതു ദൈവഹിതമാണെന്ന വിധത്തിൽ രോഗത്തെ ഉൾക്കൊള്ളാൻ ശ്രമിച്ചപ്പോൾ വ്യാകുലതകളൊക്കെ വിട്ടുമാറി. ജീവിതത്തിന്റെ സന്ദിഗ്ദ്ധതകളിലും വ്യഥകളിലും ക്രൂശിക്കപ്പെട്ട ക്രിസ്തുവാണല്ലോ നമ്മുടെ ശക്തിയും പ്രത്യാശയുമാകേണ്ടത്. സഹിക്കുന്നവരുടെ ശാന്തിപർവമാണു കാൽവറി.*

കർത്താവു നിശ്ചയിച്ചിരിക്കുന്ന സമയത്തും വിധത്തിലുമുള്ള മരണം പ്രാപിക്കാനുള്ള അനുഗ്രഹം ലഭിക്കണമേയെന്നാണു ഞാനിപ്പോൾ പ്രാർത്ഥിക്കുന്നത്. ഏതു രീതിയിലുള്ള മരണമാണു നമുക്കുണ്ടാവുകയെന്ന് ആർക്കും പ്രവചിക്കാനാവില്ലല്ലോ. അവിടെയാണ്, ക്രിസ്തുവിന്റെ സഹന മനോഭാവവും അവനിലുള്ള പ്രത്യാശയും നമ്മെ മുന്നോട്ടു നയിക്കേണ്ടത്. ഇപ്പോഴും ചില പള്ളികളിലൊക്കെ ഞാൻ സന്ദർശനം നടത്താറുണ്ട്. ചെല്ലുന്നിടത്തൊക്കെ രണ്ടു വാക്കു പറയും. പശ്ചാത്താപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും നോമ്പുകാലം ജീവിതത്തിന്റെ ക്ഷണികത നമ്മെ അനുസ്മരിപ്പിക്കുന്നു. ദൈവോന്മുഖരായി ജീവിച്ച് തമ്പുരാനോടു കൂടുതൽ അടുത്തു നില്ക്കാനുള്ള ആഹ്വാനമാണു ഈ നാളുകൾ ആവശ്യപ്പെടുന്നത്.

വിശന്നു വലഞ്ഞ ഒരു കുറുക്കന്റെ കഥ കേട്ടിട്ടുണ്ട്. ഭക്ഷണ തൊക്കെ ഭക്ഷിച്ചു. പക്ഷേ, പിന്നീടാണ് തനിക്കു പുറത്തിറങ്ങാന കഴിയുന്നില്ലെന്ന് അവൻ മനസ്സിലാക്കുന്നത്. അവനാകെ നിരാശ നായി. അപ്പോൾ അതുവഴി വന്ന ഒരു വയസ്സൻ കുറുക്കൻ അവനു ബുദ്ധി പറഞ്ഞുകൊടുത്തു: "കുറെ നാൾ നീ ഭക്ഷിക്കാതിരിക്കു. പഞ്ഞം പിടിച്ചുകഴിഞ്ഞാൽ നിന്റെ ശരീരം മെലിയും. അപ്പോൾ പുറത്തിറങ്ങാനാവും." നോമ്പുകാലവും നമ്മോടു പറയുന്നതതാണ്. നമ്മുടെ ആസക്തികളെ മനസ്സിലാക്കാനും അവ കുറയ്ക്കാനും വെടിയാനുമൊക്കെയുള്ള അവസരമാണത്. അതു നാം പ്രയോജനപ്പെടുത്തണം.

ഒരു മെത്രാൻ എന്ന നിലയിൽ തിരക്കും പ്രയാസങ്ങളും എനിക്കുണ്ടായിട്ടുണ്ട്. ഇപ്പോൾ അതിൽ നിന്നൊക്കെ ഒഴിഞ്ഞുമാറിയിരിക്കുമ്പോൾ ആശ്വാസവും സ്വാതന്ത്ര്യവുമുണ്ട്. മെത്രാനായിരിക്കെ വിമർശനങ്ങളും പരാതികളും പരിഭവങ്ങളും ഒട്ടൊക്കെ കേൾക്കേണ്ടി വന്നിട്ടുണ്ട്. അതൊക്കെ ദൈവം നല്കിയ കുരിശുകളായിട്ടു മാത്രമേ ഞാൻ ചിന്തിച്ചിട്ടുള്ളൂ. ദൈവത്തിനു നമ്മെക്കുറിച്ച് ഓരോ പദ്ധതികളുണ്ട്. അവ യഥാവിധി നിവർത്തിക്കപ്പെടുക വേണം. ഒരു മെത്രാനാകണമെന്ന് ഞാനൊരിക്കലും അഭിലഷിച്ചിരുന്നില്ല. പക്ഷേ ദൈവത്തിന്റെ പദ്ധതി അതായിരുന്നു. രോഗഗ്രസ്തമായ അവസ്ഥയിൽ മെത്രാൻസ്ഥാനത്തുനിന്നു വിരമിക്കാൻ ഞാനാഗ്രഹിച്ചു. ഇക്കാര്യം റോമിൽ ഉത്തരവാദിത്തപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. ചില സാങ്കേതികകാരണങ്ങളാൽ വിരാമം നീണ്ടുപോയി. അധികാരമൊഴിഞ്ഞപ്പോൾ ആശ്വാസം തോന്നുന്നുവെന്നു പറഞ്ഞാലതു ഭംഗിവാക്കല്ല; സത്യമാണ്. അതുകൊണ്ട്, അധികാരത്തിലിരിക്കുന്നവരോട് എനിക്ക് ഒന്നേ പറയാനുള്ളൂ: കർത്താവ് അഭിലഷിക്കുന്ന വിധത്തിൽ ഭാരം വഹിച്ചു കൊണ്ടുപോകുക, അതു പറ്റുന്നില്ലെങ്കിൽ സ്ഥാനമൊഴിയുക.

*കടപ്പാട്: സത്യദീപം*

---

പ്രവർത്തനസ്വഭാവം എങ്ങനെയെന്നും നിർണയിക്കുന്നു.

***കാൻസർചികിത്സ എങ്ങനെ?***

കാൻസർ ചികിത്സയുടെ അടിസ്ഥാന പ്രമാണം കാൻസറിന്റെ സ്വഭാവത്തെ ആശ്രയിച്ചിരിക്കുന്നു. അതായത് കാൻസർ കോശങ്ങളുടെ പെരുമാറ്റരീതി. ഇത് മനസിലാക്കുന്നത് മുമ്പുപറഞ്ഞ പതോളജി പഠനം മുഖേനയാണ്. ഇപ്പോൾ പതോളജിപഠനത്തോടൊപ്പം പ്രത്യേക രാസപഠനവും കംപ്യൂട്ടർ ഉപയോഗിച്ചുള്ള ശാസ്ത്രീയ അപഗ്രഥനവുമൊക്കെ ലഭ്യമാണ്. ഒരേ അവയവത്തിന് രണ്ടു വ്യക്തികളിൽ കാണുന്ന കാൻസർ വ്യത്യസ്തസ്വഭാവമുള്ളതാകാം. അങ്ങനെ വന്നാൽ, ചികിത്സയും വ്യത്യസ്തമായിരിക്കും.

***അടിസ്ഥാന കാൻസർ ചികിത്സാരീതികൾ***

ശസ്ത്രക്രിയ, കീമോതെറാപ്പി, റേഡിയേഷൻ, ഇവയെല്ലാം ഏറിയും കുറഞ്ഞുമുള്ള അളവിൽ എല്ലാ കാൻസർരോഗികൾക്കും വേണ്ടിവരാം.

***ശസ്ത്രക്രിയ:***

ആധുനിക വൈദ്യശാസ്ത്രത്തിൽ ശസ്ത്രക്രിയയുടെ വളർച്ച, കൂടുതൽ അവയവം മുറിച്ചു മാറ്റുന്നതിൽ നിന്ന് എത്രയും കുറച്ച് മുറിക്കുന്നതിലേക്കാണ്. ട്യൂമറിന്റെ വലിപ്പം കുറയ്ക്കുകയെന്നതാണ് ശസ്ത്രക്രിയയുടെ ഉദ്ദേശ്യം. രോഗം തിരിച്ചറിയുന്ന അവസ്ഥയിൽ കാൻസറിനുണ്ടായ വ്യാപ്തിയനുസരിച്ച് ശസ്ത്രക്രിയയുടെ ആഴവും പരപ്പും വ്യത്യാസപ്പെട്ടിരിക്കും. ഓരോ അവയവത്തിനുമുള്ള ശസ്ത്രക്രിയ്ക്ക് തനതു പ്രത്യേകതകളുണ്ട്.

***കീമോതെറാപ്പി***

രാസവസ്തുക്കൾ കുത്തിവച്ചുള്ള ചികിത്സയാണ് കീമോതെറാപ്പി. ശരീരത്തിൽ ആഴത്തിൽ വേരോടിയിരിക്കാൻ സാദ്ധ്യതയുള്ള കാൻസർ കോശങ്ങളെ ഈ ചികിത്സയിലൂടെ നശിപ്പിക്കാൻ ശ്രമിക്കുന്നു. ചെടികളിൽ നിന്നോ, ബാക്ടീരിയകളിൽ നിന്നോ നിർമിച്ചവയോ, ഹോർമോണുകളോ ഒക്കെ രോഗസ്വഭാവമനുസരിച്ചുപയോഗിക്കുന്നു.

***റേഡിയേഷൻ***

എക്സ്റേ പോലുള്ള നയനഗോചരമല്ലാത്ത രശ്മികളുപയോഗിച്ച് കാൻസർ കോശങ്ങളെ നശിപ്പിക്കുന്ന രീതിയാണിത്. കൂടുതലായി ഇതുപയോഗിക്കുന്നത് ശസ്ത്രക്രിയ അസാദ്ധ്യമായിരിക്കുമ്പോഴോ, അല്ലെങ്കിൽ ട്യൂമറിന്റെ വലിപ്പം കുറച്ചതിനു ശേഷം ശസ്ത്രക്രിയ ചെയ്യാനും മറ്റുമാണ്. ശസ്ത്രക്രിയയ്ക്കു ശേഷം അവശേഷിക്കുന്ന കാൻസർകോശങ്ങളെ നശിപ്പിക്കുന്നതിന് റേഡിയേഷൻ ഉപയോഗപ്പെടുന്നു. ചികിത്സയുടെ പാർശ്വഫലങ്ങൾ, പാലിയേറ്റീവ് കെയർ തുടങ്ങിയ വിഷയങ്ങൾ അടുത്ത ലക്കത്തിൽ.

കേരളത്തിലെ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളെ അധികരിച്ചുള്ള

# പാർശ്വചിന്തകൾ

ഡോ. സി.ജെ. റോയ്

**സങ്കീർത്തനങ്ങൾ പരിചയപ്പെടുത്തുന്ന തരത്തിലുള്ള പച്ചയായ പുല്പുറങ്ങളിലേക്കു നമ്മെ നയിക്കുന്ന സഭയാണു നമുക്കാവശ്യം. അവിടെ ദൈവവുമായുള്ള ബന്ധത്തിൽ സമാധാനപരമായി വളരാൻ കഴിയും, കഴിയണം. സ്വർഗത്തിലേക്കെന്നപോലെ തന്നെ ദുസ്തരമാണ് സമാധാനത്തിലേക്കുള്ള പാതയുമെന്നു മറന്നുകൂടാ.**

## സമാധാനത്തിലേക്കുള്ള പാത

"എല്ലാ സന്തുഷ്ടകുടുംബങ്ങളും ഒരേ തരത്തിലുള്ളവയാണ്; അസന്തുഷ്ട കുടുംബങ്ങളാകട്ടെ, ഓരോ തരത്തിൽ അസന്തുഷ്ടം"- ടോൾസ്റ്റോയിയുടെ അന്നാകരിനിനയെന്ന നോവൽ ഇങ്ങനെയൊരു പ്രസ്താവത്തോടെയാണ് ആരംഭിക്കുന്നത്. സന്തുഷ്ടി എന്നതുകൊണ്ട് സാമ്പത്തികമോ സാമൂഹ്യമോ ആയ ഉന്നതിയല്ല, ആന്തരികമായ സുസ്ഥിതിയാണ് ടോൾസ്റ്റോയ് അർത്ഥമാക്കുന്നത്. ആദ്യം പറഞ്ഞവ വേണ്ടത്ര ഉണ്ടായിരുന്നിട്ടും അവസാനത്തേതിൻെറ അഭാവം അസ്വസ്ഥപൂർണമാക്കിയ കുടുംബബന്ധങ്ങളാണ് നോവലിലെ കേന്ദ്രബിന്ദു. ലെവിൻ എന്ന കഥാപാത്രത്തെപ്പറ്റി പറയുന്നതുപോലെ സ്വയം നിർമിച്ച വ്യാമോഹങ്ങളുടെ വലിയ കുഴികളിൽ നിന്നു കയറിപ്പോകാൻ കഴിയാത്തവർ.

കുടുംബസംബന്ധമായ ഈ നിരീക്ഷണം കുടുംബങ്ങളുടെ കൂട്ടായ്മയായ സഭയ്ക്കും ഇണങ്ങും. ആദിമസഭയിൽ നിന്ന് അകന്നുപോയിരിക്കുന്നുവെങ്കിലും മനുഷ്യമനസ്സിനു ശാന്തിയും സമാധാനവും പകരുകയെന്ന ദൗത്യം വലിയൊരളവിൽ നിർവഹിച്ചു പോരുന്നുണ്ട് ക്രൈസ്തവസഭ. ഓരോരോ കാരണങ്ങൾകൊണ്ട് അത് അസന്തുഷ്ടമാകുന്നു. അതിനു നല്ലൊരു ഉദാഹരണമായിത്തീർന്നിരിക്കുന്നു മലങ്കരസഭ ഇന്ന്. അന്ത്യോഖ്യാ പാത്രിയർക്കീസിനു മലങ്കരസഭയിൽ എത്രത്തോളം അധികാരമുണ്ടെന്ന് ആരോ ഉയർത്തിവിട്ട ചോദ്യം ഒരു നൂറ്റാണ്ടുകാലത്തെ കോടതിവിവാദങ്ങൾക്കുശേഷവും ഉത്തരം കാണാതെ പിളർപ്പിൻെറ വക്കോളമെത്തുന്ന അസന്തുഷ്ടിക്കു കാരണമായി. 'സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിൻെറ പുത്രന്മാരെന്നു വിളിക്കപ്പെടും' എന്ന തിരുവചനത്തെ അടിസ്ഥാനമാക്കി അകത്തും പുറത്തും നടന്ന സമാധാനക്രമങ്ങൾ ആശിക്കുന്ന ഫലം ഉളവാക്കിയില്ല. കരണീയമെന്തെന്നറിയാതെ പകച്ചുനിൽക്കുന്നു വിശ്വാസികളിൽ ഒരു വിഭാഗം. മറ്റു സഭാവിഭാഗങ്ങളിലേക്കു ചേക്കേറുന്നവരും, നിസ്സംഗതയിലും നിശ്ശബ്ദതയിലും അഭയം തേടുന്നവരും ഉണ്ട്. ഇടയ്ക്കിടയ്ക്ക് അന്യമതങ്ങളിൽ പെട്ടവരിൽ നിന്നു പ്രത്യക്ഷമോ പരോക്ഷമോ ആയ പരിഹാസശരങ്ങൾ!

## വിയോജിപ്പിൻെറ ശബ്ദം

പാത്രിയർക്കീസിനു മലങ്കരസഭയിലുള്ള സ്ഥാനം വിവാദവിഷയമായി തുടരുകയും വിവാദത്തിനു വിരാമം കൈവരുന്നതിനുള്ള സാധ്യതകൾ വിരളമായിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കാതോലിക്കാ - പാത്രിയർക്കീസ് വിഭാഗങ്ങൾ വേർപിരിയുക അനിവാര്യമാണെന്നു 'മലങ്കരസഭാദീപം' അഭിപ്രായപ്പെടുന്നു. അതിരൂക്ഷമായ ഭിന്നതകൾ മൂലം പരസ്പരം മുടക്കിയും ശപിച്ചുമാണ് ഇരുവിഭാഗങ്ങളും നിലനിന്നുപോരുന്നത്. യോജിപ്പുണ്ടായാൽത്തന്നെ അതു താൽക്കാലികമായിരിക്കും. ആ നിലയ്ക്കു പരസ്പരം സഹകരിക്കുന്നതും കുർബാനഐക്യം പുലർത്തുന്നതുമായ രണ്ടു സഭകളായി ഇരുവിഭാഗങ്ങൾക്കും നിന്നുകൂടേയെന്നും മലങ്കരസഭാദീപം ചോദിക്കുന്നു. ഓർതഡോക്സ് സഭാ ആക്ഷൻ കൗൺസിലിൻേറതായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന 'നിഷ്ക്രിയ പാപ്പരത്തം അവസാനിപ്പിക്കു' എന്ന പ്രസ്താവനയിലും ഈ സമീപനമാണുള്ളത്. പ്രശ്നങ്ങൾക്കെല്ലാം ഉത്തരവാദിയായി സഭാനേതൃത്വത്തെ കാണുന്നുവെന്നതാണ് എടുത്തുപറയത്തക്ക വ്യത്യാസം.

കാതോലിക്കാ- പാത്രിയർക്കീസ് വിഭാഗങ്ങളുടെ യോജിപ്പിനുവേണ്ടി എക്കാലവും വാദിച്ചിട്ടുള്ള മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത വേർപിരിയലിനെ ദൈവേഷ്ടത്തിനും കോടതിവിധിക്കും വിരുദ്ധമായി കാണുന്നു. ഇരുവിഭാഗങ്ങളും വിശ്വാസപരമായി ഏകമാണെന്നും ഐക്യത്തിനു തടസ്സമായ വൈകാരികവും മനശ്ശാസ്ത്രപരവുമായ ഘടകങ്ങളിൽ മാറ്റം വരാമെന്നും അദ്ദേഹം കരുതുന്നു. (ന്യൂവിഷൻ, ജൂലൈ ലക്കം). യാക്കോബായ സഭാസുന്നഹദോസ് പ്രസിഡണ്ട് തോമസ് മാർ ദിവന്നാസ്യോസിനും വിയോജിപ്പിനേക്കാൾ യോജിപ്പിലാണു താത്പര്യം. കേസുകൾ നിറുത്തിവയ്ക്കുക, പ്രാർത്ഥനായോഗങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയ മാർഗങ്ങളിലൂടെ നിലവിലുള്ള പ്രതിസന്ധിക്കു അയവുവരുത്താൻ ശ്രമിക്കുകയും അവ ഫലപ്രദമല്ലാതെ വന്നാൽ മാത്രം വേർപിരിയുകയും ചെയ്യുക എന്നാണദ്ദേഹത്തിൻെറ നിർദ്ദേശം.

## ഭൂരിപക്ഷവും ന്യൂനപക്ഷവും!

സ്ഥിതിഗതികൾ ശ്രദ്ധാപൂർവ്വം അപഗ്രഥിക്കുന്ന 'ചർച്ച് വീക്ക്‌ലി' ചൂണ്ടിക്കാണിക്കുന്ന വസ്തുതകളിൽ ഏറെ ശ്രദ്ധേയമായ ഒന്ന് ബഹുഭൂരിപക്ഷം ജനങ്ങളും സമാധാനകാംക്ഷികളാണെന്നും വളരെ ന്യൂനപക്ഷമായ നേതാക്കൾ ആളുകളെ വഴിതെറ്റിക്കുന്നുവെന്നുമാണ്. നാഷനൽ കൗൺസിൽ ഓഫ് ചർച്ചസ് പ്രസിഡണ്ട് ഗീവർഗീസ് മാർ കൂറിലോസ് ചർച്ച് വീക്ക്‌ലിയുമായി നടത്തിയ അഭിമുഖത്തിലും ഈ അഭിപ്രായഗതി കാണാം. വ്യത്യസ്ത സഭാവിഭാഗങ്ങൾ തമ്മിലും മതങ്ങൾ തമ്മിലുമുള്ള അർത്ഥപൂർണമായ സംവാദം ഉന്നതതലത്തിലല്ല, അത്മായതലത്തിലാണ് ഉണ്ടാകേണ്ടതെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു.

## ഒഴിവാക്കേണ്ട അപകടങ്ങൾ

സഭകളുടെ ആരോഗ്യകരമായ നിലനില്പ് അഭിമുഖീകരിക്കുന്ന അഞ്ച് അപകടങ്ങളെപ്പറ്റി 'ദി അപ്പർ റൂം വോയ്സ്' (ജൂൺ ലക്കം) മുന്നറിയിപ്പു നൽകുന്നു. *അധികാരകേന്ദ്രീകരണം, സുതാര്യതയുടെ അഭാവം, വലിയവരെന്നും ചെറിയവരെന്നുമുള്ള ഭേദകല്പനകൾ, അമിതമായ ആചാരവിധേയത്വം, സ്നേഹത്തെ പുറന്തള്ളി പ്രതിഷ്ഠിക്കപ്പെടുന്ന ഭയം എന്നിവയാണ് ഈ അപകടങ്ങൾ - സഭാനേതൃത്വത്തിൻെറ ശ്രദ്ധ അവശ്യം പതിയേണ്ടവ.* സങ്കീർത്തനങ്ങൾ പരിചയപ്പെടുത്തുന്ന തരത്തിലുള്ള പച്ചയായ പുല്പുറങ്ങളിലേക്കു നമ്മെ നയിക്കുന്ന സഭയാണു നമുക്കാവശ്യം. അവിടെ ദൈവവുമായുള്ള ബന്ധത്തിൽ സമാധാനപരമായി വളരാൻ കഴിയും, കഴിയണം. ദൈവം നമ്മെ നയിക്കുമ്പോൾ പിന്നിട്ട വഴികളിൽ നമുക്കേറ്റ മുറിവുകൾ ഉണങ്ങത്തക്കവണ്ണം നമ്മുടെ തലകൾ എണ്ണകൊണ്ട് അഭിഷേകം ചെയ്യപ്പെടും. സ്വർഗത്തിലേക്കെന്നപോലെ തന്നെ ദുസ്തരമാണ് സമാധാനത്തിലേക്കുള്ള പാതയുമെന്നു മറന്നുകൂടാ. ●

# നേപ്പാളിന്റെ യാതന

റവ. എ. സി. ഉമ്മൻ, കവിയൂർ

അതിപുരാതന പാരമ്പര്യങ്ങളോടും ആധുനിക ചിന്താഗതികളോടും പൊരുത്തപ്പെട്ടു പോകുവാനുള്ള വിഫലശ്രമമാണ് നേപ്പാളിലെ കിരീടാവകാശിയായ രാജകുമാരനെ മദ്യപാനിയും കൊലപാതകിയുമാക്കിയത്. മന്ത്രവാദികളുടെ നിഷ്ഠൂരമായ അധീനതയിൽ ജീവിച്ച രാജകുടുംബം, താൻ പ്രേമിച്ച യുവതിയെ വിവാഹം ചെയ്യാൻ രാജകുമാരനെ അനുവദിക്കാഞ്ഞതാണ് ഈ ക്രൂരകൃത്യം ചെയ്യാൻ പ്രേരകമായത്. അത്യാധുനിക വിപ്ലവചിന്തകരായ നക്സലൈറ്റുകളും പാരമ്പര്യവിശ്വാസികളായ ഹിന്ദു, ബുദ്ധ മതഭക്തരും തമ്മിൽ സംസ്കാര വൈരുധ്യമാണുള്ളത്.

മറ്റൊരു പ്രശ്നം ഇപ്പോൾ വെളിച്ചത്തുവരുന്നു. കട്മാണ്ടു താഴ്വരയിലെ ദന്തനിർമിതമായ ക്ഷേത്രം, വിദേശസഞ്ചാരികളുടെ ഏറ്റവും പ്രധാനപ്പെട്ട സന്ദർശന കേന്ദ്രങ്ങളിലൊന്നാണ്. കഴിഞ്ഞ ഇരുന്നൂറു വർഷങ്ങളായി, ഒരു പെൺകുട്ടിയെ 'കുമാരി' എന്ന സ്ഥാനപ്പേരിൽ ദേവതയായി ഇവിടെ അവരോധിക്കുന്നു. മൂന്നോ നാലോ വയസ്സുള്ളപ്പോഴാണ് ഈ കുട്ടിയെ തെരഞ്ഞെടുക്കുന്നത്. കൊട്ടാരത്തിലെ പുരോഹിതന്മാർ ഒരു പ്രത്യേക വർഗത്തിൽ നിന്ന് ഈ പൈതലിനെ അന്വേഷിക്കുന്നു. തെരഞ്ഞെടുപ്പുരീതി വളരെ വിചിത്രമാണ്. ഈ പ്രായത്തിലുള്ള പല കുട്ടികളെ കൊട്ടാരത്തിൽ കൊണ്ടുവരുന്നു. അപ്പോൾ ശിര:ഛേദം ചെയ്തു രക്തമൊലിക്കുന്ന പോത്തിന്റെ ശിരസ്സുകൾ നിറഞ്ഞ ഒരു മുറിയിലെ അന്ധകാരത്തിൽ ഈ കുട്ടികളെ ഓരോരുത്തരായി അടയ്ക്കുന്നു. ഭയപ്പെടാതെ ഇറങ്ങുന്ന കുട്ടിയാണ് ദേവതയായി തെരഞ്ഞെടുക്കപ്പെടുന്നത്. പന്ത്രണ്ടു വയസ്സു വരെ പെൺകുട്ടി ദേവതയായി ക്ഷേത്രത്തിൽത്തന്നെ മുഴുവൻ സമയം ചെലവഴിക്കുന്നു. രാജകുടുംബാംഗങ്ങളും ആരാധനയ്ക്കായി വന്നു പൂജയർപ്പിക്കുന്നു. ആയിരക്കണക്കിനു വരുന്ന സന്ദർശകർക്കു ചില സമയം മാത്രം ക്ഷേത്രത്തിന്റെ മേൽത്തട്ടിലുള്ള ബാൽക്കണിയിൽനിന്നു ദർശനം നല്കുന്നു. പന്ത്രണ്ടു വയസ്സാകുമ്പോൾ തിരികെ സാധാരണ ജീവിതത്തിന്നായി ഭവനങ്ങളിലേക്കയയ്ക്കുകയും, പുതിയ പൈതലിനെ ആ സ്ഥാനത്തു പ്രതിഷ്ഠിക്കുകയും ചെയ്യുന്നു. മനുഷ്യാവകാശ സംരക്ഷണസമിതി ഇപ്പോൾ ഗൗരവതരമായ ചില പ്രശ്നങ്ങളുന്നയിക്കുന്നു. മൂന്നു വയസ്സുമാത്രമുള്ള ഒരു പൈതലിനെ മാതാപിതാക്കളിൽ നിന്നും സമപ്രായക്കാരായ മറ്റുകുട്ടികളിൽ നിന്നും വേർപെടുത്തി ഏകാന്തതയിൽ താമസിപ്പിക്കുന്നതു ക്രൂരതയാണെന്നു അവർ വാദിക്കുന്നു. ദേവതയായി കുറേ വർഷം കഴിഞ്ഞ് സാധാരണജീവിതത്തിലേക്കു മടങ്ങുന്ന കുമാരികൾക്കു സാമൂഹ്യസംസ്കാരത്തിൽ ലയിച്ചു ചേരാൻ വളരെ പ്രശ്നങ്ങളുണ്ട്. വിവാഹം അവർക്കു അനുവദിച്ചിട്ടുണ്ടെങ്കിലും സ്വീകരിക്കുവാൻ മനസ്സുള്ള യുവാക്കൾ ചുരുക്കം. ദേവതയെ വിവാഹം ചെയ്താൽ ആയുസ്സു വളരെ ചുരുങ്ങുമെന്ന ധാരണയും പ്രചരിച്ചിട്ടുണ്ട്.

ആധുനിക ചിന്താഗതിയിലും സംസ്കാരത്തിലും എത്തിച്ചേരാൻ നേപ്പാളിലെ യുവതലമുറ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വളരെയാണ്. യുവരാജാവിന്റെ കഠോരയാതന ഒരു ഉദാഹരണം മാത്രമാണ്. പഴയതിനെ നിർമൂലനം ചെയ്ത് അടിസ്ഥാനം തകർന്ന ഒരു കെട്ടിടംപോലെ നിലംപരിശാകുമോയെന്ന ചോദ്യം പലരിലും ഉദിച്ചിട്ടുണ്ട്. സജീവമായ ഒരു ഈശ്വരവിശ്വാസം മാത്രമാണ് പരിഹാരമാർഗം. നേപ്പാളിൽ അങ്ങിങ്ങായി പ്രവർത്തിക്കുന്ന സുവിശേഷകരെയും അവരുടെ പ്രവർത്തനങ്ങളെയും പ്രാർത്ഥനയിലോർക്കണം. നേപ്പാൾ സംസ്കാരത്തിന്റെ അടിസ്ഥാനമൂല്യങ്ങളെ ഗ്രഹിച്ച ആധുനിക ലോകത്തിലേക്കു യുവജനങ്ങളെ കൈപിടിച്ചു നടത്തുന്ന വിശാല മനസ്സും സുവിശേഷ തീക്ഷ്ണതയുമുള്ളവരുമായ പലർ രംഗത്തുണ്ടെന്നുള്ളത് പ്രത്യാശയ്ക്കു വക നൽകുന്നു. ●

# സകലതും പവിത്രമാക്കുന്ന ഗംഗാപ്രവാഹം

ഡോ. ഡി. ബെഞ്ചമിൻ
(പ്രൊഫസർ, മലയാള വിഭാഗം, കേരള യൂണിവേഴ്സിറ്റി)

രണ്ടു കേന്ദ്രമന്ത്രിമാരെയും ജയിൽവിമുക്തരാക്കിയതോടെ ഡൽഹിയിൽ ഉരുണ്ടുകൂടിയ സംഘർഷം പെട്ടെന്നു പെയ്തൊഴിഞ്ഞു. പ്രധാനമന്ത്രിയുടെ ശബ്ദത്തിനും അയവുണ്ടായിരിക്കുന്നു. രണ്ടു ദിവസത്തിനുള്ളിൽ അതിനു വാർത്താമൂല്യം തന്നെ ഇല്ലാതായി. ഒരു സംസ്ഥാന മുഖ്യമന്ത്രി തന്റെ രാഷ്ട്രീയപ്രതിയോഗിയെ വകവരുത്താൻ നടത്തിയ തത്വദീക്ഷയില്ലാത്ത പരാക്രമത്തിനിടയിലാണ് രണ്ടു കേന്ദ്രമന്ത്രിമാർ മർദ്ദിക്കപ്പെടുകയും തുറുങ്കിലടയ്ക്കപ്പെടുകയും ചെയ്തത്. കേന്ദ്രമന്ത്രിമാർ പൊലീസ്കൈയേറ്റത്തിനു വിധേയരാവുകയും ജയിലിലടയ്ക്കപ്പെടുകയും ചെയ്തുവെന്നത് ഇന്ത്യയിലെ ഓരോ പൗരനേയും ലജ്ജിപ്പിക്കേണ്ടതാണ്. ആ അപമാനഭാരം വഹിക്കാൻ അവരും ബാദ്ധ്യസ്ഥരാണ്. അറസ്റ്റിനെ സംബന്ധിച്ച എല്ലാ വ്യവസ്ഥാപിത നിയമങ്ങളും സുപ്രീംകോടതിയുടെ മാർഗനിർദ്ദേശങ്ങളും കാറ്റിൽപ്പറത്തിക്കൊണ്ടുള്ള ഒരു നടപടിയായിരുന്നു അത്. മാധ്യമങ്ങളിൽ ഇക്കാര്യം വിശദമായി ചർച്ചചെയ്യപ്പെടുകയും ചെയ്തു. പക്ഷേ ഒടുവിൽ 'പ്രതി' സ്ഥാനത്തുനില്ക്കുന്ന മുഖ്യമന്ത്രി ഏർപ്പെടുത്തിയ ഒരു ജുഡീഷ്യലന്വേഷണ വാഗ്ദാനത്തിൽ സകലതുമൊതുങ്ങി.

ഇന്ത്യയിൽ ബ്രിട്ടീഷാധിപത്യമുണ്ടായ കാലത്താണ് എല്ലാവരും നിയമത്തിനു മുന്നിൽ തുല്യരാണെന്ന വ്യവസ്ഥ നടപ്പിൽ വന്നത്. പക്ഷേ ഏതു നിയമത്തിനുമതീതരായി ഒരു വരേണ്യവർഗം ഇന്ത്യയിൽ തഴച്ചുവളരുന്നു. അതു രാഷ്ട്രീയക്കാരാണ്. രാഷ്ട്രീയത്തിൽ സ്ഥിരമായ ബന്ധങ്ങളില്ല; സ്ഥിരമായ ശത്രുക്കളുമില്ല. ആരുമായും ഞങ്ങൾക്കു തൊട്ടുകൂടായ്കയില്ല എന്നൊക്കെയുള്ള പ്രസ്താവനകൾ എത്ര അക്ഷോഭ്യരായാണ് നാം കേട്ടിരിക്കുന്നത്. ഈ ഓരോ പ്രസ്താവനയും സാമൂഹികമായ സാന്മാർഗികതയുടെ തിരസ്കാരങ്ങളാണെന്ന് തിരിച്ചറിയാനുള്ള വിവേകം പോലും നമുക്കില്ലാതായിരിക്കുന്നു. പെട്ടെന്നുണ്ടാകുന്നൊരു ക്ഷോഭത്തിന്റെ കൊടുങ്കാറ്റിൽപ്പെട്ട് തിരിച്ചറിവു നഷ്ടപ്പെട്ട ഒരാൾ കൊലപാതകം നടത്തിയാൽ അവൻ വധശിക്ഷയ്ക്കു വിധിക്കപ്പെടും. പക്ഷേ, അധികാരത്തിനോ സമ്പത്തിനോ വേണ്ടി അതു ചെയ്യുന്നതൊരു രാഷ്ട്രീയക്കാരനാണെങ്കിൽ, അതെത്ര കരുതിക്കൂട്ടി ചെയ്തതായാലും, കൊലപാതകമല്ലാതാവും. ബന്ദുകളും ഹർത്താലുകളുമാചരിക്കുന്നതിലൂടെ എട്ടുംപത്തുംപേർ കൊല്ലപ്പെട്ടാൽ, അതിലാർക്കുമില്ല ഉത്തരവാദിത്വം. അതിനു നേതൃത്വം നല്കുന്ന രാഷ്ട്രീയനേതാക്കൾ ഒരാകുലതയും കൂടാതെ ഉറങ്ങുന്നു. ഒരു പ്യൂൺ വാങ്ങുന്ന അഞ്ചുരൂപ കോഴയായി പരിഹസിക്കപ്പെടുമ്പോൾ ഒരു രാഷ്ട്രീയനേതാവിന് കോടികൾ കോഴ വാങ്ങാം! അതിനെന്തുതെളിവുണ്ടായാലും അതു പാർട്ടിഫണ്ടിനുവേണ്ടിയാണെന്നു പറഞ്ഞാൽ സംഗതി വിശുദ്ധമായി! എന്തു തിന്മയും ചെയ്യാനുള്ള അവകാശവുമായി രാഷ്ട്രീയം വളരുന്നുവെന്നല്ല, ഏതു തിന്മയും വിശുദ്ധീകരിക്കുന്ന തീർത്ഥമായി രാഷ്ട്രീയം ആദർശവത്കരിപ്പെടുന്നു എന്നതാണിന്നത്തെ അവസ്ഥ!

മനുഷ്യനെ വിഴുങ്ങിക്കളയുകയും മാനവികമായ സമസ്ത നീതിസങ്കല്പങ്ങളെയും തകർത്തുകളയുകയും ചെയ്യുന്ന അപ്രതിരോധ്യമായ ഒരു കൊളോസസായി രാഷ്ട്രീയം വളർന്നിരിക്കുന്നു. ഉത്പതിഷ്ണുക്കൾ ഇന്നു കലാപം കൂട്ടേണ്ടത് ഏതെങ്കിലും രാഷ്ട്രീയപ്പാർട്ടിക്കെതിരെയല്ല, രാഷ്ട്രീയത്തിനു തന്നെ എതിരെയാണ്. ●

# THE NEW GOSPEL

The 'prosperity gospel' was invented in the latter half of the 20th century by money-loving preachers who had to find some scriptural explanation to justify their extravagant life-styles and the immense amount of wealth that they had accumulated from the tithes and offerings of the devotees. So they hunted up Old Testament promises as the unfailing mark of God's blessing today. And money - loving "believers" gladly lapped up this new gospel.

It will be very difficult for a disciple of Jesus, if he is totally honest and whole- hearted, to become rich through his business in the materialistic world of today. To become a wealthy man, one would have to compromise and also disobey the word of God. "Those who want to get rich fall into temptation and many foolish and harmful desires which plunge men into ruin and destruction" ( 1 Tim. 6:9). One who seeks to be "rich towards God" can never become rich in this world. (Lk. 12:21; 1 Tim. 6:17)

A secular journalist who heard of such a church where the "prosperity gospel" was being preached wanted to find out if this teaching really worked. So he went to the church's parking lot and checked out the makes of the cars parked there. He found that the cars parked in the spots reserved for the Pastor and Assistant Pastor were expensive cars! But most of the other cars were cheap ones. He concluded that the "prosperity gospel" did work, but only for those who lived off the tithes and offerings of the congregation! The rest of the congregation remained in the same condition that they had always been in!



**Christians who pursue after 'Mammon' have plenty of money to travel wherever they like. They also have enough to buy whatever they like. Only lovers of Mammon can afford such expensive habits. But those who have an extravagant life-style can never be witnesses for the Lord in the midst of a suffering world.**

Christians who pursue after 'Mammon' have plenty of money to travel wherever they like. They also have enough to buy whatever they like. Only lovers of Mammon can afford such expensive habits. But those who have an extravagant life-style can never be witnesses for the Lord in the midst of a suffering world.

It could be dangerous to have money far beyond what we need, It was because Jonah had plenty of extra money that he could afford to buy a ticket to go to Tarshish - in plain disobedience to the Lord's command. How safe Jonah would have been from such a temptation if he did not have any excess money available with him.

It was to save His apostles from such temptations that Jesus left them poor in the world. The Lord who made Job, Abraham and David rich could easily have made His apostles rich too. But He did not. Why? The Lord's purposes for the world could never have been fulfilled through a Mammon-loving disciple. One has to choose between God and Mammon. The new Gospel is counterfeit

*(indebted)* **K.C.**

# Religious freedom in Asia - A comparative study

Susan Jacob, Chennai

Secularism in India died a tragic and violent death on December 6th 1992, when Babri Masjid was razed to the ground. Covert attacks on Christians and Christian institutions stood exposed with the hideous incident of the burning of the Australian missionary, Mr. Graham Staines and his sons. Since then, recurring attacks on Muslim and Christian minorities triggered a nationwide debate on "Conversions". Sporadic events throughout the country have made the situation quite tense and explosive, as though everybody is biding time for the final showdown. If this is the case in India where non-violence, tolerance and secularism have been the watchwords of peaceful co-existence, where the Constitution of India guarantees protection of the rights of Minorities, their culture and religious sentiments, what is the situation in other Asian countries? Afghanistan has been in the news for destroying the ancient Bamani idols of Lord Buddha, as worship of idols went against the tenets of Islam. But Afghanistan has indeed been a fanatic fundamentalist nation!. In BANGLADESH, one of the largest Muslim countries in the World, where 95% of its population are Muslims, Islamic fundamentalism is on the rise. The Government has laid political limitations on the the free exercise of religion by enacting laws. The Christian marriage Act, 1947 prohibits Christians marrying Muslims, but does not prevent Muslims from marrying Christians. Though religion is a compulsory subject in School, practically only Islam is being taught.

INDONESIA is the largest Muslim country in Asia. Ethnic and communal violence has created instability in Indonesia and terror among the ethnic and religious minorities. Native Muslims went on a rampage against Christians and Christian Institutions in some of the Islands in Indonesia causing many deaths and damage to property.

PAKISTAN: Though the constitution of Pakistan ensures the right to practise and profess one's religion, religious minorities have been facing discrimination. A separate electoral system based on separate lists of Muslim and Non-Muslim seats in the Legislature, classifies and restricts the right of franchise on religious grounds. A Muslim voter cannot vote for a non-Muslim and likewise a non-Muslim voter cannot vote for his Muslim compatriot. This apartheid mode of electorate renders non-Muslims as second-class citizens, thus socially and politically marginalizing them from the mainstream activities of the country. The Shariah Act, 1991 made it obligatory for the Government to Islamise all vital fields of life including education, economy, judiciary and the mass media. It declares Islamic Shariah as the supreme law of the land and stipulates that all Statute laws shall be interpreted to the edicts of Islam. This has caused serious erosion of the personal freedom of non-Muslims.

**The whole question of religious intolerance is at times politically motivated and most of the time due to the imagined threats faced by the people who profess the religion of the Majority. The revolution has to come from within us, making it possible for a change in attitude from narrow-mindedness to a generous and mature attitude that would promote respect for the "other" person, accepting the rich diversity of culture and tradition as a vital part of this beautiful cosmos.**

MALAYSIA: As conversion from Islam to other faiths is considered un-Islamic, it is practically impossible for a Muslim to embrace any other faith. Therefore, Muslims who have decided to convert to Christianity are in a very sensitive and delicate situation in this country. Obtaining property for religious purposes (worship, burial grounds etc.) has become extremely difficult for other religious communities. Religious instructions in schools are confined to Islam only. However, it should be noted that inspite of this, there is a remarkable spirit of harmony and goodwill among the people living in Malaysia.

THAILAND, MYANMAR, SRILANKA, CAMBODIA AND LAOS

In these Buddhist countries, it is the State's responsibility to protect and foster Buddhism. As a result, other religions suffer discrimination. In Myanmar, foreign missionaries were expelled and all Christian Institutions were nationalised.

NEPAL, the only Hindu Kingdom in the world, is ruled by a Hindu monarch who is considered to be an incarnation of Vishnu, a Hindu God. Conversion and religious propagation are prohibited. Chris-

(Contd..... Page 20)

# NEWS

## FROM HERE AND THERE

## ബിഷപ്പ് തെരഞ്ഞെടുപ്പ്

സി. എസ്. ഐ. മധ്യകേരള മഹായിടവകയുടെ ആറാമത്തെ ബിഷപ്പിനെ തെരഞ്ഞെടുക്കുന്നതിനുള്ള പാനൽ രൂപീകരിക്കാൻവേണ്ടി ഡയോസിസൻ കൗൺസിലിൻെറ ഒരു പ്രത്യേക സമ്മേളനം ഓഗസ്റ്റ് 14 ന് ശ്രീ. വർക്കി ജോർജിൻെറ അധ്യക്ഷതയിൽ കോട്ടയത്തു ചേരും. റവ. ഇ. ജോൺ ഫിലിപ്പോസ് (നെടുങ്ങാടപ്പള്ളി), റവ പി.സി. ജോസഫ് (വെള്ളൂർ), റവ. ഡോ. മാത്യു വർക്കി (ചങ്ങനാശ്ശേരി), റവ. ടി. ഒ. ഉമ്മൻ (പള്ളം), റവ. പി.യു. പൗലൂസ് (ആലപ്പുഴ), വെരി റവ. തോമസ് സാമുവൽ Jr. (കോട്ടയം), റവ. സഖറിയ ഐപ്പ് (ഇലന്തൂർ) എന്നിവരാണ് സ്ഥാനാർത്ഥികൾ. സ്ഥാനാഭിഷേകം ഒക്ടോബർ മാസത്തിൽ നടക്കുവാനാണ് സാദ്ധ്യത.

❖ ❖ ❖

## ബിഷപ്പ് മൂർ കോളജ്

1964 ൽ സ്ഥാപിതമായ മാവേലിക്കര ബിഷപ്പ് മൂർ കോളജിൻെറ നാലാമത്തെ പ്രിൻസിപ്പലായി ഗണിതവിഭാഗം മേധാവി പ്രൊഫ. വിക്ടർ സാം ജൂലൈ 2 ന് സ്ഥാനമേറ്റു. റവ. പ്രൊഫ. കെ. സി. മാത്യു (1964 - '89), പ്രൊഫ. എം. കെ. ചെറിയാൻ (1989 - '96), പ്രൊഫ. മാമ്മൻ വർക്കി ('96 - 2001) എന്നിവരാണ് അദ്ദേഹത്തിൻെറ മുൻഗാമികൾ.

❖ ❖ ❖

## കെ.സി.സി.

കേരള കൗൺസിൽ ഓഫ് ചർച്ചസിൻെറ അടുത്ത മൂന്നു വർഷത്തെ ഭാരവാഹികളായി ബിഷപ്പ് ഡോ. സാം മാത്യു (പ്രസിഡൻറ്), വെരി റവ. കുറിയാക്കോസ് മൂലയിൽ കോറെപ്പിസ്കോപ്പ (ട്രഷറർ ) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. റവ. ഡോ. എ. ടി. ഏബ്രഹാം വിരമിക്കുന്ന ഒഴിവിൽ പുതിയ സെക്രട്ടറിയെ കണ്ടെത്തുവാനുള്ള കമ്മിറ്റിയെയും നിയോഗിച്ചിട്ടുണ്ട്.

❖ ❖ ❖

## മാർത്തോമാ സഭ

മാർത്തോമാ സഭയിലെ എപ്പിസ്കോപ്പമാർ അവരുടെ പേരിനോടൊപ്പം ചേർത്തിരിക്കുന്ന ഭദ്രാസനങ്ങളിൽ ഒക്ടോബർ 1 ന്, പുതിയ ക്രമീകരണപ്രകാരം, ചാർജെടുക്കുന്നതാണ്.

സഖറിയാസ് മാർ തെയോഫിലോസ്
- മദ്രാസ്
ഗീവർഗീസ് മാർ അത്താനാസ്യോസ്
- റാന്നി
യൂയാക്കിം മാർ കൂറിലോസ്
- അമേരിക്ക
ജോസഫ് മാർ ബർന്നബാസ്
- ഡൽഹി
തോമസ് മാർ തിമൊത്തിയോസ്
- മലബാർ
ഐസക് മാർ ഫിലക്സിനോസ്
-കോട്ടയം

❖ ❖ ❖

## സുവിശേഷം പ്രസംഗിക്കാത്ത സഭ അടച്ചുപൂട്ടണം -

*ആർച്ചുബിഷപ്പ് വിൻസെൻറ്*

*സഭ നില്ക്കുന്നതുതന്നെ സുവിശേഷീകരണത്തിനുവേണ്ടിയാണ്. സുവിശേഷം പ്രസംഗിക്കാത്ത സഭ അടച്ചുപൂട്ടുന്നതാണു നല്ലതെന്ന് ഡൽഹിയിലെ കത്തോലിക്കാ ആർച്ചുബിഷപ്പ് വിൻസൻറ് കോൺസെസാവോ അഭിപ്രായപ്പെട്ടു.* സഭയുടെ പ്രവർത്തന മേഖലകൾ എന്തുതന്നെയായാലും സുവിശേഷം പ്രചരിപ്പിക്കുവാനുള്ള ഉപാധിയായി അതൊക്കെ മാറണം. എങ്ങനെയാണ് സുവിശേഷ പ്രഘോഷണം നടത്തേണ്ടത്? നിശ്ശബ്ദമായ സാക്ഷ്യം വഹിക്കൽ തുടങ്ങി പരസ്യമായി നടത്തുന്ന പ്രഘോഷണങ്ങൾ വരെ ഇതിലുൾപ്പെടുന്നു.

❖ ❖ ❖

## ഷാപ്പുകൾ ലേലം ചെയ്യുന്നതിനെ എതിർക്കും

*- മാർ ക്രിസോസ്റ്റം*

സംസ്ഥാനത്തെ കള്ളു സഹകരണ സംഘങ്ങൾ പിരിച്ചുവിട്ട് വീണ്ടും അബ്കാരികളെ വില്പന ഏല്പിക്കുന്നതിനെതിരെ വിവിധ ക്രൈസ്തവ സഭാനേതാക്കൾ രംഗത്തിറങ്ങി. സൊസൈറ്റി വീണ്ടും മണിച്ചന്മാരുടെ കൈകളിൽ ഏല്പിക്കുന്നതിനു തുല്യമായിരിക്കുമെന്ന് മദ്യവിരുദ്ധമുന്നണി കൺവീനർ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമാ മെത്രാപ്പോലീത്ത അഭിപ്രായപ്പെട്ടു.

❖ ❖ ❖

## സഭയുടെ അനിശ്ചിതാവസ്ഥയ്ക്കു കാരണം തോമാശ്ലീഹയുടെ കണ്ണുനീർ

*- മാർ തേവാദോസിയോസ്*


അനുകൂലമായ രണ്ടു കോടതിവിധികൾ തുടർച്ചയായി ലഭിച്ചിട്ടും സഭയുടെ ഇന്നത്തെ അനിശ്ചിതാവസ്ഥയ്ക്കു കാരണം സഭയുടെ കാവൽപിതാവായ തോമാശ്ലീഹയുടെ കണ്ണുനീരാണെന്ന് ഓർത്തഡോക്സ് സഭയുടെ കൊൽക്കത്ത ഭദ്രാസനാധിപൻ ഡോ. സ്തേഫാനോസ് മാർ തേവാദോസിയോസ് പ്രസ്താവിച്ചു. തോമാശ്ലീഹ സ്ഥാപിച്ച ഇൻഡ്യയിലെ സഭയ്ക്കു ചെയ്തുതീർക്കാനുള്ള കടമകളും ഉത്തരവാദിത്തങ്ങളും ഏറെയാണ്. എന്നാൽ അക്കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ സഭയ്ക്കു സാധിക്കുന്നില്ല. സുവിശേഷം കേൾക്കുവാൻ തല്പരരായ അനേകരുണ്ട്. എന്നാൽ പറയുവാൻ ആളില്ലെന്നത് ദുഃഖസത്യമാണ്. പരിശുദ്ധന്മാരുടെ ജീവിതം അവർക്കുവേണ്ടിയോ കുടുംബത്തിനുവേണ്ടിയോ ആയിരുന്നില്ല. അവർ രക്തസാക്ഷിത്വം സ്വീകരിച്ചത് ക്രിസ്തുവിനുവേണ്ടിയായിരുന്നു. എന്നാൽ *ഇന്ന് സ്വാർത്ഥതാത്പര്യങ്ങൾക്കും സ്ഥാനമാനങ്ങൾക്കും വേണ്ടി മാത്രമായി സഭാപ്രവർത്തനം അധഃപതിച്ചുകൊണ്ടിരിക്കുന്നു. അതാണ്, സഭയുടെ ഇന്നത്തെ അനിശ്ചിതാവസ്ഥയ്ക്കും പരാജയത്തിനും സമാധാനമില്ലായ്മയ്ക്കും കാരണം.*

## *Congratulations!*

I am a new subscriber of "New Vision". I am very much impressed by the magazine and the way you deal with social and spiritual issues our people face in their daily life. I wish you all success in your effort to share the love of God through this medium.

*P. V. Chandy, Chicago*

❖ ❖ ❖



## പ്രതികരണങ്ങൾ

### *ദൈവിക കരുതൽ*

"അവർ അപേക്ഷിച്ചത് അവൻ അവർക്കു കൊടുത്തു. എങ്കിലും അവരുടെ പ്രാണനു ക്ഷയം അയച്ചു" (സങ്കീ: 106 : 16). വസ്തുതകളുടെ ക്രമമനുസരിച്ചുനോക്കുമ്പോൾ "ക്ഷയം അയച്ചു" എന്നല്ല, "ക്ഷയം വന്നു" എന്നനുമാനിക്കാം. മരുഭൂയാത്രയിൽ ലഭിച്ച ദൈവിക കരുതൽ കണക്കിടാതെ യിസ്രയേൽജനത ദൈവത്തെ പരീക്ഷിച്ചു. അവർ അപേക്ഷിച്ചതൊക്കെയും അവനവർക്കുകൊടുത്തു. പക്ഷേ അവർ തൃപ്തരായില്ല. യഹോവയുടെ കോപം ജ്വലിക്കുവാൻ അതു ഹേതുവായി. അതിനാൽ "ക്ഷയം" വന്നു. ഭക്തിപ്രസ്ഥാനങ്ങൾ പലതുണ്ട്. ആവശ്യങ്ങൾ സാധിച്ചുതരുന്ന ദൈവത്തെ നേടിത്തരുന്ന സ്ഥലത്തേക്കു നാം വഴുതിപ്പോകാറുണ്ട്. അതായത്, ദൈവത്തേക്കാളുപരി അനുഗ്രഹങ്ങളെയാണ് നാമാഗ്രഹിക്കുന്നത്. ഭൗതികജീവിതത്തിൽ ലഭിക്കുന്ന അനുഗ്രഹങ്ങൾ ആത്മീക ഏകാഗ്രതയ്ക്കു തടസ്സമുണ്ടാക്കുന്നതായിരിക്കരുത്. അതു തിരിച്ചറിഞ്ഞനുഭവിക്കാൻ കഴിയുന്നവർക്കു പ്രശ്നമല്ലായിരിക്കാം. നോമ്പിൽ ചില സഭാവിഭാഗങ്ങൾ വിവാഹം അനുവദിക്കുന്നില്ല. എന്നാൽ പിഴകൊടുത്തു അനുവാദം നേടാം. പക്ഷേ, സാഹചര്യത്തിൻെറ സമ്മർദത്തിൽ കുറ്റബോധമുണ്ടാകുന്നു. ഇതു ക്ഷയമായിത്തീരുന്നില്ലെങ്കിൽ പിന്നെന്താണ്? ഇതിൻെറ കുറ്റക്കാർ ആരാണ്? അനുവദിച്ചുകൊടുത്തവരോ, അതോ അനുഭവിച്ചവരോ.

*ജോൺ സഖറിയ, ചെങ്ങമനാട്*

## Religious freedom... *(Contd from Page 18)*

tians and other minorities are therefore denied full religious freedom and equal status under the Constitution. They are being arrested, harassed in work places and discriminated against by being denied certain rights. The Constitution gives a special place to Hinduism and is silent about all the other religions in the country.

VIETNAM, a communist country, is seen as a testing ground for efforts to overcome the conflict between Communism and Religion.

KOREA, JAPAN and TAIWAN are also States that give constitutional guarantee to religious freedom. Though there are instances of religious intolerance, it does not create serious tension or deep religious conflict.

PHILIPPINES: The Philippines is a democratic republican State and is said to be the only Christian country in Asia. 85% of its population are Christians while the rest are Muslims, Hindus, Buddhists etc. Though it is basically a Catholic country, it is tolerant to other minor religions. The State recognizes the beneficial influence of religion in the enrichment of the nation's life without preference to any particular religion. All religious groups enjoy exemption of real-estate taxes on land and buildings used for religious purposes. Religious and Charitable organizations are exempt from Income-Tax. The constitutional guarantees on religious freedom are strictly adhered to by the State. However, a situation of conflict exists in the Mindanao islands where Islamic groups are leading secessionist movements.

AUSTRALIA and NEW ZEALAND are models of State neutrality. They follow a policy of neutrality towards religions. In Australia, freedom of religion is more of an accepted attitude rather than a legislative right. But it has ratified the UN declarations of human rights and enacted strong anti-discriminatory laws in all States. New Zealand does not have a Constitution as such, but has a "Bill of Rights" in which freedom of religion is provided. New Zealand is now considered to be one of the most secularized countries of the world.

**Conclusion:** Thus a quick run through the Asian experiences vis-a-vis the constitutional guarantees, reveals that the whole question of religious intolerance is at times politically motivated and most of the time due to the imagined threats faced by the people who profess the religion of the Majority. The revolution has to come from within us, making it possible for a change in attitude from narrow-mindedness to a generous and mature attitude that would promote respect for the "other" person, accepting the rich diversity of culture and tradition as a vital part of this beautiful cosmos. In this International Year of Peace and the Decade for overcoming Violence, let this be our collective endeavour.

*( A member of the Orthodox Church, Ms. Susan Jacob has attended several International ecumenical conferences conducted by the NCCI, CCA and WCC)* ●

## കണക്കിലെ കളി

ഗണിതത്തിൽ ഞാനൊരു മണ്ടനായിരുന്നു. ദൈവശാസ്ത്രപഠനത്തിനു പോകാനുള്ള ഒരു കാരണം കണക്കിനോടുള്ള ഭയം തന്നെയായിരുന്നു. 1 + 1 + 1 = 3 ആണെന്നു എല്ലാ കുട്ടികളും പറയുമ്പോൾ എന്നെപ്പോലുള്ള വിഡ്ഢികൾക്കതു മനസ്സിലാകില്ല. ഒന്നും ഒന്നും ഒന്നും കൂടി ചേർന്നാൽ ഞാൻ പറയും അത് വലിയൊരൊന്നാണെന്ന്. ബഷീറിൻെറ ഭാഷയിൽ "ഇമ്മിണി വലിയൊരൊന്ന്". ഈ വിവരമില്ലായ്മ ദൈവശാസ്ത്രപഠനത്തിന് ഒരനുഗ്രഹമായി മാറി. പിതാവും പുത്രനും പരിശുദ്ധാത്മാവും ചേരുമ്പോൾ മൂന്നു ദൈവങ്ങളല്ല, ഒരു ദൈവമാണെന്നു മനസ്സിലാക്കാൻ എനിക്കു വലിയ ബുദ്ധിമുട്ടുണ്ടായില്ല. ഒരു വിധത്തിൽ, കണക്കറിയാൻ പാടില്ലാതെപോയത് എത്ര നന്നായി!

❖ ❖ ❖

## രക്ഷ

ദൈവം തൻെറ സൃഷ്ടിയെല്ലാം കഴിഞ്ഞിട്ട് എല്ലാം നല്ലതെന്നു പറഞ്ഞു. പക്ഷേ, മനുഷ്യനെ സൃഷ്ടിച്ചിട്ട് ദൈവം നല്ലതെന്നു പറഞ്ഞില്ല. മനുഷ്യൻെറ കയ്യിലിരിപ്പു മോശമാണെന്നും, പിന്നീടു ദൈവത്തോടുതന്നെ മറുതലിക്കുമെന്നും ദൈവം കരുതിയിട്ടുണ്ടാവണം. മണ്ണിൽ നിന്നുള്ള അന്യവൽക്കരണം പാപമാണ്. അതുകൊണ്ടാണ് അന്ധനായ മനുഷ്യനെ സൗഖ്യമാക്കാൻ യേശു മണ്ണിൽ തുപ്പി ചേറുണ്ടാക്കി കണ്ണിൽ പുരട്ടിയത്. ഇതൊന്നും ചെയ്യാതെതന്നെ സൗഖ്യമാക്കുവാൻ യേശുതമ്പുരാനു സാധിക്കുമായിരുന്നു. അന്യവൽക്കരിക്കപ്പെട്ട മണ്ണുമായുള്ള ബന്ധം പുനഃസ്ഥാപിക്കുകയെന്നതാണ് യേശു ഈ പ്രവർത്തനത്തിലൂടെ ചെയ്തത്. രക്ഷയെന്നു പറഞ്ഞാൽ എന്താണ്? സ്വർഗത്തിലേക്കു പോകാനുള്ള പാസ്പോർട്ടാണെന്നാണ് പലരും കരുതിയിരിക്കുന്നത്. സ്വർഗം എവിടെയാണ്? അങ്ങ് ആകാശത്തിൽ, വിമാനത്തിൽ യാത്ര ചെയ്തിട്ടുള്ളവർ പറയുന്നതു കേട്ടിട്ടുണ്ട്. അതിനടുത്തുകൂടി അവർ പോയിട്ടുണ്ടുപോലും. രക്ഷയെന്നാൽ എവിടെ നിന്നു സൃഷ്ടിച്ചുവോ അവിടേക്കുള്ള തിരിച്ചുപോകലാണ്.

❖ ❖ ❖

## സ്പോൺസേർഡ് കുർബാനകൾ

കമ്പോളവൽക്കരണത്തിൻെറ ട്രെൻഡു കാണുമ്പോൾ എനിക്കു തോന്നാറുണ്ട്, അതിൻെറ ചലനങ്ങൾ അധികം താമസിയാതെ കുർബാനയിലുമുണ്ടാകുമെന്ന്. അപ്പത്തിനുപകരം ഹാംബർഗറും, വീഞ്ഞിനുപകരം കൊക്കോകോളായും വാഴ്ത്തി ജനങ്ങൾക്കു കൊടുക്കുന്ന കാലം വിദൂരമായിരിക്കയില്ല.

പരിസ്ഥിതി മലിനീകരണം ഏറ്റവും കൂടുതൽ സൃഷ്ടിക്കുന്നത് ക്രിസ്ത്യാനികളാണ്. ഞാൻ എൻെറ ഇടവക ചുമതലക്കാരനോട് പലപ്പോഴും വിയോജിക്കുന്ന ഒരു കാര്യം, ഉച്ചഭാഷിണി വച്ചു കുർബാന ചൊല്ലുന്നതിലാണ്. എൻെറ ഇടവകയിലെ അച്ചൻ ചൊല്ലുന്ന കുർബ്ബാന മാലോകർ മുഴുവൻ കേൾക്കാനായി വെളിയിലോട്ടു വച്ചിരിക്കയാണ്. ഞാനും തിരുമേനിയും (അദ്ധ്യക്ഷത വഹിച്ച യൗസേബിയോസ് മെത്രാപ്പോലീത്ത) പോരാടിക്കൊണ്ടിരിക്കുന്ന രണ്ടു കക്ഷിയിൽ പെട്ടവരാണ്. തൊട്ടപ്പുറത്തുള്ള തിരുമേനിയുടെ പള്ളിക്കാർ ഒട്ടും മോശക്കാരല്ല. അവരും കുർബാന മാലോകരെ കേൾപ്പിക്കുവാൻ ഉച്ചഭാഷിണിയിൽ കൂടെ തട്ടിവിടുകയാണ്. രണ്ടുകൂട്ടരും ചൊല്ലുന്നത് ഒരേ കുർബ്ബാന. ഒരേസമയത്ത് രണ്ടും വായുവിൽ ഏറ്റുമുട്ടുകയാണ്. - ഇതിനാരാണ് ഉത്തരവാദികൾ. ക്രിസ്ത്യാനികളായ നാം തന്നെ. ശബ്ദമലിനീകരണം പോലെ മറ്റനവധി കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനാവും.

❖ ❖ ❖

## സുറിയാനി ക്രിസ്ത്യാനികൾ

സിറിയാക്കാർ യേശുവിൻെറ കാലത്ത് പുറംജാതിക്കാരായിരുന്നു. യഹൂദന്മാർ പുച്ഛത്തോടെ കണ്ടിരുന്നവർ. പക്ഷേ സിറിയൻ വംശപാരമ്പര്യം അവകാശപ്പെടുന്ന കേരളത്തിലെ സുറിയാനിക്രിസ്ത്യാനികളെ ഇവിടെ ഉയർന്ന വംശജരായും ദളിത് ക്രിസ്ത്യാനികളെ താഴ്ന്ന ജാതിക്കാരായും കരുതുന്നു. എന്തൊരു വൈരുദ്ധ്യം!


*ഫാ. ഡോ. ജോർജ് മാത്യു നാലുന്നാക്കൽ*

NEW VISION FOR A CHANGING WORLD
Registered with the Registrar of Newspapers for India under No.KER BIL/2000/1543

August 2001

Annual subscription: Rs.75/-

Postal Regn. No. KL/CR/KTM/362/2001
Licence No.KL/CR/KTM/WPP-088/2001
Licensed to post without pre-payment







Printed & Published by Rev. Prof. K. C. Mathew at Manganam, Kottayam and owned by Rev. Prof. K. C. Mathew, Chairperson, Nava Darshan Trust, Kottayam.
Editor: Prof. Mathew Koshy Punnackad. Printed at Learners' Offset Printers, CMS College Road, Kottayam.